# താമരമൊട്ടുകൾ

വാല്യം 21 | മാർച്ച് 2019 | ലക്കം 3 | Price ₹20






താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

# THAMARAMOTTUKAL

Registered with Registrar of Newspapers of India
| RNI NO. 71212/99 | Date of Publication : 28 - 02 - 2019 |



വി. യൗസേപ്പിതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ...

Printed & Published by Fr. Abraham Kavilpurayidathil, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral, Thamarassery P.O., Kozhikode - 673 573. Editor: Fr. Abraham Kavilpurayidathil.

# Bishop's Programme

## March 2019

| | | |
|---|---|---|
| 01 | 05.30 | Kodenchery |
| 02 | 07.00 | Vilangad |
| | 10.00 | Poozhithode |
| | 16.30 | Pandalloor |
| | 19.00 | Cathedral |
| 03 | 14.30 | Kuravilangad |
| 04 | 06.30 | Cathedral |
| | 10.00 | Thamarassery |
| 05 | 06.30 | PMOC |
| | 10.00 | Thottumukkom |
| 06 | 10.00 | Koorachundu |
| | 18.00 | Paroppady |
| 07 | 10.00 | Kozhikode |
| 08 | 10.00 | Kakkanad |
| 09 | 11.30 | Korangad |
| | 16.00 | Koodaranji |
| | 16.30 | Thiruvambady |
| 10 | | Kuppayakode - Pastoral visit |
| 11 | | Office day |
| | 18.00 | Cathedral |
| 12 | 18.00 | Kodencherry |
| 13 | | Prayer day |
| | 18.00 | Marudonkara |
| 14 | 10.00 | Karuvarakundu |
| | 18.00 | Malappuram |
| 15 | 10.30 | Thalassery |
| 16 | 06.30 | Pullanjimedu |
| | 11.00 | PMOC |
| 17 | 08.00 | Valayam - Pastoral visit |
| | 14.00 | Paloor - Pastoral visit |
| 18 | | Office day |
| | 18.00 | Thiruvambady |
| 19 | 18.30 | Kozhikode |
| 20 | 19.00 | Augustianmuzhi |
| 21 | | Office day |
| 22-23 | | Ernakulam |
| 24 | | Kuttippuram - Pastoral visit |
| 25 | | Office day |
| 26 | 06.30 | PMOC |
| 27 | 17.30 | Valiyakolly |
| 29 | 10.30 | Pulloorampara |
| 31 | | Mankavu - Pastoral visit |

വാല്യം 21 താമരമൊട്ടുകൾ മാർച്ച് 2019 ലക്കം 03

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)




ഇതാണ് എന്റെ കൽപന: ഞാൻ നിങ്ങളെ
സ്നേഹിച്ചതുപോലെ നിങ്ങളും
പരസ്പരം സ്നേഹിക്കണം.
സ്നേഹിതർക്കുവേണ്ടി ജീവൻ
ബലികഴിക്കുന്നതിനെക്കാൾ വലിയ സ്നേഹമില്ല.
(യോഹ. 15:12–13)

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 131 |
| 2. | പ്രോഗ്രാം മാർച്ച് 2019 | 133 |
| 3. | ഇടയലേഖനം -1 | 134 |
| 4. | സർക്കുലർ | 141 |
| 5. | സർക്കുലർ - 2 | 147 |
| 6. | സർക്കുലർ | 150 |
| 7. | കുട്ടികളുടെ കത്ത്- 2 | 159 |
| 8. | കച്ചേരികാര്യം | 163 |
| 9. | വൈദികസമിതി സമ്മേളന റിപ്പോർട്ട് | 166 |
| 10. | രൂപതാദിനം 2019 | 172 |
| 11. | മതബോധനം | 175 |
| 12. | ചെറുപുഷ്പ മിഷൻലീഗ് | 180 |
| 13. | അൽഫോൻസ പാലിയേറ്റീവ് കെയർ | 184 |
| 14. | സെമിനാരി വാർത്തകൾ | 185 |
| 15. | വൊക്കേഷൻ ബ്യൂറോ | 185 |
| 16. | മാതൃവേദി | 186 |
| 17. | പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 187 |
| 18. | കെ.സി.വൈ.എം. | 188 |
| 19. | മദ്യവിരുദ്ധ സമിതി | 191 |
| 20. | ഫാമിലി അപ്പോസ്റ്റലേറ്റ് | 192 |
| 21. | മരിയൻ പ്രോലൈഫ് | 193 |
| 22. | വിൻസെന്റ് ഡി പോൾ | 194 |
| 23. | കമ്മ്യൂണിക്കേഷൻ മീഡിയ | 195 |
| 24. | ആദരാഞ്ജലികൾ | 196 |
| 25. | ലിറ്റർജി കമ്മീഷൻ | 198 |
| 26. | സ്റ്റാർട്ട് | 200 |
| 27. | ആൽഫാ മരിയ അക്കാദമി | 201 |
| 28. | പോപ്പ് ബെനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ട് | 202 |
| 29. | വികസനവേദി | 204 |
| 30. | യേശുനിധി | 206 |
| 31. | അജപാലനക്കുറിപ്പുകൾ | 207 |

# Birth Day Greetings

Rev. Fathers

| | | |
|---|---|---|
| Karottuzhunnalil Jose | March | 1 |
| Panachipuram Mathew | | 3 |
| Thekkumcherikunnel Mathew | | 3 |
| Oliakattil Joseph | | 4 |
| Thoomkuzhy Dominic | | 6 |
| Nandalath Johnson | | 6 |
| Kunnath Joseph | | 7 |
| Munjanattu Mathew | | 10 |
| Thuruthiyil Joseph | | 10 |
| Kothanickal Chacko | | 11 |
| Cheeramattathil Sebastian | | 12 |
| Puthettupadavil Joseph | | 12 |
| Purayidam Antony | | 13 |
| Njezhukumkattil Mathew | | 14 |
| Cheruvelil Mathew | | 15 |
| Chempukandathil Sebastian | | 16 |
| Mannoor Joseph | | 18 |
| Elamthuruthil Joseph | | 21 |
| Pattaniyil Augustine | | 27 |
| Vadakkedom Jose | | 29 |
| Kalathoor Varghese | | 29 |
| Chemplani Kuriakose | | 31 |
| Kochuparambil Thomas | | 31 |

**Mar Remigiose Inchananiyil**

# Feast Day Greetings

## March 19

Rev. Fathers

| | |
|---|---|
| Alappattukottayil Joseph | Maliyeckal Joseph |
| Aranjaniolickal Joseph (Sr.) | Manjakazhakunnel Joseph |
| Aranjaniolickal Joseph (Jr.) | Mannancheril Joseph |
| Chirakandathil Jose | Mannoor Joseph |
| Chundayil Joseph | Mukaleparambil Joseph |
| Elamthuruthil Joseph | Njavallil Jose |
| Ezhanikatt Joseph | Oliakattil Joseph |
| Edakkattil Joseph | Palakattu Joseph |
| Kalappurackal Joseph | Palliyodil Joseph Christie |
| Kalarickal Joseph | Pamplaniyil Joseph |
| Kalathil Joseph | Pennaparambil Jose |
| Kappil Joseph | Poothakuzhy Joseph |
| Karottuzhunnalil Jose | Puthettupadvil Joseph |
| Kanachikuzhiyil Jose | Pulichamakkal Joseph |
| Keelath Joseph | Thekkumkattil Joseph |
| Koonanickal Joseph | Thuruthiyil Joseph |
| Kunnath Joseph | Vadakkedom Jose |
| Kuzhikattumyalil Joseph | Vadakkel Joseph |

**Mar Remigiose Inchananiyil**

# പ്രോഗ്രാം മാർച്ച് 2019

| | | |
|---|---|---|
| 01 | വെള്ളി | ബഥാനിയ : ജാഗരണപ്രാർത്ഥന |
| 02 | ശനി | കെ.സി.വൈ.എം.: പരീക്ഷ ഒരുക്ക സെമിനാർ |
| 03 | ഞായർ | **വലിയ നോമ്പ് ആരംഭം, പേത്തുർത്ത** |
| | | PBI: Course for the Extraordinary Ministers of Holy Communion (Rev. Sisters) (3-4) |
| | | ജീസസ്സ് യൂത്ത്: കൗൺസിൽ മീറ്റിംഗ്, ഹൗസ് ഹോൾഡ് - തിരുവമ്പാടി |
| | | സ്റ്റുവേർഡ്ഷിപ്പ് സെഷൻ 1 - കുന്ദമംഗലം |
| 04 | തിങ്കൾ | **വിഭൂതി,** പ്രീ-കാനാ കോഴ്സ് (4-7) |
| | | ക്രിസ്റ്റീൻ: ആനിമേറ്റേഴ്സ് കൂട്ടായ്മ |
| 05 | ചൊവ്വ | ജീസസ്സ് യൂത്ത്: സോണൽ ഇന്റർസെഷൻ |
| 06 | ബുധൻ | ബഥാനിയ: രൂപത ബൈബിൾ കൺവെൻഷൻ (6-9) |
| 09 | ശനി | PBI: Class for Advanced Diploma Course in Theology |
| 10 | ഞായർ | ജീസസ്സ് യൂത്ത്: പോൾ കോഴ്സ് 1 |
| 12 | ചൊവ്വ | ജീസസ്സ് യൂത്ത്: സിറ്റി ഹൗസ് ഹോൾഡ് |
| 16 | ശനി | ബഥാനിയ: ദിവ്യകാരുണ്യാനുഭവ ധ്യാനം (16-21) |
| 17 | ഞായർ | ജീസസ്സ് യൂത്ത്: സ്റ്റുവേർഡ്ഷിപ്പ് സെഷൻ 2 |
| 19 | ചൊവ്വ | **വി. യൗസേപ്പ്** |
| 23 | ശനി | PBI: Class for Advanced Diploma Course in Theology |
| | | ജീസസ്സ് യൂത്ത്: നേഴ്സസ് മീറ്റ് |
| 24 | ഞായർ | ചരമദിനം: ഫാ. ജോർജ് പരുത്തപ്പാറ |
| 25 | തിങ്കൾ | **മംഗളവാർത്ത തിരുന്നാൾ,** പ്രീ-കാനാ കോഴ്സ് (25-28) |
| 27 | ബുധൻ | കോർഡിനേഷൻ മീറ്റിംഗ് |
| 29 | വെള്ളി | ചരമദിനം: ഫാ. സെബാസ്റ്റ്യൻ കാഞ്ഞിരക്കാട്ടുകുന്നേൽ |
| 30 | ശനി | മലബാർ വിഷൻ എഡിറ്റോറിയൽ മീറ്റിംഗ് |
| | | ബഥാനിയ: ആന്തരികസൗഖ്യ ദൈവാനുഭവധ്യാനം |
| 31 | ഞായർ | ജീസസ്സ് യൂത്ത്: സ്റ്റുവേർഡ്ഷിപ്പ് സെഷൻ 3 |

ഇടയലേഖനം 01/2019

# വിശുദ്ധിയിൽ വളരാൻ നോമ്പുകാലം

കർത്താവിന്റെ ദാസനും ദൈവനിയോഗത്താൽ താമരശ്ശേരി രൂപതയുടെ മെത്രാനുമായ റെമീജിയോസ് ഇഞ്ചനാനിയിൽ തന്റെ രൂപതയിലെ വൈദികർക്കും സന്യാസിനീസന്യാസികൾക്കും ദൈവജനത്തിനുമായി എഴുതുന്നത്.

ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

ദൈവത്തിന്റെ രക്ഷാകര പദ്ധതിയുടെ കേന്ദ്രബിന്ദുവായ പെസഹാരഹസ്യത്തിലെ പീഡാനുഭവം, മരണം, ഉത്ഥാനം എന്നീ സംഭവങ്ങളുടെ ധ്യാനാവസരമായ വലിയനോമ്പിലേക്ക് ഒരിക്കൽകൂടി നാം പ്രവേശിക്കുകയാണ്. മാമ്മോദീസായിലൂടെ മിശിഹായുടെ ശരീരമായ തീർത്ഥാടക സഭയിലെ അംഗങ്ങളായ നാം ഓരോരുത്തരും, പിതാവായ ദൈവത്തിന്റെ ഇഷ്ടത്തിന് സ്വയം സമർപ്പിച്ച ഈശോയുടെ മാതൃക അനുകരിച്ച്, നമ്മുടെ ജീവിതം വഴി അവിടുത്തെ മഹത്വപ്പെടുത്തുവാൻ സാധിക്കുന്നുണ്ടോ എന്ന് ആത്മപരിശോധന നടത്തുവാനും ആവശ്യമെങ്കിൽ തിരുത്തലുകൾ വരുത്തുവാനും നമ്മെ ക്ഷണിക്കുന്നതാണ് ഈ നോമ്പുകാലം. നമ്മിലെ പഴയ മനുഷ്യനിൽ നിന്ന് പുതിയ മനുഷ്യനിലേക്കുള്ള തീർത്ഥാടനമാണ് നോമ്പുകാലത്ത് നടക്കേണ്ടത്. പഴയ ജീവിത രീതിയിൽ നിന്ന് രൂപം കൊണ്ട വഞ്ചന നിറഞ്ഞ ആസക്തികളാൽ കലുഷിതമായ പഴയ മനുഷ്യനെ ദൂരെയെറിഞ്ഞ്, നവീകരിക്കപ്പെട്ട, വിശുദ്ധിയിലും നീതിയിലും ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട, പുതിയ മനുഷ്യനെ ധരിക്കുവാനുള്ള അമ്പതു ദിവസങ്ങൾ നമുക്ക് ഒരിക്കൽകൂടി നൽകപ്പെട്ടിരിക്കുകയാണ്.

'ആനന്ദിക്കുവിൻ ആഹ്ലാദിക്കുവിൻ' എന്ന തന്റെ അപ്പസ്തോലിക പ്രബോധനത്തിൽ നാം എല്ലാവരും വിശുദ്ധിയിൽ ജീവിക്കാൻ കടപ്പെട്ടവരാണെന്നും വിശുദ്ധി എന്നത് ഏതാനും അസാധാരണ വ്യക്തികൾക്കുമാത്രം കരഗതമാകുന്ന ഒന്നാണെന്നുള്ള തെറ്റിദ്ധാരണ തിരുത്തി, തിരുസഭയുടെ ആകർഷ മുഖമായ വിശുദ്ധി നമ്മിലൂടെ തിളങ്ങുവാൻ ഓരോ വ്യക്തിയും പരിശ്രമിക്കണമെന്നും ഫ്രാൻസിസ് മാർപ്പാപ്പ ഉദ്ബോധിപ്പിക്കുന്നു (G.E.9). നാം എവിടെ ആയിരുന്നാലും സ്നേഹത്തിലധിഷ്ഠിതമായ ജീവിതം നയിക്കുകയും എല്ലാറ്റിലും സാക്ഷ്യം വഹിക്കുകയും ചെയതാൽ മതിയെന്ന് (G.E.14). മാർപ്പാപ്പ നമ്മെ ഓർമ്മിപ്പിക്കുന്നു. പരിശുദ്ധാത്മാവിന്റെ ശക്തിയാലാണ് നമുക്ക് വിശുദ്ധിയിൽ ജീവിക്കുവാൻ സാധിക്കുന്നത്. അനുദിന ജീവിതത്തിലെ ഓരോ പ്രവർത്ത

നവും വിശുദ്ധിയിലേക്കുള്ള വാതിൽ തുറന്നിടുന്നുണ്ട് എന്ന് തിരിച്ചറിഞ്ഞ് ആത്മാവിന്റെ പ്രചോദനമനുസരിച്ച് പ്രവർത്തിക്കുന്നതാണ് ശരിയായ ആദ്ധ്യാത്മികത.

പഴയ നിയമത്തിൽ, നേതാക്കാന്മാരെ അയച്ച് വാഗ്ദത്ത ഭൂമിയെപ്പറ്റി പഠിക്കുവാൻ യഹോവ മോശയോട് ആവശ്യപ്പെട്ടു. നാൽപ്പതു ദിവസത്തെ രഹസ്യ നിരീക്ഷണത്തിനുശേഷം തിരികെ വന്നവരിൽ ഭൂരിഭാഗവും വാഗ്ദത്തഭൂമിയിൽ പ്രവേശിക്കുന്നതിനെ നിരുസ്ത്സാഹപ്പെടുത്തി. അവർ പറഞ്ഞു. ജനങ്ങൾ മല്ലന്മാരാണ്. അവർ നമ്മെ വിഴുങ്ങും എന്നൊക്കെ. എന്നാൽ ജോഷ്വായും കാലബും പറഞ്ഞു, വാഗ്ദത്ത ഭൂമി നല്ലതും മനോഹരവുമാണ്. അത് കൈവശമാക്കുന്നത് ആഹ്ലാദകരവും ആനന്ദദായകവുമാണ്' (സംഖ്യ 13). ഇതുപോലെ വിശുദ്ധിയെ തകർക്കാനും, ഭീതിപ്പെടുത്താനും പിൻതിരിപ്പിക്കാനും നിഷേധാത്മകശക്തികൾ പരമാവധി പരിശ്രമിക്കും. എന്നാൽ വിശുദ്ധി ജീവിതത്തിൽ ഏറ്റവും ആനന്ദം നൽകുന്നതാണ്. വചനത്തിലൂടെ, വിശുദ്ധരുടെ ജീവിതത്തിലൂടെ, പ്രബോധനങ്ങളിലൂടെ പരിശുദ്ധാത്മാവ് നമ്മെ ഇത് പഠിപ്പിക്കുന്നു. വി. ഫ്രാൻസിസ് സാലസ് ഇപ്രകാരം എഴുതുന്നു. ദൈവസ്നേഹം പാലാണെങ്കിൽ വിശുദ്ധി അതിന്റെ വെണ്ണയാണ്. അതൊരു ചെടിയാണെങ്കിൽ വിശുദ്ധി അതിന്റെ പുഷ്പമാണ്. അതൊരു രത്നമാണെങ്കിൽ വിശുദ്ധി അതിന്റെ തിളക്കമാണ്. അതൊരു സുഗന്ധദ്രവ്യമാണെങ്കിൽ വിശുദ്ധി അതിന്റെ പരിമളമാണ് (ഭക്തജീവിത പ്രവേശിക പേജ് 7). ഓരോ ചെടിയും അതിന്റെ ഫലം പുറപ്പെടുവിക്കണമെന്ന് സൃഷ്ടി സമയത്ത് ദൈവം കൽപ്പിച്ചു. അതുപോലെ ഓരോ ക്രിസ്ത്യാനിയും വിശുദ്ധിയുടെ ഫലം പുറപ്പെടുവിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. സമ്പന്നനും, തൊഴിലാളിയും, അധികാരിയും, വിധവയും, യുവതിയും, ഭാര്യയും, ഭർത്താവും മുതിർന്നവരും കുട്ടികളും, എല്ലാവരും വിശുദ്ധിയ്ക്കുവേണ്ടി പരിശ്രമിക്കേണ്ടത് അവരവരുടെ സാഹചര്യമനുസരിച്ചാണ്.

വിശുദ്ധിയുടെ തിളക്കം നഷ്ടപ്പെടുത്തുന്നതാണ് പാപം. വചനം പഠിപ്പിക്കുന്നു: "നിന്റെ അകൃത്യങ്ങൾ നിന്നെയും ദൈവത്തെയും തമ്മിൽ അകറ്റിയിരിക്കുന്നു; നിന്റെ പാപങ്ങൾ അവിടുത്തെ മുഖം നിന്നിൽനിന്നു മറച്ചിരിക്കുന്നു. അതിനാൽ അവിടുന്ന് നിന്റെ പ്രാർത്ഥന കേൾക്കുന്നില്ല" (ഏശ. 59:2). നോമ്പുകാലം നമ്മുടെ പാപങ്ങൾ തിരിച്ചറിഞ്ഞ് അവ ഏറ്റുപറഞ്ഞ് ദൈവസ്നേഹത്തിലേക്ക് തിരികെ വരുവാൻ ലഭിക്കുന്ന വലിയ അവസരമാണ്. വിശുദ്ധിയിൽ ജീവിക്കുവാൻ നമുക്ക് ശക്തമായ പ്രചോദനം നൽകുന്നത് സ്വർഗ്ഗരാജ്യം സമീപത്തുണ്ട് എന്ന ചിന്തയാണ്. യേശുവിന് വഴിയൊരുക്കിയ സ്നാപകയോഹന്നാൻ പ്രസംഗിച്ചു, "മാനസാന്തരപ്പെടുവിൻ സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു (മത്താ. 3:1). യേശു സുവിശേഷ പ്രഘോഷണം ആരംഭിച്ചത് "മാനസാന്തരപ്പെടുവിൻ, സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു" എന്നാഹ്വാനം ചെയ്തുകൊണ്ടാണ് (മത്താ. 4:17). അപ്പസ്തോലന്മാരും അതുതന്നെയാണ് ചെയ്തത്. വചനം കേട്ട് ഹൃദയം നുറുങ്ങിയവർ അപ്പസ്തോലന്മാരോട് ചോദിച്ചു ഞങ്ങൾ എന്താണ്

ചെയ്യേണ്ടത്? അതിനുള്ള മറുപടി "നിങ്ങൾ പശ്ചാത്തപിക്കുവിൻ എന്നായിരുന്നു" (അപ്പ. 2:38). ഈ നോമ്പുകാലത്ത് കർത്താവിനോട് ചോദിക്കേണ്ട ചോദ്യം ഇതു തന്നെയാണ്. "ഞങ്ങൾ എന്താണ് ചെയ്യേണ്ടത്?". വചനം പഠിപ്പിക്കുന്നു: "എങ്കിലും നിനക്കെതിരെ എനിക്കൊന്നു പറയാനുണ്ട്. നിനക്ക് ആദ്യ മുണ്ടായിരുന്ന സ്നേഹം നീ കൈവെടിഞ്ഞു. അതിനാൽ നീ ഏതവസ്ഥയിൽ നിന്നാണ് അധഃപതിച്ചതെന്നു ചിന്തിക്കുക. അനുതപിച്ച് ആദ്യത്തെ പ്രവർത്തികൾ ചെയ്യുക" (വെളി. 2:4-5). "ജീവന്റെ വൃക്ഷത്തിന്മേൽ അവകാശം ലഭിക്കാനും കവാടങ്ങളിലൂടെ നഗരത്തിലേക്ക് പ്രവേശിക്കാനും തങ്ങളുടെ അങ്കി കൾ കഴുകി ശുദ്ധിയാക്കുന്നവർ ഭാഗ്യവാന്മാർ" (വെളി. 22:14). വിശുദ്ധിക്കു ചേരാത്ത പ്രവർത്തികൾ പൂർണ്ണമായി തിരുത്തി ദൈവസ്നേഹത്തിലേക്കു തിരികെവരാനുള്ള പരിശ്രമം ഈ നോമ്പുകാലത്ത് നടപ്പിലാക്കാം. എല്ലാവരും വിളിക്കപ്പെട്ടിരിക്കുന്നത് വിശുദ്ധിയിലേക്കാണ്. അതിന്റെ ആത്മാവ് ദൈവസ്നേഹ മാണ്. ജീവിതത്തിന് ഒരു ദൗത്യമുണ്ട് എന്നല്ല മറിച്ച് വിശുദ്ധമായ ജീവിതം തന്നെ ഒരു ദൗത്യമാണ് എന്ന് നമുക്ക് തിരിച്ചറിയാം.

നമ്മുടെ പാപങ്ങൾ തിരിച്ചറിഞ്ഞ് ദൈവസ്നേഹത്തിലേക്ക് തിരികെ വരു മ്പോൾ നമ്മുടെ ആത്മാർത്ഥതയെ ദൈവം സ്നേഹിക്കും. നമ്മുടെ അകൃത്യ ങ്ങൾ അവിടുന്നു ക്ഷമിക്കും. യഥാർത്ഥ സമാധാനം നമുക്കു ലഭിക്കുകയും ചെയ്യും. നമ്മുടെ എല്ലാ പ്രവർത്തികളും കണ്ടുകൊണ്ടിരിക്കുന്നവനാണ് ദൈവം. അവിടുത്തെ സന്നിധിയിൽ നിന്ന് ഒന്നും ഒളിച്ചു വയ്ക്കാൻ സാധിക്കില്ല. പാപം ചെയ്യുന്ന വ്യക്തിയുടെ ചിന്തകൾ പ്രഭാഷകന്റെ പുസ്തകം പങ്കുവെയ്ക്കുന്നു. "വിവാഹ ഉടമ്പടി ലംഘിക്കുന്നവൻ ആത്മഗതം ചെയ്യുന്നു: ആരാണ് എന്നെ കാണുക? ഇരുട്ട് എനിക്കു മറയാണ്. ഭിത്തികൾ എന്നെ ഒളിപ്പിക്കുന്നു, ആരും എന്നെ കാണുന്നില്ല. ഞാൻ എന്തിനു പേടിക്കണം? അത്യുന്നതൻ എൻെറ പാപങ്ങൾ പരിഗണിക്കുകയില്ല" (പ്രഭാ. 23:18). എന്നാൽ, വചനം നമുക്കു ശക്തമായ മുന്നറിയിപ്പു നൽകുന്നു. "കർത്താവിന്റെ കണ്ണുകൾ സൂര്യനെക്കാൾ പതിനായിരം മടങ്ങ് പ്രകാശമുള്ളതാണെന്ന് അവൻ അറിയുന്നില്ല. അവിടുന്ന് മനുഷ്യന്റെ എല്ലാ മാർഗ്ഗങ്ങളും നിരീക്ഷിക്കുകയും നിഗൂഢ സ്ഥലങ്ങൾ കണ്ടു പിടിക്കുകയും ചെയ്യുന്നു" (പ്രഭാ. 23:19).

നാം പാപങ്ങൾ മറച്ചുവക്കാതെ കുമ്പസാരത്തിലൂടെ കർത്താവിനോട് ഏറ്റു പറയുമ്പോൾ അവിടുന്ന് നമ്മെ ആത്മീയമായും ഭൗതികമായും അനുഗ്രഹി ക്കും. സങ്കീർത്തകൻ നമ്മെ പഠിപ്പിക്കുന്നു "ഞാൻ പാപങ്ങൾ ഏറ്റു പറയാതി രുന്നപ്പോൾ ദിവസം മുഴുവൻ കരഞ്ഞ് എന്റെ ശരീരം ക്ഷയിച്ചുപോയി. .... എന്റെ പാപം അവിടുത്തോടു ഞാൻ ഏറ്റു പറഞ്ഞു. എന്റെ അകൃത്യം ഞാൻ മറച്ചുവച്ചില്ല. എന്റെ അതിക്രമങ്ങൾ കർത്താവിനോടു ഞാൻ ഏറ്റുപറയും എന്നു ഞാൻ പറഞ്ഞു. അപ്പോൾ എന്റെ പാപം അവിടുന്നു ക്ഷമിച്ചു" (സങ്കീ. 32:3-5). സുഭാഷിതത്തിൽ നാം വായിക്കുന്നു "തെറ്റുകൾ മറച്ചു വയ്ക്കുന്നവന് ഐശ്വര്യം ഉണ്ടാവുകയില്ല. അവ ഏറ്റു പറഞ്ഞ് പരിതപിക്കുന്നവന് കരുണ ലഭിക്കും (സുഭാ. 28:13).

വിശുദ്ധിയിൽ ജീവിക്കുന്നവർക്ക് കർത്താവ് ശക്തമായ സംരക്ഷണം നൽകുമെന്ന് നാം തിരിച്ചറിയണം. മക്കബായ വിപ്ലവകാലഘട്ടത്തിൽ ഇസ്രായേലിനെ ഉന്മൂലനം ചെയ്യാൻ പരിശ്രമിച്ച ശത്രുരാജ്യത്തിലെ രാജാക്കന്മാരുടെ നീക്കങ്ങളിൽ ഭയപ്പെട്ട ഇസ്രായേൽ ജനത്തെ ധൈര്യപ്പെടുത്തിക്കൊണ്ട് മക്കബേയൂസ് പറഞ്ഞു: "ഭയപ്പെടേണ്ട, അവർ ആയുധത്തിലും സാഹസകൃത്യങ്ങളിലും ആശ്രയിക്കുന്നു. നമുക്കെതിരേ വരുന്ന ശത്രുക്കളെയും ലോകം മുഴുവനെത്തന്നെയും അംഗുലീചലനം കൊണ്ടു തറപറ്റിക്കാൻ കഴിയുന്ന സർവ്വശക്തനായ ദൈവത്തിലാണ് നമ്മുടെ പ്രത്യാശ" (2 മക്ക. 8:18). കൊട്ടാരവിപ്ലവത്തിൽ രാജ്യം നഷ്ടപ്പെട്ട് പലായനം ചെയ്യുന്ന ദാവീദിന്റെ പ്രാർത്ഥന ദൈവം എപ്രകാരം ശ്രവിച്ചു എന്ന് അവിടുത്തെ കാരുണ്യത്തിൽ ആശ്രയിക്കാൻ നമുക്ക് പ്രത്യാശ നൽകുന്നു. ദാവീദ് പ്രാർത്ഥിക്കുന്നു: "കർത്താവേ, അഹിഥോഫെലിന്റെ ആലോചന വ്യർത്ഥമാക്കണമേ". അഹിഥോ ഫെൽ ദാവീദ് രാജാവിന്റെ ആലോചനാസംഘത്തിലെ അംഗവും അടുത്ത സുഹൃത്തുമായിരുന്നു. രാജാവിന്റെ മകൻ അബ്സലോമിന്റെ കൊട്ടാര വിപ്ലവത്തിൽ അഹിഥോഫെൽ കൂറുമാറി അബ്സലോമിനോടൊപ്പം ചേർന്നു. പലായനം ചെയ്യുന്ന ദാവീദ് തന്റെ വിശ്വസ്തനായിരുന്ന സുഹൃത്ത് കൂറുമാറിയതറിഞ്ഞ് ഹൃദയം തകർന്നു. അഹിഥോഫെലിന്റെ ബുദ്ധികൂർമത നന്നായി അറിയാമായിരുന്ന ദാവീദ് ഇപ്രകാരം പ്രാർത്ഥിച്ചു. "കർത്താവേ അഹിഥോഫെലിന്റെ ആലോചന വ്യർത്ഥമാക്കണമേ". രാജാവിന്റെ ഹൃദയം തകർന്നുള്ള വിളി ദൈവത്തിന്റെ പക്കലെത്തി. ദാവീദിനെ വധിക്കുവാൻ അഹിഥോഫെൽ നൽകിയ കൃത്യമായ പദ്ധതി അബ്സലോം തള്ളിക്കളഞ്ഞു. കാരണം അഹിഥോഫെൽ നല്കിയ ഉപദേശം സ്വീകരിക്കപ്പെടാതിരിക്കുവാൻ കർത്താവ് നിശ്ചയിച്ചിരുന്നു. തെറ്റായ ഉപദേശം സ്വീകരിച്ച് അബ്സലോമും അഹിഥോഫെലും ഹീനമായ മരണത്തിന് കീഴടങ്ങി (2 സാമു. 15:30). തകർച്ചകളിൽ, വേദനകളിൽ, നിരാശയിൽ മനസ്സുമടുക്കരുത്. നമ്മുടെ നെടുവീർപ്പുകൾ നിലവിളികളായി ദൈവസന്നിധിയിൽ സ്വീകരിക്കപ്പെടുകയും ധൂർത്തപുത്രനെ സ്വീകരിച്ച പിതാവിന്റെ സ്നേഹം നമുക്ക് ലഭിക്കുകയും ചെയ്യും.

വിശുദ്ധി നഷ്ടപ്പെടാനുള്ള സാഹചര്യങ്ങൾ നാം പൂർണ്ണമായും ത്യജിക്കണം. പൗലോസ് അപ്പസ്തോലൻ പഠിപ്പിക്കുന്നു: "ജഡിക മായി ജീവിക്കുന്നവർ ജഡിക കാര്യങ്ങളിൽ മനസ്സു വയ്ക്കുന്നു. ആത്മീയമായി ജീവിക്കുന്നവരാകട്ടെ, ആത്മീയ കാര്യങ്ങളിൽ മനസ്സുവയ്ക്കുന്നു. ജഡികാഭിലാഷങ്ങൾ മരണത്തിലേക്കുനയി ക്കുന്നു; ആത്മീയാഭിലാഷങ്ങൾ ജീവനിലേക്കും സമാധാ നത്തിലേക്കും. ജഡികതാത്പര്യങ്ങളിൽ മുഴുകിയിരിക്കുന്ന മനസ്സ് ദൈവത്തിൻെറ ശത്രുവാണ്" (റോമ. 8:5–7). ജഡിക വ്യാപരങ്ങൾ എന്തൊക്കെയാണെന്ന് ഗലാത്തിയക്കാർക്കെഴുതിയ ലേഖനത്തിൽ വ്യക്തമാക്കുന്നു. "വ്യഭിചാരം, അശുദ്ധി, ദുർവൃത്തി, വിഗ്രഹാരാധന, ആഭിചാരം, ശത്രുത, കലഹം, അസൂയ, കോപം, മാത്സര്യം, ഭിന്നത, വിഭാഗീയ ചിന്ത, വിദ്വേഷം, മദ്യപാനം, മദിരോത്സവം ഇവയും ഈ ദൃശമായ മറ്റു പ്രവൃത്തികളുമാണ്. ഇത്തരം പ്രവൃത്തികളിലേർ പ്പെടുന്നവർ ദൈവരാജ്യം

അവകാശപ്പെടുത്തുകയില്ലെന്ന് മുമ്പു ഞാൻ നിങ്ങൾക്കു നൽകിയ താക്കീത് ഇപ്പോഴും ആവർത്തിക്കുന്നു. (ഗലാ. 5:19-21). തിന്മയുടെ ശക്തികൾ നമുക്കെതിരെയല്ല നാമാണ് തിന്മക്കെതിരെ പോരാടുന്നത്. ഈശോ പത്രോസിനോടു പറഞ്ഞു, നഗരകവാടങ്ങൾ സഭയ്ക്കെതിരെ പ്രബലപ്പെടുകയില്ല. സാത്താനാണ് കോട്ടകൾ കെട്ടുന്നത്. ആഡംബരം, സുഖലോലുപത, മദ്യപാനം, മറ്റു ജഡികപാപങ്ങൾ മുതലായവകൊണ്ട് നമുക്ക് ചുറ്റും സാത്താൻ കോട്ടകൾ കെട്ടുന്നു. അതുകൊണ്ടാണ് പൗലോസ് അപ്പസ്തോലൻ പഠിപ്പിക്കുന്നത്: "സാത്താന്റെ ഈ കോട്ടകൾ തകർക്കാൻ ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ധരിക്കുവിൻ" (എഫേ. 6:11) എന്ന്. ദൈവത്തിന്റെ ആയുധങ്ങളായ സത്യം, നീതി, സമാധാനം, വിശ്വാസം, ദൈവവചനം, പ്രാർത്ഥന, ഉപവാസം, ദാനധർമ്മം മുതലായവ നമുക്ക് ധരിക്കാം. വി. കുർബാനയിൽ നാം പ്രാർത്ഥിക്കുന്നില്ലേ, 'ഉപവാസവും പ്രാർത്ഥനയും അനുതാപവും വഴി മിശിഹായെയും അവിടുത്തെ പിതാവിനെയും നമുക്ക് പ്രസാദിപ്പിക്കാം' എന്ന്. ദാനധർമ്മം എന്നുകൂടി ഈ പ്രാർത്ഥനയോട് ചേർക്കാം. 41-ാം സങ്കീർത്തനം പഠിപ്പിക്കുന്നു: "ദരിദ്രനോട് ദയ കാണിക്കുന്നവൻ ഭാഗ്യവാൻ. കഷ്ടതയുടെ നാളുകളിൽ കർത്താവ് അവനെ രക്ഷിക്കും" (സങ്കീ. 41:1).

നോമ്പുകാലത്തെ പ്രാർത്ഥനകളും ത്യാഗങ്ങളും നമ്മുടെ സഭയ്ക്കുവേണ്ടി സമർപ്പിക്കാം. സഭയെ ശക്തിപ്പെടുത്തേണ്ടത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്. ഈ നോമ്പുകാലത്ത് നമ്മുടെ ഒരു വീട്ടിലും മത്സ്യവും മാംസവും പാകം ചെയ്യുകയില്ലായെന്ന് തീരുമാനമെടുക്കാം. ആഴമായ പ്രാർത്ഥനാനുഭവത്തിന്റെ ദിവസങ്ങളാകട്ടെ ഈ നോമ്പുകാലം. ഈ നോമ്പുകാലത്തിൽ സൗകര്യപ്രദമായ ദിവസങ്ങൾ കണ്ടെത്തി നമ്മുടെ എല്ലാ ഇടവകകളിലും 40 മണി ആരാധന നടത്തണമെന്ന് ഞാനാഗ്രഹിക്കുന്നു. ഈ ആരാധനയിൽ സഭയ്ക്കുവേണ്ടിയും പ്രത്യേകിച്ച് നമ്മുടെ രൂപതയ്ക്കുവേണ്ടിയും നമുക്ക് പ്രാർത്ഥിക്കാം.

വിശുദ്ധിയുടെ അമ്മയായ മറിയത്തോട് പ്രാർത്ഥിക്കാമെന്ന ഫ്രാൻസിസ് മാർപ്പാപ്പയുടെ വാക്കുകൾ ഈയവസരത്തിൽ ഓർമ്മിപ്പിക്കുന്നു. "മറിയം വിശുദ്ധരുടെയിടയിലെ വിശുദ്ധയാണ്, മറ്റുള്ള എല്ലാവരെക്കാളും കൂടുതലായി അനുഗ്രഹീതയാണ്. അവൾ നമ്മെ വിശുദ്ധിയുടെ മാർഗ്ഗം പഠിപ്പിക്കുന്നു; എപ്പോഴും നമ്മോടൊത്ത് സഞ്ചരിക്കുകയും ചെയ്യുന്നു. നമ്മൾ വീണുകിടക്കാൻ അവൾ സമ്മതിക്കുന്നില്ല. അവൾ ചിലപ്പോൾ നമ്മെ വിധിക്കാതെ കൈകളിൽ എടുക്കുന്നു. അവളുമായുള്ള നമ്മുടെ സംഭാഷണം നമ്മെ ആശ്വസിപ്പിക്കുന്നു, സ്വതന്ത്രരാക്കുന്നു, വിശുദ്ധീകരിക്കുന്നു. നമ്മുടെ അമ്മയായ മറിയത്തിൽ നമ്മുടെ വാക്കുകളുടെ കുത്തൊഴുക്ക് ആവശ്യമില്ല. നമ്മുടെ ജീവിതത്തിൽ എന്താണ് സംഭവിക്കുന്നതെന്ന് പറയണമെന്ന് അവൾ ആഗ്രഹിക്കുന്നില്ല. നാം വീണ്ടും വീണ്ടും ഇങ്ങനെ മന്ത്രിച്ചാൽ മതി: മറിയമേ, സ്വസ്തി" (G.E. 176).

നിങ്ങൾക്കെല്ലാവർക്കും ഫലപ്രദമായ നോമ്പുകാലം ആശംസിക്കുന്നു. ആഴമായ അനുതാപത്തിന്റെ വഴിയിലൂടെ സഞ്ചരിച്ച് വിശുദ്ധി പ്രാപിക്കുവാൻ ഈ വലിയ നോമ്പ് നമുക്ക് അവസരമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. പരി. അമ്മയുടെയും നമ്മുടെ രൂപതയുടെ മദ്ധ്യസ്ഥയായ വി. അൽഫോൻസാമ്മ യുടെയും പ്രാർത്ഥന വിശുദ്ധിയിൽ വളരാനുള്ള നമ്മുടെ പരിശ്രമങ്ങളോ ടൊത്തുണ്ടാകട്ടെ. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും + പിതാ വായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും+ നിങ്ങളെല്ലാവരോടും കൂടെയുണ്ടായിരിക്കട്ടെ. ആമ്മേൻ.

മിശിഹായിൽ സ്നേഹപൂർവ്വം,



**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

താമരശ്ശേരി രൂപതയുടെ മെത്രാൻ

---

ഈ ഇടയലേഖനം 2019 മാർച്ച് 3-ാം തീയതി ഞായറാഴ്ച വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.



Ref: 3169/K-5/KCBC/OL/DS

# മദ്യവിരുദ്ധ ഞായർ, 2019 മാർച്ച് 10

**മദ്യവിരുദ്ധ ഞായർ ആചരണത്തിന്റെ ഭാഗമായി കെസിബിസി മദ്യവിരുദ്ധ കമ്മീഷൻ നല്കുന്ന സർക്കുലർ**

മിശിഹായിൽ പ്രിയപ്പെട്ടവരേ,

2019 മാർച്ച് മാസം 10–ാം തീയതി മദ്യവിരുദ്ധ ഞായറായി കേരള കത്തോലിക്കാ സഭ ആചരിക്കുകയാണല്ലോ. വലിയ നോമ്പിലെ രണ്ടാമത്തെ ഞായറാഴ്ചയാണ് മദ്യവിരുദ്ധ ഞായറായി ആചരിച്ചു വരുന്നത്. പ്രാർത്ഥനയ്ക്കും പരിത്യാഗപ്രവൃത്തികൾക്കും ജീവിത നവീകരണത്തിനുമായി പ്രത്യേകം മാറ്റി വച്ചിരിക്കുന്ന വലിയ നോമ്പുകാലത്ത് മദ്യവിരുദ്ധ ഞായർ ആചരിക്കുന്നത് വളരെ പ്രസക്തമാണ്. തഴക്കദോഷങ്ങളിലും ദുഃശീലങ്ങളിലും തിന്മയുടെ സാഹചര്യങ്ങളിലും നിന്ന് വഴി മാറി നടക്കുവാൻ നോമ്പുകാലം ഓരോ വിശ്വാസിയെയും പ്രത്യേകമായി ഈ കാലഘട്ടത്തിൽ ഓർമ്മിപ്പിക്കുന്നു. അതിനാൽത്തന്നെ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും പുകയിലയുടെയും മറ്റ് ലഹരി വസ്തുക്കളുടെയും ഉപയോഗത്തിൽനിന്ന് പൂർണമായും പിന്തിരിയുവാൻ തീരുമാനം എടുക്കാനുള്ള ഉചിതമായ കാലവുമാണിത്. കുടുംബത്തെയും സമൂഹത്തെയും വികലമാക്കുന്ന മദ്യത്തിനും ഇതര ലഹരികൾക്കുമെതിരേ ശക്തമായ ആത്മീയ പോരാട്ടവും ഭൗതികമായ ജാഗ്രതയും ഈ നോമ്പുകാലത്തിന്റെ ഭാഗമാകണം.

ആധുനിക തലമുറയെ കടന്നാക്രമിക്കുന്ന, അവരുടെ യുവത്വത്തിന്റെ ചൈതന്യത്തെ തകർത്തുകളയുന്ന ലഹരി വസ്തുക്കൾ പൂർണമായും ഉപേക്ഷിക്കാനും ലഹരിക്കെതിരേ ശക്തമായ പോരാട്ടം നടത്തുവാനും അതുവഴി ലഹരിവിരുദ്ധ സമൂഹത്തിന് രൂപം നല്കാനുമുള്ള സന്ദേശമാണ് മദ്യവിരുദ്ധ ഞായർ ആചരണത്തിലൂടെ കേരള കത്തോലിക്കാ സഭ ലക്ഷ്യംവയ്ക്കുന്നത്. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും മറ്റു ലഹരിവസ്തുക്കളുടെയും ഉപയോഗം ഭീതിജനകമാംവിധം വർദ്ധിച്ചുവരുന്ന സാഹചര്യമാണുള്ളത്. ലഹരിവസ്തുക്കളുടെ അനിയന്ത്രിത ഉപയോഗം കുടുംബബന്ധങ്ങളെ തകർക്കുന്ന അനുഭവം സാധാരണമായിക്കൊണ്ടിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ, മദ്യത്തിന്റെയും മറ്റു ലഹരി വസ്തുക്കളുടെയും ലഭ്യതയും ഉപയോഗവും കുറയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സഭ ഏറ്റെടുക്കുന്നത് സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായാണ്. ലഹരി വിരുദ്ധ സമൂഹ രൂപീകരണത്തിലൂടെ സാമൂഹ്യനന്മ സംജാതമാകണമെന്നതാണ് കേരള കത്തോലിക്കാസഭയുടെ ആഗ്രഹം.

വിദ്യാഭ്യാസത്തിലും സംസ്കാരത്തിലും സാമ്പത്തിക നിലവാരത്തിലും ആരോഗ്യപരിപാലന രംഗത്തും അദ്വിതീയമായ നേട്ടങ്ങൾ കൈവരിച്ച കേരള സമൂഹം, ലോകജനതയുടെ പ്രശംസ പിടിച്ചുപറ്റിയിട്ടുള്ളതാണ്. എന്നാൽ, മദ്യത്തോടും പുകയിലയോടും ലഹരിവസ്തുക്കളോടുമുള്ള വർദ്ധിച്ചുവരുന്ന ആസക്തി, അതിന്റെ പരിണിത ഫലമായുണ്ടായ അനാരോഗ്യ സാഹചര്യങ്ങൾ, ധാർമ്മികാധഃപതനത്തെ എടുത്തുകാണിക്കുന്ന ദൗർഭാഗ്യകരമായ സംഭവങ്ങൾ, സാമ്പത്തികതകർച്ച നേരിടുന്ന കുടുംബങ്ങൾ എന്നിവ കേരള തനിമയുടെയും ആത്മീയതയുടെയും നിറം കെടുത്തുകയും കേരളത്തിന്റെ ആദർശശുദ്ധിയും ക്രിയാത്മക ശക്തിയും ഇല്ലാതാക്കുകയും ചെയ്യുന്നുണ്ട്.

മദ്യത്തിന്റെ അനിയന്ത്രിതമായ ഉപയോഗം ഒരു വ്യക്തിയുടെ ശാരീരികാരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നു. മദ്യം മനുഷ്യനെ ഉണർവുള്ളവനാക്കുമെന്നും അവന്റെ പ്രതീക്ഷകളെ അത് ഉണർത്തുമെന്നും ഭീരുവിനെ അത് ധൈര്യപ്പെടുത്തുമെന്നും മൂകപ്രകൃതിയെ വാചാലമാക്കുമെന്നും ന്യായീകരണം പറയുന്ന മദ്യത്തിന്റെ ഉപഭോക്താക്കൾ അതിലടങ്ങിയിരിക്കുന്ന മരണകരമായ അപകടത്തെ ബോധപൂർവം വിസ്മരിക്കുകയാണ്. മദ്യത്തിന്റെ അമിതോപയോഗത്തിലൂടെ ഒരു വ്യക്തിയുടെ രക്തത്തിൽ കലരുന്ന മദ്യം അവന്റെ ആന്തരിക അവയവങ്ങളെ നശിപ്പിക്കുകയും ക്രമേണ ജീവനെത്തന്നെ ഇല്ലാതാക്കുകയും ചെയ്യുന്നു. ഇത് തലച്ചോറിനെയും നാഡീവ്യൂഹത്തെയും മന്ദിപ്പിച്ച് മ്ലാനീഭവിപ്പിക്കുകയും സുബോധവും സൂക്ഷ്മവിവേചനവും ഇല്ലാതാക്കുകയും ചെയ്യുന്നു. മനുഷ്യശരീരത്തിലെ ജീവകങ്ങളെ നശിപ്പിക്കുകയും വൃക്കകളെ തകർക്കുകയും ഞരമ്പുകൾക്ക് കേടുവരുത്തുകയും ചെയ്യുന്ന ലഹരി പലപ്പോഴും മാരകമാകുന്നുണ്ട്.

മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം ഒരു വ്യക്തിയെ ദൈവത്തിൽ നിന്ന് അകറ്റുന്നതാണ്. ദൈവം വേണ്ട, ആത്മീയത വേണ്ട എന്ന് ചിന്തിക്കുന്ന സമകാലീക ജ്ഞാനവാദത്തിന്റെ മറ്റൊരു അവസ്ഥയിലേക്ക് ഇവ മനുഷ്യനെ കൊണ്ടുചെന്നെത്തിക്കും. സ്വഭാവത്താലേ ദൈവോന്മുഖനും ആത്മീയനുമായ മനുഷ്യൻ സ്രഷ്ടാവായ ദൈവത്തിൽനിന്ന് അകലാൻ മദ്യപാനം കാരണമാകുന്നു. ലഹരിവസ്തുക്കളെ ആസക്തിയോടെ സ്വീകരിക്കുന്നവരിൽ ദൈവചൈതന്യത്തെ സ്വീകരിക്കാനുള്ള വിമുഖത പ്രകടമാകുന്നു. ശാരീരികമായ താത്കാലിക സന്തോഷത്തിനുവേണ്ടി ലഹരിക്കു പിറകേ പോകുന്ന യുവജനത തങ്ങളെത്തന്നെ മരണസംസ്കാരത്തിലേക്ക് നയിക്കുകയാണ്. ഇക്കാരണത്താലാണ് ഈശോ ഇപ്രകാരം മുന്നറിയിപ്പ് നല്കുന്നത്: "സുഖലോലുപത, മദ്യാസക്തി, ജീവിത വ്യഗ്രത എന്നിവയാൽ നിങ്ങളുടെ മനസ്സ് ദുർബലമാവുകയും, ആ ദിവസം ഒരു കെണി പാലെ പെട്ടന്നു നിങ്ങളുടെമേൽ വന്നു വീഴുകയും ചെയ്യാതിരിക്കുവാൻ ശ്രദ്ധിക്കുവിൻ" (ലൂക്കാ 21:34). ഈ മുന്നറിയിപ്പ് നമുക്ക് ഗൗരവമായെടുക്കാം.

"മദ്യം മനുഷ്യനെ മനുഷ്യനല്ലാതാക്കുന്നു. അവനെ അശക്തനാക്കുന്നു.

സ്വയം നശിപ്പിക്കുന്നു, ബന്ധുക്കളെ നശിപ്പിക്കുന്നു. മര്യാദയും ഔചിത്യവും നഷ്ടപ്പെടുത്തുന്നു". മദ്യപാനമെന്ന വിപത്തിനെക്കുറിച്ചുള്ള മഹാത്മാഗാന്ധിയുടെ ഈ വാക്കുകൾ ഇവിടെ പ്രസക്തമാണ്. മനുഷ്യനിലെ മനുഷ്യത്വത്തെ നഷ്ടപ്പെടുത്തിക്കൊണ്ട് അവനെ വെറും മൃഗതുല്യനാക്കുന്ന ലഹരിയുടെ അടിമത്ത്വത്തിൽ നിന്ന് മനുഷ്യൻ വിമോചിതനാകേണ്ടതുണ്ട്. മുതിർന്ന തലമുറയോടും യുവതലമുറയോടുമൊപ്പം തന്നെ ബാല്യകൗമാരങ്ങളും മദ്യത്തിലേക്ക് തിരിയുന്ന അപകടകരമായ സാഹചര്യം നിലനിൽക്കുന്നുവെന്ന യാഥാർത്ഥ്യബോധത്തോടെ ഈ വലിയ വിപത്തിൽ നിന്ന് കേരളസമൂഹത്തെ രക്ഷിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതിന് എല്ലാവർക്കും കടമയുണ്ട്. ജനാധിപത്യ സംവിധാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന സർക്കാരിന് ഈ തലത്തിലുള്ള ഉത്തരവാദിത്തം വളരെ വലുതാണ്. സമൂഹത്തിന്റെ, പ്രത്യേകിച്ച് കുടുംബങ്ങളുടെയും, സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും സുസ്ഥിതി ഉറപ്പുവരുത്തുവാൻ സർക്കാരിന് കടമയുണ്ട്. അതിനായി, സർക്കാർ മദ്യനിരോധനം നടപ്പിലാക്കുകയും മദ്യവിരുദ്ധ ബോധവത്കരണം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതു മാത്രമാണ് പ്രതിവിധി.

മദ്യം ഉപയോഗിക്കുന്നതിൽനിന്ന് പൗരാണിക കാലം മുതൽ വിലക്ക് നിലനിന്നിരുന്നുവെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ബൈബിളിൽ കാണുന്ന മദ്യത്തിനെതിരേയുള്ള വിലക്കുകൾ മദ്യവിരുദ്ധ സംസ്കാരത്തിന്റെ ശക്തമായ പ്രതിഫലനങ്ങളാണ്. മദ്യമെന്ന ദുഷ്യത്തിനടിമപ്പെടുന്ന ഏവനും തന്റെയും മറ്റുള്ളവരുടെയും ജീവിതത്തിന്റെ ക്രമം തെറ്റിക്കുകയും സ്വയം അധഃപതിക്കുകയും ചെയ്യുന്നു. മദ്യപൻ വിചിത്ര കാഴ്ചകൾ കാണുകയും വികടത്തം ജല്പിക്കുകയും ചെയ്യും (സുഭാ 23:33). മദ്യപിക്കുമ്പോൾ അവൻ കല്പനകൾ മറക്കുകയും കഷ്ടപ്പെടുന്നവരുടെ അവകാശങ്ങൾ അവഗണിക്കുകയും ചെയ്യും (സുഭാ 31:5). മദ്യം ദുരിതവും ദു:ഖവും കലഹങ്ങളും അകാരണമായ മുറിവുകളും ഉണ്ടാക്കുന്നു (സുഭാ 23:29). ആകർഷണീയങ്ങളായ മദ്യഷാപ്പുകളും മദ്യാസക്തിയും ദുർബലചിത്തനായ മനുഷ്യനെ മദ്യപാനമെന്ന ദൗർബല്യത്തിലേക്ക് എത്താൻ പ്രേരിപ്പിക്കുന്നതിനാൽ, മദ്യ നിരോധനവും മദ്യനിയന്ത്രണ സംവിധാനങ്ങളും മനുഷ്യനന്മയെക്കരുതി രൂപപ്പെടുത്തണം. കൂട്ടുകാരുടെ പ്രേരണയിൽ മദ്യത്തിലേക്കും ലഹരിപദാർത്ഥങ്ങളിലേക്കും തിരിയുന്ന കുട്ടികളെ മാതാപിതാക്കളും അധ്യാപകരും അധികാരികളും ജാഗ്രതയോടെ പിന്തുടരണം. ലഹരിയുടെ പ്രലോഭനം ഒഴിയാബാധപോലെ പിൻതുടരുമ്പോൾ കൗൺസിലിംഗിലൂടെയും ചികിത്സകളിലൂടെയും ശരിയായ ബോധവത്കരണത്തിലൂടെയും ഭാവിയുടെ വാഗ്ദാനങ്ങളായ കുട്ടികളെ ഈ വിപത്തിൽനിന്ന് രക്ഷിക്കുവാനുള്ള നടപടികൾ ഉണ്ടാകേണ്ടതുണ്ട്.

നിർഭാഗ്യവശാൽ, മദ്യലഭ്യത കുറച്ചുകൊണ്ടുവരുന്ന നിലപാടുകളല്ല സംസ്ഥാന സർക്കാർ തുടർന്നു പോരുന്നത്. കേരളത്തിൽ മദ്യം ഗുരുതരമായ ആരോഗ്യ സാമൂഹ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു എന്നും ആയതിനാൽ മദ്യ

ത്തിന്റെ ലഭ്യതയും ഉപഭോഗവും കുറച്ചുകൊണ്ടുവരാനുള്ള നയത്തിനായിരിക്കും സർക്കാർ മുൻഗണന നല്കുകയെന്നും മദ്യവർജ്ജനം പൊതുനയമായി സ്വീകരിക്കുമെന്നും മദ്യവർജ്ജന സന്ദേശം എല്ലാവരിലും എത്തിക്കുന്നതിന് കൂടുതൽ ശക്തമായ ഇടപെടലുകൾ സ്വീകരിക്കുമെന്നും അതിനായി സാക്ഷരതാ പ്രസ്ഥാനത്തിന്റെ മാതൃകയിൽ വിപുലമായ ജനകീയ ബോധവത്കരണത്തിന് സമിതികൾ രൂപീകരിക്കുമെന്നും മദ്യവിരുദ്ധ സമിതികളോട് ചേർന്നുനിന്ന് സർക്കാർ പ്രവർത്തിക്കുമെന്നും ഈ സർക്കാരിന്റെ തെരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ എടുത്തു പറഞ്ഞിരുന്നത് നടപ്പിലാക്കുവാൻ സർക്കാർ ആത്മാർത്ഥത കാണിക്കണം. മദ്യവർജ്ജനമാണ് സർക്കാർ നയമെന്ന് ആവർത്തിക്കുമ്പോഴും മദ്യത്തിന്റെ ലഭ്യത കുറയ്ക്കുവാൻ യാതൊരു നടപടിയും സ്വീകരിക്കാത്തത് മദ്യവർജ്ജന നയത്തെത്തന്നെ നിർവീര്യമാക്കുന്നു. പതിനായിരത്തിന് മുകളിൽ ജനസംഖ്യയുള്ള പഞ്ചായത്തുകളെ നഗരസ്വഭാവമുള്ളതായി കണക്കാക്കി മദ്യശാലകൾ തുടങ്ങുവാൻ അനുമതി നല്കിയത് പ്രകടന പത്രികയ്ക്ക് തന്നെ എതിരായ കാര്യമാണ്. പ്രതിവർഷം 10% ബെവ്കോ-കൺസ്യൂമർഫെഡ് ഔട്ട്ലറ്റുകൾ അടച്ചുപൂട്ടാനുള്ള തീരുമാനം അട്ടിമറിക്കപ്പെട്ടു എന്നു മാത്രമല്ല ബിയർ പബ്ബുകളുടെ നവീകരിച്ച സംവിധാനമായ, ബിയർ നിർമ്മിച്ച് അവിടെത്തന്നെ വില്പന നടത്തുന്ന മൈക്രോ ബ്രൂവറി യൂണിറ്റുകൾ സ്ഥാപിക്കാനും ഡിസ്റ്റലറികൾ സ്ഥാപിക്കാനും സർക്കാർ തയ്യാറായതും എതിർപ്പിനെ തുടർന്ന് തീരുമാനം മരവിപ്പിക്കേണ്ടി വന്നതും കേരളസമൂഹം മനസ്സിലാക്കിയ കാര്യങ്ങളാണ്. മദ്യത്തിന്റെ വിഷയത്തിൽ ജനങ്ങളോടുള്ള പ്രതിബദ്ധത നിറവേറ്റുന്നതിൽ പ്രതിപക്ഷത്തിന്റെ പങ്കും പരിശോധനാവിഷയമാക്കേണ്ടതാണ്. പ്രതിപക്ഷം എതിർത്തത് മദ്യത്തിന്റെ ലഭ്യത വർദ്ധിപ്പിച്ചതിനെയല്ല മറിച്ച് ബ്രൂവറികൾക്ക് അനുമതി നല്കിയതിലെ നടപടിക്രമങ്ങളിലെ വീഴ്ച മാത്രമാണ്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ മദ്യവിമുക്ത സമൂഹത്തിനുവേണ്ടി പ്രവർത്തിക്കുവാൻ എല്ലാ രാഷ്ട്രീയ പാർട്ടികളും തയ്യാറാകേണ്ടത് അത്യാവശ്യമായി വന്നിരിക്കുകയാണ്.

ഭാഗിക മദ്യനിരോധനം പിൻവലിക്കാൻ തൊടുന്യായം പറഞ്ഞിരുന്നത് മദ്യലഭ്യത കുറഞ്ഞതുകൊണ്ട് മയക്കുമരുന്ന് ഉപയോഗം വർദ്ധിച്ചു എന്നാണ്. എന്നാൽ മദ്യത്തിന്റെ കുത്തൊഴുക്ക് അനുഭവപ്പെടുന്ന ഈ കാലഘട്ടത്തിലും മയക്കുമരുന്നിന്റെ ഉപയോഗം വ്യാപകമായി തുടരുന്നതിന്റെ കാരണം പറയാൻ ആരും തയ്യാറാവുന്നില്ല. നമ്മുടെ യുവതലമുറ മയക്കുമരുന്നിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നത് ഗുരുതരമായ സ്ഥിതിവിശേഷമാണ്. മദ്യവർജ്ജനത്തിലൂടെ മദ്യത്തിന്റെ ഉപയോഗമോ ലഭ്യതയോ കുറഞ്ഞില്ല എന്നു മാത്രമല്ല മയക്കുമരുന്നിന്റെ ഉപയോഗം വർദ്ധിക്കുകയും ചെയ്തു. ശക്തമായ നിയമസംവിധാനങ്ങളിലൂടെ ഇതിനെതിരേ നടപടി സ്വീകരിക്കണം. ഇതിനുവേണ്ടി എക്സൈസ്-പോലീസ്-ഫോറസ്റ്റ് റവന്യു സംവിധാനങ്ങളെ ഫലപ്രദമായി ഉപയോഗിക്കണം. മറിച്ചായാൽ സമൂഹത്തിന്റെയും കുടുംബത്തിന്റെയും നാശം ക്ഷണിച്ചുവരുത്തുകയായിരിക്കും ചെയ്യുക.

നവകേരളമെന്ന മുദ്രാവാക്യത്തിന് കേരളജനത നല്കിയ പിന്തുണ,

തകർന്ന വീടുകളും പാലങ്ങളും പുനർനിർമ്മിക്കുന്നതിനുവേണ്ടി മാത്രമല്ല, എല്ലാ അർത്ഥത്തിലും പുതിയ കേരള സൃഷ്ടിക്കുവേണ്ടിക്കൂടിയാണ്. ചിന്തയിലും പ്രവൃത്തിയിലും പെരുമാറ്റത്തിലും അത് പ്രതിഫലിക്കണം. അഴിമതിവിരുദ്ധ കേരളം പോലെ, മാലിന്യവിമുക്ത കേരളം പോലെ, മദ്യവിമുക്ത കേരളവും നവകേരള നിർമ്മാണത്തിന്റെ ഭാഗമാകണം.

മദ്യമെന്ന മഹാവിപത്തിൽനിന്ന് രക്ഷനേടുന്നതിന് സർ ക്കാർ നടപടിയെ മാത്രം ആശ്രയിക്കുന്നത് പ്രശ്നപരിഹാരമാവുകയില്ല. ബോധവത്കരണ നടപടികൾ ഇടവകതലത്തിൽ ശക്തിപ്പെടുത്തേണ്ടതുണ്ട്. മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് ശക്തിപകരാൻ കെ.സി.ബി.സി മദ്യവിരുദ്ധസമിതിയുടെ യൂണിറ്റുകൾ നമ്മുടെ എല്ലാ ഇടവകകളിലും രൂപീകൃതമാകണം. കുടുംബങ്ങളിൽ മദ്യത്തിന്റെ ഉപയോഗം പൂർണ്ണമായും ഇല്ലാതാക്കാൻ ഇടവകകളും കുടുംബങ്ങളും ഫലപ്രദമായ നടപടികൾ സ്വീകരിക്കണം. മദ്യത്തോടും ലഹരി വസ്തുക്കളോടും സന്ധിയില്ലാ സമരം ചെയ്ത് കുടുംബങ്ങളേയും വ്യക്തികളെയും സംരക്ഷിക്കുവാൻ നമുക്ക് പ്രതിജ്ഞാബദ്ധരാകാം. അങ്ങനെ മദ്യവും ലഹരിവസ്തുക്കളും ഇല്ലാത്ത ഒരു നവകേരള നിർമ്മിതിക്ക് നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം.

മിശിഹായിൽ സ്നേഹപൂർവം

**ബിഷപ് മാർ റെമിജിയൂസ് ഇഞ്ചനാനിയിൽ**
ചെയർമാൻ, കെസിബിസി മദ്യവിരുദ്ധകമ്മീഷൻ

**ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധകമ്മീഷൻ

**ബിഷപ് ക്രിസ്തുദാസ് ആർ**
വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധകമ്മീഷൻ

---

NB: ഈ സർക്കുലർ മാർച്ച് 10-ാം തിയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

മദ്യവിരുദ്ധ ഞായർ ദിനാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാ കേന്ദ്രങ്ങളിൽ 2019ഏപ്രിൽ മാസം 30-ാം തീയതിക്ക് മുമ്പായി ഏല്പിക്കണം.

സർക്കുലർ 02/2019

# ദൈവവിളി

മിശിഹായിൽ പ്രിയപ്പെട്ടവരേ,

ദൈവനിയോഗങ്ങൾ മനുഷ്യകരങ്ങളിലൂടെ നിർവ്വഹിക്കപ്പെടുവാൻ കാലാകാലങ്ങളിൽ ദൈവം ഓരോരുത്തരെ പ്രത്യേകമായി വിളിച്ച് വിശുദ്ധീകരിക്കുകയും നിയോഗിക്കുകയും ചെയ്യാറുണ്ട്. "നിങ്ങൾ പോയി ഫലം പുറപ്പെടുവിക്കുന്നതിനും നിങ്ങളുടെ ഫലം നിലനിൽക്കുന്നതിനും വേണ്ടി ഞാൻ നിങ്ങളെ നിയോഗിച്ചിരിക്കുന്നു" (യോഹ. 15:16). പൂർവ്വപിതാക്കന്മാരെയും പ്രവാചകന്മാരെയും ശ്ലീഹന്മാരെയും വിളിച്ച ദൈവം ഇന്നും വിവിധങ്ങളായ ശുശ്രൂഷകൾക്കായി മനുഷ്യരെ വിളിക്കുന്നു. അത് തിരിച്ചറിയുകയും അതിനു പ്രത്യുത്തരം നൽകുകയും ചെയ്യുക സഭാമക്കളുടെ കടമയാണ്.

ഏതൊരു ദൈവവിളിയുടെയും അടിസ്ഥാനവും അടയാളവും ത്രിത്വൈക ദൈവമാണ്. പരിശുദ്ധ ത്രിത്വത്തിന്റെ അഗാധമായ പരസ്പര സ്നേഹവും സമ്പൂർണ്ണമായ സമർപ്പണവും തന്നെയാണ് ഓരോ ദൈവവിളിയിലും ദൃശ്യമാകുന്നത്. ദൈവത്തിന്റെ സ്വന്തം ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യന് ദൈവവുമായുള്ള പൂർണ്ണമായ ഐക്യം സാധ്യമാകുന്നത് ആ സ്നേഹത്തിൽ ഒന്ന് ചേരുമ്പോഴാണ്. ഏതൊരു ദൈവവിളിയും അർത്ഥം കാണുന്നത് ക്രിസ്തുവിന്റെ മനുഷ്യാവതാര രഹസ്യത്തിലാണ്. നിസ്വാർത്ഥമായി സ്നേഹിക്കുവാനും അപരനുവേണ്ടി സ്വയം സമർപ്പിക്കുവാനും നമ്മെയോരോരുത്തരെയും പഠിപ്പിക്കുന്നതും ക്രിസ്തുതന്നെ.

ദൈവവിളി ദൈവത്തിന്റെ ദാനമാണ്. "തനിക്കിഷ്ടമുള്ളവരെ അവിടുന്ന് തന്റെ അടുത്തേയ്ക്ക് വിളിച്ചു" (മർക്കോ. 3:13). തന്റെ രക്ഷയുടെ സദ്വാർത്ത അനേകരുമായി പങ്കുവയ്ക്കാൻ തനിക്ക് ഇഷ്ടമുള്ളവരെ ഈശോ ഇന്നും വിളിച്ചുകൊണ്ടിരിക്കുന്നു. ദൈവ സ്നേഹത്തിൽ നിറഞ്ഞ് രോഗാതുരമായ സമൂഹത്തെ സുഖപ്പെടുത്തുവാനും പാപബന്ധനങ്ങളിൽ

നിന്ന് മോചനം നൽകുവാനും ദുഃഖിതരെ ആശ്വസിപ്പിക്കുവാനും അടിച്ച മർത്തപ്പെട്ടവരെ സ്വാതന്ത്ര്യത്തിലേയ്ക്ക് നയിക്കുവാനുമുള്ള വലിയ ദൗത്യം നിർവ്വഹിക്കുവാൻ അനേകരെ ഈശോയ്ക്ക് ഇന്നും ആവശ്യമുണ്ട്.

ദൈവവിളിയുടെ ഈറ്റില്ലം കുടുംബമാണ്. സഭയുടെയും സമൂഹത്തിന്റെയും അടിസ്ഥാന ഘടകമായ കുടുംബം വിശ്വാസത്തിന്റെ പരിശീലന ക്കളരിയും ദൈവവിളിയുടെ വിളനിലവുമാണ്. വിശ്വാസ കൈമാറ്റത്തിന്റെ ആദ്യഘടകമായ കുടുംബത്തിലാണ് ദൈവവിളി ജനിക്കുകയും വളരുകയും ചെയ്യുന്നത്. കുടുംബങ്ങളെയും കുടുംബബന്ധങ്ങളെയും തകർക്കുന്ന പല തിന്മകളും നാശം വിതയ്ക്കുന്ന ഈ കാലഘട്ടത്തിൽ പ്രാർത്ഥനയുടെയും സ്നേഹത്തിന്റെയും സമർപ്പണത്തിന്റെയും വിളനിലങ്ങളായി നമ്മുടെ കുടുംബങ്ങൾ മാറുവാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം. ദൈവാശ്രയബോധത്തിലും സമർപ്പിതരോടുള്ള ആദരവിലും കുഞ്ഞുങ്ങളെ വളർത്താൻ സാധിച്ചാൽ മാത്രമേ, ദൈവസ്വരം തിരിച്ചറിയുവാനും വിവിധ ശുശ്രൂഷകൾക്കായി തങ്ങളെ വിളിക്കുന്നവനെ അനുഗമിക്കുവാനും ഈ കാലഘട്ടത്തിൽ കുഞ്ഞുങ്ങൾക്ക് കഴിയുകയുള്ളൂ.

ദൈവവിളി പ്രോത്സാഹനം തിരുസഭ മുഴുവന്റെയും ഉത്തരവാദിത്തവും അവകാശവുമാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ വൈദിക പരിശീലനത്തെക്കുറിച്ചുള്ള ഡിക്രിയിലെ (*Optatum Totius*) രണ്ടാം ഖണ്ഡികയിൽ നമ്മെ ഓർമ്മിപ്പിക്കുന്നു. "ദൈവവിളി പ്രോത്സാഹിപ്പിക്കേണ്ട കടമ ക്രൈസ്തവ സമൂഹം മുഴുവനിലും നിക്ഷിപ്തമായിരിക്കുന്നു". ദൈവവിളിയെന്ന അമൂല്യദാനം സ്വീകരിക്കുവാനും അതിനെ പരിപോഷിപ്പിക്കുവാനും മാതാപിതാക്കളുടെയും അധ്യാപകരുടെയും ഇടവകാംഗങ്ങളുടെയും സംഘാതമായ പരിശ്രമം അത്യന്താപേക്ഷിതമാണ്. ദൈവവിളി പ്രോത്സാഹനത്തിൽ ഏവരുടെയും സഹായം ഞാനഭ്യർത്ഥിക്കുകയാണ്.

ഉപഭോഗസംസ്കാരം കൊടികുത്തി വാഴുന്ന ആധുനിക കാലഘട്ടത്തിൽ ദൈവവിളി പ്രോത്സാഹനം ധാരാളം വെല്ലുവിളികൾ നേരിടുന്നു. എങ്കിലും ഹൃദയാന്തരങ്ങളിൽ ദൈവികസ്വരം ശ്രവിച്ചുകൊണ്ട്, സർവ്വവും പരിത്യജിച്ചുകൊണ്ട് അനേകായിരങ്ങൾ ഈശോയുടെ കാലടികൾ പിഞ്ചെല്ലുവാൻ മുന്നോട്ട് വരുന്നത് ശുഭോദർക്കമായ കാര്യമാണ്. ക്രിസ്തുവിനുവേണ്ടിയും സമൂഹത്തിനുവേണ്ടിയും ശുശ്രൂഷ ചെയ്യുവാൻ അനേകർ തിര

ഞ്ഞെടുക്കപ്പെടുന്നു എന്നത് പൗരോഹിത്യ സമർപ്പിത ജീവിതത്തിന്റെ ഔന്നത്യത്തെയും അതിന്റെ പ്രാധാന്യത്തെയും സൂചിപ്പിക്കുന്നു.

ദൈവവിളിയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുവാനും വിളിയുടെ സ്വരം തിരിച്ചറിയുവാനും ഉചിതമായ തീരുമാനങ്ങളെടുക്കുവാനും നമ്മുടെ വിദ്യാർത്ഥി വിദ്യാർത്ഥിനീകളെയും യുവതീയുവാക്കന്മാരെയും സഹായിക്കുന്നതിനായി ഈ വർഷവും ദൈവവിളി ക്യാമ്പ് സംഘടിപ്പിക്കുകയാണ്. ഏപ്രിൽ മാസം 1 മുതൽ 3 വരെയുള്ള തീയതികളിൽ ആൺകുട്ടികൾക്ക് പുല്ലൂരാംപാറ ബഥാനിയ ധ്യാനകേന്ദ്രത്തിലും പെൺകുട്ടികൾക്ക് പി.എം.ഒ.സി.യിലുമാണ് ക്യാമ്പുകൾ ക്രമീകരിച്ചിരിക്കുന്നത്. ഏപ്രിൽ 1-ാം തീയതി തിങ്കളാഴ്ച 10 മണിക്ക് ആരംഭിക്കുന്ന ക്യാമ്പ് 3-ാം തീയതി ഒരു മണിയോടുകൂടി അവസാനിക്കുന്നതാണ്. ഈ വർഷം വിവിധ സെമിനാരികളിലും കോൺവെന്റുകളിലും ചേരാൻ ആഗ്രഹിക്കുന്നവർ നിർബന്ധമായും ഈ ക്യാമ്പുകളിൽ പങ്കെടുക്കേണ്ടതാണ്. പൗരോഹിത്യ സമർപ്പിത വിളിയോട് താൽപ്പര്യമുള്ള എസ്.എസ്.എൽ.സി.യോ, പ്ലസ്ടുവോ, ഉന്നത പഠനമോ പൂർത്തിയാക്കിയ എല്ലാവരെയും ദൈവവിളി ക്യാമ്പിലേക്ക് ക്ഷണിക്കുന്നു. പ്രാർത്ഥന വഴിയായും ക്യാമ്പ് വഴിയായും നിങ്ങളെപ്പറ്റിയുള്ള ദൈവഹിതം തിരിച്ചറിയുവാനും ആ വിളിയെ സ്നേഹത്തോടെ ആശ്ലേഷിക്കുവാനും നിങ്ങൾക്ക് കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ദൈവം നിങ്ങളെയെല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ. എല്ലാവർക്കും ദൈവാനുഗ്രഹം നേരുന്നു.

സ്നേഹപൂർവ്വം,



✠ **മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

---

ഈ സർക്കുലർ 2019 മാർച്ച് 24-ാം തീയതി ഞായറാഴ്ച വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്. ദൈവവിളിക്യാമ്പിനെ സംബന്ധിച്ച വിശദവിവരങ്ങൾ പേജ് 185-ൽ നൽകിയീട്ടുണ്ട്.

Prot. No. 0383/2019

# സർക്കുലർ

**2019 ജനുവരി 07 മുതൽ 18 വരെ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സമ്മേളിച്ച സീറോ മലബാർ സഭയിലെ മെത്രാന്മാരുടെ 27-ാമത് സിനഡിന്റെ പ്രഥമ സമ്മേളനത്തിനുശേഷം എല്ലാ സീറോ മലബാർ വിശ്വാസികൾക്കും വേണ്ടി മേജർ ആർച്ച്ബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി പുറപ്പെടുവിക്കുന്ന സർക്കുലർ.**

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

2018 ആഗസ്റ്റ് മാസത്തിൽ നടക്കേണ്ടിയിരുന്ന 26-ാമതു സിനഡിന്റെ രണ്ടാം സമ്മേളനം പ്രളയംമൂലം നടത്താൻ സാധിച്ചില്ലല്ലോ. തൻമൂലം 27-ാമത് സിനഡിന്റെ ഒന്നാം സമ്മേളനം 2019 ജനുവരിയിൽ ഒരാഴ്ചയ്ക്കു പകരം രണ്ടാഴ്ചയായി വർദ്ധിപ്പിച്ച് സഭാകേന്ദ്രമായ മൗണ്ട് സെന്റ് തോമസിൽ വച്ച് കൂടി. പ്രളയക്കെടുതിയിൽ വലിയ നാശനഷ്ടങ്ങൾ നേരിടുകയും ഏറെ ക്ലേശങ്ങൾ അനുഭവിക്കുകയും ചെയ്ത എല്ലാവരുടെയും വേദനയിൽ സിനഡുപിതാക്കൻമാർ പങ്കുചേർന്നു. പ്രളയത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്കു വേണ്ടിയും കഷ്ടതകൾ അനുഭവിക്കുന്നവർക്കു വേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്തു. കേരളത്തിലും ലോകമെമ്പാടുമുള്ള നമ്മുടെ സഹോദരങ്ങളുടെയും സന്നദ്ധസംഘടനകളുടെയും സഹായസന്നദ്ധതയും മഹാമനസ്കതയും വെളിപ്പെടുത്തുന്നതായിരുന്നു പ്രളയാനന്തരപ്രവർത്തനങ്ങൾ. വേദനയനുഭവിക്കുന്ന സഹോദരങ്ങൾക്ക് ഒരു കൈത്താങ്ങാകാൻ കരുണയുടെ കരങ്ങളായി പ്രവർത്തിച്ച ഏവർക്കും സിനഡ് കൃതജ്ഞതയും അഭിനന്ദനവും അറിയിച്ചു.

പ്രളയ ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനങ്ങളിൽ എല്ലാവരും ആത്മാർത്ഥമായി പങ്കുചേർന്നു എന്നത് ചാരിതാർത്ഥ്യജനകമായ വസ്തുതയാണ്. ഇപ്പോൾ ലഭിച്ചിരിക്കുന്ന കണക്കനുസരിച്ച് സീറോ മലബാർ സഭയിലെ വിവിധ രൂപതകളും ഇടവകകളും സമർപ്പിത സമൂഹങ്ങളും അല്മായ സഹോദരങ്ങളും ചേർന്ന് 187,59,94806 (നൂറ്റി എൺപത്തിയേഴ് കോടി അൻപത്തിയൊൻപത് ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി എണ്ണൂറ്റിയാറ്) രൂപയുടെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. ഇതിൽ, സീറോമലബാർസഭയുടെ സാമൂഹിക പ്രവർത്തനശൃംഖലയായ സ്പന്ദനിലൂടെ സമാഹരിച്ച 1,13,05204 (ഒരു കോടി പതിമൂന്നു ലക്ഷത്തി അയ്യായിരത്തി ഇരുന്നൂറ്റി നാല്) രൂപ കേരള മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് സംഭാവന ചെയ്യുകയുണ്ടായി. കെ.സി.ബി.സി.യുടെ നേതൃത്വത്തിൽ മുഖ്യമന്ത്രിക്ക് നേരത്തേ നൽകിയ ഒരുകോടിരൂപയിൽ 50 ലക്ഷം രൂപ സീറോ മലബാർ സഭയുടെ വിഹിതമായിരുന്നു എന്നതും ഈ സാഹചര്യത്തിൽ ഓർമിപ്പിക്കുന്നു. കൂടാതെ കേരളത്തിലെ എല്ലാ രൂപതക

ളിൽനിന്നും ചെറുതും വലുതുമായ സംഭാവനകൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് സ്വന്തംനിലയിൽ കൊടുക്കുകയും ചെയ്തിരുന്നു.

മെത്രാഭിഷേകത്തിനുശേഷം ഈ സിനഡിൽ ആദ്യമായി പങ്കെടുത്ത ഇടുക്കി രൂപതാദ്ധ്യക്ഷൻ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവിനും സാഗർ രൂപതാദ്ധ്യക്ഷൻ മാർ ജെയിംസ് അത്തിക്കളം പിതാവിനും സിനഡ് സ്വാഗതം ആശംസിച്ചു. എറണാകുളം-അങ്കമാലി അതിരൂപതയുടെ അഡ്മിനിസ്ട്രേറ്ററായി ചുമതലയേറ്റ മാർ ജേക്കബ് മനത്തോടത്ത് പിതാവിനും സിനഡ് ആശംസകൾ നേർന്നു. മുൻ സിനഡിന്റെ തീരുമാനങ്ങൾ പുനരവലോകനം ചെയ്തുകൊണ്ടാണ് സിനഡുസമ്മേളനം ആരംഭിച്ചത്. പല തീരുമാനങ്ങളും അതതു രൂപതാതലത്തിലും ആഗോളതലത്തിലും പ്രാവർത്തികമാക്കാൻ കഴിഞ്ഞതിൽ സിനഡ് സംതൃപ്തി പ്രകടിപ്പിച്ചു.

### അജപാലനസമീപനങ്ങളും സഭാനവീകരണവും

അടുത്തകാലത്ത് നമുക്ക് അഭിമുഖീകരിക്കേണ്ടിവന്ന സംഭവവികാസങ്ങളെ തികഞ്ഞ ആത്മീയതയുടെ വെളിച്ചത്തിൽ വിലയിരുത്തുവാൻ പിതാക്കൻമാർ സിനഡു സമ്മേളനത്തിൽ ശ്രമിക്കുകയുണ്ടായി. സഭയിലെ വൈദികരും സന്ന്യസ്തരും തങ്ങളുടെ യഥാർത്ഥമായ വിളിയും ദൗത്യവും കൂടുതൽ ഗൗരവമായി എടുക്കേണ്ടതുണ്ട്. വൈദികമേൽക്കോയ്മ, സ്ഥാപനവത്കരണം എന്നിവ ഒഴിവാ ക്കി ഈശോയുടെ മാതൃകയിൽ പൗരോഹിത്യശുശ്രൂഷയിലേക്ക് ഏവരും കടന്നുവരേണ്ടതുണ്ട്. ഈ വിധത്തിലുള്ള പ്രശ്നങ്ങൾക്ക് സഭാത്മകമായ ഒരു ശാശ്വതപരിഹാരം ആവശ്യമാണെന്ന് ഏവരും അഭിപ്രായപ്പെട്ടു. സഭയുടെ അടിസ്ഥാനപരമായ സാക്ഷ്യത്തെപ്പറ്റിയും ആനുകാലികപ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരമാർഗങ്ങൾ ആരാഞ്ഞുകൊണ്ടും അവധാനപൂർണമായ ആത്മശോധന നടത്തുകയുണ്ടായി. യഥാർത്ഥത്തിലുള്ള ആത്മനവീകരണവും വിശുദ്ധീകരണവും സഭാനേതൃത്വം മുതൽ എല്ലാതലങ്ങളിലും അനിവാര്യമാണെന്ന് സിനഡ് വിലയിരുത്തി. അതിൻെറ വെളിച്ചത്തിൽ തയ്യാറാക്കിയ സർക്കുലർ നമ്മുടെ എല്ലാ ഇടവകകളിലും വായിച്ചിരുന്നല്ലോ.

മാറിയ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ പശ്ചാത്തലത്തിൽ സഭ നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളും അഭിമുഖീകരിക്കുന്ന വെല്ലുവിളികളും എങ്ങനെ തരണം ചെയ്യണമെന്നത് സിനഡു പിതാക്കൻമാർ ശ്രദ്ധാപൂർവം വിചിന്തനം ചെയ്തു.നമ്മുടെ ക്രൈസ്തവ തനിമയും വിശ്വാസ്യതയും ശക്തിപ്പെടുത്തുന്നതിനുള്ള സമീപനങ്ങൾ ആരാഞ്ഞുകൊണ്ടുള്ള ആലോചനകളും നടത്തി. ഒരു സ്വയാധികാരസഭയായി പ്രഖ്യാപിക്കപ്പെട്ടതിന്റെ രജതജൂബിലി ആഘോഷിച്ച നമ്മുടെ സഭ കൂടുതൽ ആത്മീയവളർച്ചയുടെയും സാക്ഷ്യത്തിന്റെയും വഴിയിലേക്ക് വരണമെന്ന അഭിപ്രായമുണ്ടയർന്നു വന്നു. സഭയിലെ എല്ലാ വിഭാഗങ്ങളും ഘടകങ്ങളും തങ്ങളുടെ വിളിയെയും വിശുദ്ധിയെയുംപറ്റി കൂടുതൽ ബോധമുള്ളവരായിത്തീരണം. വൈദികസാക്ഷ്യവും സന്ന്യസ്തസമർപ്പണവും കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്. ഇടവകകളിലെ കുടുംബയൂണി

**റ്റുകൾ, പ്രാർത്ഥനായോഗങ്ങൾ, ഭക്തസംഘടനകൾ എന്നിവയുടെ പ്രവർത്തന ശൈലി പുനർവിചിന്തനം ചെയ്യപ്പെടേണ്ട തുണ്ട്.** സാമൂഹികതലങ്ങളിൽ സഭാമക്കളുടെയും സന്ന്യസ്തരുടെയും പങ്കാളിത്തം പുതിയ രൂപഭാവങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സഭാത്മകവും ക്രിസ്തീയവുമായ സാക്ഷ്യത്തിനുള്ളഅവസരമാക്കിമാറ്റണം.സഭയ്ക്ക് അകത്തുനിന്നും പുറത്തുനിന്നും ലഭിക്കുന്ന പരാതികളിൽ തീർപ്പുകൽപ്പിക്കാൻ രൂപതാതലത്തിൽ ഒരു പ്രശ്നപരിഹാരസമിതി (Grievance Redressal Cell) രൂപീകരിക്കേണ്ടതിന്റെ ആവശ്യകത സിനഡ് ചർച്ച ചെയ്യുകയും അതതു രൂപതാദ്ധ്യക്ഷൻമാർ അതിന് മുൻകൈ എടുക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. ഇത്തരം സമിതികളിൽ അല്മായരുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും സമയബന്ധിതമായി തീർപ്പുകല്പ്പിച്ച് നീതി നടപ്പാക്കുകയും വേണം.

കാലാകാലങ്ങളിൽ സഭയിലുണ്ടാകുന്ന പ്രശ്നങ്ങളുടെ പരിഹാരത്തിന് വൈദികരുടെയും സന്ന്യസ്തരുടെയും അല്മായരുടെയും പങ്കാളിത്തം ഉറപ്പുവരുത്തുവാനും അവരെ ശ്രവിക്കുവാനുമുള്ള കൂടുതൽ കാര്യക്ഷമമായ വേദി നൽകണമെന്നും സിനഡ് അഭിപ്രായപ്പെട്ടു. ഇതിന്റെ പശ്ചാത്തലത്തിൽ, വരുംകാല സിനഡുസമ്മേളനങ്ങളോടനുബന്ധിച്ച് ഒരു ദിവസം അല്മായ പ്രതിനിധികളെ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിമാർ, സംഘടനാഭാരവാഹികളുടെ പ്രതിനിധികൾ തുടങ്ങിയവരെ, പങ്കെടുപ്പിക്കുന്നതിനെപ്പറ്റി ആലോചിച്ചു.

### സെയ്ഫ് എൻവയൺമെന്റ് പ്രോഗ്രാം

വത്തിക്കാനിലെ വിശ്വാസതിരുസംഘത്തിന്റെയും ഭാരതമെത്രാൻ സമിതിയുടെയും മാർഗരേഖകളുടെ വെളിച്ചത്തിൽ പള്ളികൾ, വൈദികഭവനങ്ങൾ, മതബോധന ക്ളാസ്സുകൾ, ഭക്തസംഘടനകൾ, ആതുരാലയങ്ങൾ, സന്ന്യാസഭവനങ്ങൾ എന്നിവയുടെ പ്രവർത്തനരംഗങ്ങളിൽ സ്ത്രീകൾക്കും കുട്ടികൾക്കും സന്തോഷകരമായും സുരക്ഷിതമായും പ്രവർത്തിക്കുവാനുള്ള സാഹചര്യം ഒരുക്കുവാൻ സിനഡു തീരുമാനിച്ചു. കെ.സി.ബി.സി. പ്രസിദ്ധീകരിച്ച സെയ്ഫ് എൻവയൺമെന്റ് **പ്രോഗ്രാം** ഗിസി, നമ്മുടെ എല്ലാ രൂപതകളിലും സമർപ്പിതസമൂഹങ്ങളിലും സ്ഥാപനങ്ങളിലും നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള മേജർ ആർച്ച്ബിഷപ്പിന്റെ ഡിക്രിയുടെ കൂടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. എല്ലാ രൂപതകളിലും സന്ന്യാസസമൂഹങ്ങളിലും ഇതുമായി ബന്ധപ്പെട്ട് ആവശ്യമായ സമിതികൾ രൂപീകരിക്കുകയും ഡയറക്ടർമാരെ നിയമിക്കുകയും ചെയ്യേണ്ടതാണ്. ഇത് നടപ്പിലാക്കുവാൻ ബഹു. വികാരിയച്ചൻമാരും സമർപ്പിതരും മറ്റു ബന്ധപ്പെട്ടവരും ശ്രദ്ധിക്കണം. ഇക്കാര്യത്തിൽ വീഴ്ചകളും പിഴവുകളും നിയമലംഘനങ്ങളും സംഭവിച്ചാൽ ഇന്ത്യയിലെ നിയമവ്യവസ്ഥ അനുശാസിക്കുന്ന നടപടികളായിരിക്കും സ്വീകരിക്കേണ്ടതെന്ന് ഈ അവസരത്തിൽ ഓർമ്മിപ്പിക്കുന്നു.

### മാധ്യമവിചിന്തനം

അതിവേഗം വളരുകയും അനുസ്യൂതം വ്യാപിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന സാമൂഹികമാധ്യമങ്ങളുടെയും ദൃശ്യശ്രാവ്യമാധ്യമങ്ങളുടെയും ഉത്തരവാദിത്വബോധത്തോടെയുള്ള ഉപയോഗത്തെക്കുറിച്ചും ഈ മേഖലയിൽ ഇന്നു സംഭവിച്ചുകൊണ്ടിരിക്കുന്ന അപചയത്തെക്കുറിച്ചും സിനഡ് ചർച്ചചെയ്തു. മാധ്യമസാക്ഷരതയും ധാർമ്മികതയും നമ്മുടെ വിശ്വാസി സമൂഹത്തിൽ വളർത്തിയെടുക്കുകയും അവരെ പരിശീലിപ്പിക്കുകയും വേണം. അസത്യവും അവാസ്തവവുമായ വാർത്തകളും സന്ദേശങ്ങളും പ്രചരിപ്പിക്കുന്നത് ന്യായീകരിക്കാനാവില്ല. വ്യക്തിഹത്യയും സഭാസംവിധാനങ്ങൾക്കെതിരേയുള്ള ബോധപൂർവകമായ ദുഷ്പ്രചാരണങ്ങളും നടത്തുന്നത് മാന്യമായ മാധ്യമപ്രവർത്തനമല്ല. സാമൂഹികമാധ്യമങ്ങളിലൂടെ സഭയുടെ പ്രവർത്തനങ്ങളെ തമസ്കരിക്കാനും അവഹേളിക്കാനും ബോധപൂർവം നടത്തുന്ന ശ്രമങ്ങളെ കണ്ടില്ലെന്ന് നടിക്കാനാവില്ല. സഭയോടുള്ള ചില മാധ്യമങ്ങളുടെ വിപ്രതിപത്തി തിരിച്ചറിഞ്ഞ് സഭയ്ക്കും സുവിശേഷമൂല്യങ്ങൾക്കും വേണ്ടി നിലകൊള്ളുവാൻ നമ്മുടെ വിശ്വാസികളെ പ്രത്യേകിച്ച്, യുവജനങ്ങളെ പരിശീലിപ്പിക്കേണ്ടതുണ്ട്. സഭയുടെ മാധ്യമപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാൻ സിനഡിന്റെ നേതൃത്വത്തിൽ ഒരു മാധ്യമ കമ്മീഷനെ നിയമിച്ചിട്ടുള്ള വിവരം ഈ അവസരത്തിൽ നിങ്ങളെ അറിയിക്കട്ടെ.

### വൈദിക പരിശീലനത്തിലെ നൂതനാഭിമുഖ്യങ്ങൾ

സഭയിലെ വൈദികപരിശീലനപദ്ധതികളെക്കുറിച്ച് സിനഡ് വിശദമായി ചർച്ച ചെയ്യുകയും സെമിനാരികളുടെ റിപ്പോർട്ടുകൾ പരിശോധിക്കുകയും ചെയ്തു. ഭാവിവൈദികരുടെ പരിശീലനം ആനുകാലികപ്രസക്തവും സഭാത്മകവുമായിരിക്കണം. വൈദികവിദ്യാർത്ഥികളുടെ പരിശീലന കാലത്തുള്ള അജപാലനശുശ്രൂഷ പ്രോൽസാഹിപ്പിക്കേണ്ടതാണ്. വിശ്വാസപരിശീലനംപോലെ മാധ്യമപരിശീലന വും പ്രധാനപ്പെട്ടതാണ്. ആത്മീയവളർച്ച ഉറപ്പുവരുത്തുന്നതോടൊപ്പം തന്നെ മാനസികമായ പക്വത കൈവരിക്കുവാൻ പരിശീലനകാലഘട്ടത്തിൽ വൈദികവിദ്യാർത്ഥികളെ സഹായിക്കേണ്ടതു ണ്ട്. സെമിനാരികളുടെ പ്രവർത്തനത്തിൽ അല്മായരുടെയും സന്യസ്തരുടെയും സഹകരണവും പങ്കാളിത്തവും പ്രോൽസാഹനവും അനിവാര്യമാണെന്ന് സിനഡുപിതാക്കൻമാർ ആവർത്തിച്ച് അഭിപ്രായപ്പെട്ടു.

### പ്രവാസികളുടെ അജപാലനം

കേരളത്തിനു വെളിയിലും ഇന്ത്യയ്ക്കുപുറത്തുമുള്ള പ്രവാസി സമൂഹങ്ങളുടെ അജപാലനശുശ്രൂഷ എന്നും സിനഡിന്റെ സത്വരശ്രദ്ധാവിഷയമാണ്. ഷംഷാബാദ് രൂപതാസ്ഥാപനത്തിന്റെ പശ്ചാത്തലത്തിൽ,കേരളത്തിനുപുറത്തുള്ള സീറോ മലബാർ സഭാമക്കൾ കൗദാശികവും അജപാലനാപരവുമായ ആവശ്യങ്ങൾക്ക് നാട്ടിൽ വരുമ്പോൾ തങ്ങൾ ആയിരിക്കുന്ന സീറോ മലബാർ ഇടവകകളി ൽനിന്ന് ആവശ്യമായ രേഖകൾ കൊണ്ടുവരേണ്ടതാണെന്ന കാ

ര്യം ഓർമിപ്പിക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമായ നിർദേശം അഭിവന്ദ്യ പിതാക്കൻമാർ എല്ലാ രൂപതകളിലും നല്കുമല്ലോ. ഗൾഫിലുള്ള നമ്മുടെ വിശ്വാസ ിസമൂഹത്തിന്റെ അജപാലനകാര്യങ്ങളും സിനഡിൽ ചർച്ച ചെയ്തു. മാർപ്പാപ്പയുടെ ഗൾഫ് സന്ദർശനം അവിടെയുള്ള നമ്മുടെ വിശ്വാസികൾക്ക് കൂടുതൽ ഉണർവ്വ് പകർന്നിട്ടുണ്ട്. അതിൽ സംബന്ധിച്ച എനിക്ക് ഇക്കാര്യം നേരിട്ട് മനസ്സിലാക്കുവാൻ സാധിച്ചു. എല്ലാ സമൂഹങ്ങളിലും, പ്രത്യേകിച്ച് പ്രവാസി സമൂഹങ്ങളിലും, സഭാത്മകചൈതന്യം വളർത്തിയെടുക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. കേരളത്തിനു പുറത്തുള്ള സാഗർ, സത്ന, ഉജ്ജയിൻ രൂപതകൾ സുവർണജൂബിലി ആഘോഷിച്ച വിവരം ഈയവസരത്തിൽ സന്തോഷത്തോടെ സ്മരിക്കുന്നു. രൂപതയായി ഉയർത്തപ്പെട്ട കാനഡയിലെ മിസ്സിസ്സാഗായുടെ മേലദ്ധ്യക്ഷനും വിശ്വാസികൾക്കും ഈയവസരത്തിൽ അനുമോദനങ്ങൾ അറിയിക്കുന്നു.

## സുവിശേഷവത്കരണത്തിന് നവസാധ്യതകൾ

നമ്മുടെ സഭ ഭാരതം മുഴുവനിലും ആഗോളതലത്തിലും വളരുന്നത് സഭയുടെ സുവിശേഷവൽകരണത്തിനുള്ള സാധ്യതകൾ വിപുലമാക്കാനുള്ള അവസരമായിട്ടുവേണം നാം സ്വീകരിക്കാൻ. ഇന്ത്യയിലെവിടെയും പ്രവർത്തന സ്വാതന്ത്ര്യം ലഭിച്ചത് മുഖ്യമായും പ്രേഷിതപ്രവർത്തനത്തിനുള്ള വലിയ സാധ്യതകൾ നൽകുന്നുവെന്ന് ഫ്രാൻസിസ് മാർപാപ്പാ 2017 ഒക്ടോബർ 9-ന് പ്രസിദ്ധീകരിച്ച എഴുത്തിൽ പ്രതിപാദിക്കുന്നുണ്ട്. സുവിശേഷചൈതന്യത്തിന്റെ അടിസ്ഥാനത്തിലും കാലഘട്ടത്തിന്റെ ആവശ്യങ്ങൾ വിവേചിച്ചറിഞ്ഞും സഭയുടെ സുവിശേഷവത്കരണപ്രവർത്തനങ്ങൾ രൂപപ്പെടുത്തുകയും നവീകരിക്കുകയും ചെയ്യണം. സഭാത്മക പ്രവർത്തനങ്ങളിലൂടെയും നമ്മുടെ സാന്നിദ്ധ്യത്തിലൂടെയും സാക്ഷ്യത്തിലൂടെയും പ്രേഷിതപ്രവർത്തനങ്ങൾ നടത്തുവാനുള്ള സാദ്ധ്യതകളേറെയാണ്. ഇതിനായി സഹകരിക്കുവാൻ മാതൃസഭയിലെ വൈദികരും സന്ന്യസ്തരും അല്മായപ്രേഷിതരും മുമ്പോട്ട് വരേണ്ടതുണ്ട്. നാട്ടിലെ ഓരോ രൂപതാവൈദികനും, പ്രത്യേകിച്ച് യുവവൈദികർ, രണ്ടോ മൂന്നോ വർഷത്തേക്കെങ്കിലും കേരളത്തിനു പുറത്തുള്ള നമ്മുടെ മിഷൻ കേന്ദ്രങ്ങളിൽ സേവനം ചെയ്യുന്ന കാര്യം ആലോചിക്കണമെന്ന അഭിപ്രായമുണ്ടായി. ഈ മിഷൻ സംരംഭത്തിൽ നാട്ടിലെ രൂപതകളിലെ സമ്പന്നരായ വ്യക്തികളും കുടുംബങ്ങളും പുറത്തുള്ള മിഷനുകളെ ദത്തെടുക്കുന്ന ഒരു സംവിധാനത്തെപ്പറ്റി ചിന്തിക്കേണ്ടതുണ്ട്. ഇതിനോടകം നമ്മുടെ മിഷൻരൂപതകളെ നാട്ടിലെ പല രൂപതകളും ദത്തെടുത്തിട്ടുണ്ടെന്നതും നമ്മുടെ പല വൈദികരും സന്ന്യാസസമൂഹങ്ങളും അവിടെ സേവനം ചെയ്യുന്നുവെന്നതും ഈയവസരത്തിൽ നന്ദിപൂർവം സ്മരിക്കുന്നു.

## വിദ്യാഭ്യാസ മേഖലയിലെ വെല്ലുവിളികൾ

വിദ്യാഭ്യാസമേഖലയിൽ ന്യൂനപക്ഷസ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ സഭ ഉൽക്കണ്ഠയോടെയാണ് നോക്കിക്കാണുന്നത്. വർഷങ്ങളായി നിയമനാം

ഗീകാരം ലഭിക്കാതെ വലയുന്ന അദ്ധ്യാപകരുടെ സാഹചര്യം സഹാനുഭൂതിയോടെ സഭ മനസ്സിലാക്കുന്നു. ന്യൂനപക്ഷാവകാശങ്ങൾ പരിഗണിക്കുമ്പോൾ മതങ്ങൾക്ക് ഉപവിഭാഗങ്ങളില്ല എന്നുള്ള കോടതിവിധിയും അനുബന്ധമായ സർക്കാർ ഉത്തരവും ന്യൂനപക്ഷസ്ഥാപനങ്ങളുടെ അവകാശങ്ങളെ ദോഷകരമായി ബാധിക്കുകയും ക്രമേണ അവയെ ഇല്ലാതാക്കുകയും ചെയ്യുമെന്നത് നമുക്ക് ആശങ്കയുണർത്തുന്നതാണ്.

**ഇനിയും പരിഹരിക്കാത്ത കർഷകരുടെ പ്രശ്നങ്ങൾ**

നമ്മുടെ കർഷകരുടെ ഭൂമിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, കാർഷിക വിളകളുടെ വിലത്തകർച്ച, കൃഷിയിടങ്ങളിലെ വന്യമൃഗശല്യം എന്നിവയ്ക്ക് സർക്കാരിന്റെ ഭാഗത്തുനിന്ന് ശാശ്വതമായ പരിരക്ഷയും പരിഹാരവുമാണ് സഭ പ്രതീക്ഷിക്കുന്നത്. അതിനായി രൂപതാതലത്തിലും ഇടവകതലത്തിലും ബോധവത്കരണ പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതാണ്. കത്തോലിക്കാ കോൺഗ്രസിന്റെ പ്രവർത്തനങ്ങൾ ഇന്നത്തെ സാഹചര്യത്തിൽ കൂടുതൽ ഫലപ്രദമാക്കേണ്ടതാണ്. കർഷകരുടെ പ്രശ്നങ്ങൾ, ദളിത്സംവരണം തുടങ്ങിയ കാര്യങ്ങളിൽ കത്തോലിക്കാകോൺഗ്രസ് കൂടുതൽ ഇടപെടണമെന്ന അഭിപ്രായവുമുണ്ടായി.

**സംഘടനാപ്രവർത്തനങ്ങൾ**

നമ്മുടെ യുവജനസംഘടനയായ SMYM (സീറോ മലബാർ യൂത്ത് മൂവ്മെന്റ്) ന്റെ നിയമാവലിക്ക് സിനഡ് നൽകിയിരുന്ന താത്കാലിക അംഗീകാരം മൂന്നു വർഷത്തേക്കുകൂടി നീട്ടുകയുണ്ടായി. നമ്മുടെ എല്ലാ രൂപതകളിലും യുവജന സംഘടനാപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുവാനും അതുവഴി നമ്മുടെ യുവതീയുവാക്കളുടെ വിശ്വാസജീവിതത്തെ ശക്തിപ്പെടുത്തുവാനും സിനഡ് പിതാക്കൻമാർ ആഹ്വാനം ചെയ്തു. ചെറുപുഷ്പ മിഷൻലീഗിന്റെ നിയമാവലിയും ഈ സിനഡു സമ്മേളനത്തിൽ അംഗീകരിക്കുകയുണ്ടായി. നമ്മുടെ സഭയുടെ ദൈവവിളി പ്രോത്സാഹനത്തിനുള്ള മാർഗരേഖയും ഈ സിനഡ് അംഗീകരിച്ചു.

**അസംബ്ലി തീരുമാനങ്ങൾ പ്രായോഗിക തലത്തിലേയ്ക്ക്**

2016 ആഗസ്റ്റ് മാസത്തിൽ നടന്ന നാലാമത് മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സിനഡിൽ രൂപപ്പെട്ട 10 തീരുമാനങ്ങൾ കഴിഞ്ഞ വർഷം നടപ്പാക്കുകയുണ്ടായി. ഇതിന്റെ തുടർച്ചയായി നമ്മുടെ എല്ലാ രൂപതകളിലും നടപ്പിലാക്കുന്നതിനായി ഈ സിനഡ് സമ്മേളനം ചർച്ച ചെയ്തു തീരുമാനിച്ച 10 നിർദ്ദേശങ്ങൾ താഴെ കൊടുത്തിരിക്കുന്നവയാണ്.

1. സഭയിൽ നേതൃത്വശുശ്രൂഷയിലേക്ക് കടന്നുവരുന്ന അല്മായ സഹോദരങ്ങൾക്ക്, പ്രത്യേകിച്ച് കൈക്കാരന്മാർ, ദേവാലയശുശ്രൂഷികൾ, മതാദ്ധ്യാപകർ, കുടുംബക്കൂട്ടായ്മ ഭാരവാഹികൾ, സംഘടനാഭാരവാഹികൾ എന്നി

വർക്ക്, സഭയുടെ ജീവിതശൈലിക്ക് യോജിച്ച ലാളിത്യത്തെക്കുറിച്ച് വേണ്ടത്ര പരിശീലനം നല്കണം. പ്രായപരിധികൾക്കനുസരിച്ചും കുടുംബതലത്തിലും ധ്യാനങ്ങളും ബോധവത്കരണ സെമിനാറുകളും കൂടുതലായി പ്രോത്സാഹിപ്പിക്കണം.

2. ഇടവക ഉൾപ്പെടെയുള്ള സഭയുടെ ഭരണസംവിധാനങ്ങളിൽ പ്രകടമാകുന്ന ഉദ്യോഗസ്ഥ മേധാവിത്വശൈലി ഉപേക്ഷിക്കണം. സഭാസംവിധാനങ്ങളുടെ ഓഫീസുകൾ അജപാലനശുശ്രൂഷയുടെ സ്വഭാവം നിലനിർത്തുകയും ആവശ്യമെങ്കിൽ ജനങ്ങൾക്ക് കൂടുതൽ സംലഭ്യമാകുംവിധം പുനഃക്രമീകരണം നടത്തുകയും വേണം.

3. വൈദികരിൽനിന്നും സമർപ്പിതരിൽനിന്നും കൂടുതൽ ഹൃദ്യമായ വാക്കുകളും സമീപനങ്ങളും എല്ലാ ജനങ്ങൾക്കും, വിശിഷ്യ യുവജനങ്ങൾക്കും ലഭിക്കണം.

4. പരിസ്ഥിതി സംരക്ഷണത്തിനായി ഇടവകകളും സ്ഥാപനങ്ങളും ക്ലീൻ പാരിഷ് പരിപാടികളും ക്ലീൻ ക്യാംപസ് പ്രോജക്റ്റുകളും നടപ്പിലാക്കണം.

5. യുവജനങ്ങളുടെ ജോലിസാദ്ധ്യതകൾ സംബന്ധിച്ചും വിവിധ രീതികളിൽ ക്ലേശമനുഭവിക്കുന്നവർക്കുള്ള സർക്കാർ പദ്ധതികൾ, സബ്സിഡികൾ, സഹായങ്ങൾ മുതലായവയെക്കുറിച്ചും അറിവ് നല്കുന്നതിനായി ഹെൽപ്ഡെസ്ക്, രൂപത/ഫൊറോന തലങ്ങളിൽ ഏർപ്പെടുത്തണം.

6. പാർശ്വവത്കരിക്കപ്പെട്ടവർ ഇന്ത്യയിൽ ക്രൂരമായ പീഡനത്തിനു വിധേയരായിക്കൊണ്ടിരിക്കുന്നത് തികച്ചും അപലപനീയമാണ്. ദളിതരുടെയും സ്ത്രീകളുടെയും കുട്ടികളുടെയും മതന്യൂനപക്ഷങ്ങളുടെയും വിമോചനത്തിനും ശാക്തീകരണത്തിനും വേണ്ടി നാം മുന്നിട്ടിറങ്ങണം. പാർശ്വവത്കരിക്കപ്പെട്ടവർക്കുള്ള അവകാശങ്ങൾ സർക്കാരിൽനിന്ന് നേടിയെടു ക്കുവാൻ ഫലപ്രദമായ മാർഗങ്ങൾ തേടേണ്ടതാണ്.

7. മിഷണറിമാരെ, അവരുടെ മിഷൻ അനുഭവങ്ങൾ പങ്കുവയ്ക്കാനും അവരുടെ പ്രവർത്തനങ്ങളെ സഹായിക്കാനുമായി ഇടവകകളിലേക്കും രൂപതകളിലേക്കും ക്ഷണിക്കണം.

8. തിരുനാളുകൾ ഇടവകയുടെ പൊതുവായ ആഘോഷമാക്കുവാൻ ശ്രദ്ധിക്കുകയും ഒരു വ്യക്തിയെയോ, കുടുംബത്തെയോ മാത്രമായി പ്രസുദേന്തി ആക്കുന്നത് നിരുത്സാഹപ്പെടുത്തുകയും വേണം.

9. വൈവാഹിക കുടുംബബന്ധങ്ങളിലുള്ള തകർച്ചമൂലം ദുരിതമനുഭവിക്കുന്ന വിശ്വാസികളെ സഹായിക്കുവാനും സന്തോഷപ്രദമായ കുടുംബജീവിതം പുനരാരംഭിക്കുവാൻ അവരെ പ്രാപ്തരാ ക്കാനുംവേണ്ടി എല്ലാ വൈദികരും സന്ന്യസ്തരും പരിശ്രമിക്കണം. യോഗ്യരായ ദമ്പതികളെ ഇത്തരം അജപാലന ശുശ്രൂഷകൾക്കായി പരിശീലനം നല്കി നിയോഗിക്കാവുന്നതാണ്.

10. പ്രവാസി പ്രദേശങ്ങളിൽ പ്രോവിൻസുകളും ഭവനങ്ങളും തുടങ്ങുവാൻ സീറോ മലബാർ സഭയിൽപ്പെട്ട സമർപ്പിതസമൂഹങ്ങൾ തയ്യാറാകണം.

2018 സെപ്റ്റംബർ 1 മുതൽ പ്രളയത്തോടനുബന്ധിച്ച് സീറോ മലബാർ സഭയുടെ ആസ്ഥാനകാര്യലയത്തിലെ ചാപ്പലിൽ നിത്യാരാധന നടത്തുന്നതിൽ സിനഡ് സംതൃപ്തി രേഖപ്പെടുത്തി. നിത്യാരാധനയുടെ ഓരോ ദിവസവും സഭയുടെ വിവിധങ്ങളായ നിയോഗങ്ങൾ സമർപ്പിച്ച് പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നു. സിനഡുദിവസങ്ങളിൽ അഭിവന്ദ്യപിതാക്കൻമാരെ അഭിസംബോധന ചെയ്യാനും വ്യക്തിപരമായി കണ്ടു സംസാരിക്കാനും പേപ്പൽ നുൺഷ്യോ ആർച്ച് ബിഷപ്പ് ജാൻബത്തിസ്ത്ത ദിക്വാത്രോ സന്നിഹിതനായിരുന്നു എന്നത് ഈയവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു. അതുപോലെ ദീർഘനാൾ സഭാകേന്ദ്രത്തിൽ ശുശ്രൂഷ ചെയ്ത ശേഷം വിരമിക്കുന്ന കൂരിയ ചാൻസലർ ബഹു. ആന്റണി കൊള്ളന്നൂരച്ചനും ഫിനാൻസ് ഓഫീസർ ബഹു. മാത്യു പുളിമൂട്ടിലച്ചനും ഈ സാഹചര്യത്തിൽ കൃതജ്ഞത അർപ്പിക്കുന്നു.


വളരെ ഫലപ്രദവും സജീവവുമായ ചിന്തകൾക്കും ചർച്ചകൾക്കുംശേഷം 18-ാം തീയതി സിനഡ് സമാപിച്ചു. സിനഡിന്റെ എല്ലാ പ്രവർത്തനങ്ങളും നമ്മുടെ സഭയുടെ വളർച്ചയ്ക്കും നൻമയ്ക്കും ഉപകരിക്കുന്നതിന് നിങ്ങളെല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**കർദ്ദിനാൾ ജോർജ് ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

N.B: ഈ വിജ്ഞാപനം ഉചിതമായ മാർഗങ്ങളിലൂടെ അതതു രൂപത/അതിരൂപതകളിലെ വൈദികരു ടെയും സന്ന്യസ്തരുടെയും അല്മായസഹോദങ്ങളെയുടെയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.



കുട്ടികൾക്കുള്ള കത്ത് -2

# പരീക്ഷയ്ക്ക് ഒരുങ്ങാം

വാത്സല്യമുള്ള കുഞ്ഞുങ്ങളേ,

ഒരു വർഷത്തെ അധ്വാനത്തിന്റെ ഫലം കൊയ്യാനായി അധ്യായന വർഷത്തിന്റെ അവസാനത്തിൽ നിങ്ങൾ പരീക്ഷക്കൊരുങ്ങുകയാണ്. നന്നായി അധ്വാനിക്കുകയും പഠിക്കുകയും നല്ല മാർക്ക് വാങ്ങാൻ ആഗ്രഹിക്കുകയും ചെയ്യുന്ന കുട്ടികൾക്ക് ഉള്ളിൽ ഒരു വിങ്ങൽ എപ്പോഴും കാണും. ഒരു ചിപ്പി മറ്റൊരു ചിപ്പിയോട് പറഞ്ഞു. “എന്റെ ഉള്ളിൽ എന്തോ ഒന്ന് എന്നെ വേദനി പ്പിച്ചുകൊണ്ടിരിക്കുന്നു”. ഉടനെ മറ്റെചിപ്പി പറഞ്ഞു “എനിക്ക് വേദനയും വിങ്ങ ലുമൊന്നുമില്ലല്ലോ. ഞാൻ നല്ല സുഖമായി കഴിയുന്നു”. പക്ഷേ വേദനിക്കുന്ന ചിപ്പിയുടെ ഉള്ളിൽ നിന്നാണ് പവിഴമുത്തുകൾ രൂപപ്പെട്ട് പുറത്തുവരുന്നത്. നിങ്ങൾ സന്തോഷം കണ്ടെത്തുന്ന നിരവധി കാര്യങ്ങൾ, ടി.വി.യും മൊബൈൽ ഫോണും, ഇന്റർനെറ്റും, കായികവിനോദങ്ങളും, ഉല്ലാസങ്ങളും എല്ലാം മാറ്റിവെച്ച് പഠിക്കാനിരിക്കുമ്പോൾ നിങ്ങൾ അനുഭവിക്കുന്ന ഒരു വിങ്ങ ലുണ്ട്. ഈ വിഷമങ്ങൾ നിങ്ങൾക്കു വിജയത്തിന്റെ പവിഴമുത്തുകൾ സമ്മാ നിക്കും.

ധാരാളം തടസ്സങ്ങൾ പരീക്ഷക്കൊരുങ്ങുമ്പോൾ നിങ്ങൾ അഭിമുഖീക രിക്കാറുണ്ട്. ചില വിഷയങ്ങൾ നമ്മളെ പേടിപ്പെടുത്താറുണ്ട്. ടെൻസിങ്ങും ഹിലാരിയും പലതവണ എവറസ്റ്റ് കീഴടക്കാൻ ശ്രമിച്ചിട്ടും പരാജയപ്പെട്ടു. ഇത്തവണ എന്തായാലും എവറസ്റ്റ് കീഴടക്കും എന്ന് തീരുമാനിച്ചാണ് അവർ മലകയറ്റം ആരംഭിച്ചത്. അല്പം കഴിഞ്ഞപ്പോൾ പെട്ടെന്ന് കാലാവസ്ഥ തകിടം മറിഞ്ഞു. ഒരടി പോലും മുമ്പോട്ട് പോകാൻ സാധിക്കുന്നില്ല. പ്രാണഭയം നിമിത്തം തിരിച്ചിറങ്ങാൻ അവർ നിർബന്ധിതരായി. മലയിറങ്ങാൻ തുടങ്ങിയ ഹില്ലാരി തിരിഞ്ഞു നോക്കി ജ്വലിക്കുന്ന കണ്ണുകളോടെ എവറസ്റ്റിന്റെ നേരെ കൈ ചൂണ്ടിക്കൊണ്ട് പറഞ്ഞു: “എവറസ്റ്റ്, നീ എന്നെ പല തവണ പരാജയ പ്പെടുത്തി. ഓർമ്മിച്ചോളൂ, നിന്നെ ഞാൻ ഒരിക്കൽ പരാജയപ്പെടുത്തും. കാരണം നിനക്കിനി വളരാൻ കഴിയില്ല. എനിക്ക് വളരാൻ കഴിയും”. അടുത്ത യാത്രയിൽ ടെൻസിങ്ങും ഹിലാരിയും എവറസ്റ്റ് കീഴടക്കി. നമ്മെ ഭയപ്പെടു ത്തുന്ന പഠനസാഹചര്യങ്ങൾക്കും വിഷമങ്ങൾക്കുമപ്പുറം വളരാനുള്ള ശേഷി നമുക്കോരോരുത്തർക്കുമുണ്ട്. അത് നിശ്ചയദാർഢ്യത്തോടെ ഉപയോഗപ്പെ ടുത്തിയാൽ നമുക്ക് ഏത് ബുദ്ധിമുട്ടുള്ള സാഹചര്യത്തെയും കീഴടക്കാൻ സാധിക്കും.

പരീക്ഷക്കൊരുങ്ങുന്ന നിങ്ങൾ ചില കാര്യങ്ങൾ ശ്രദ്ധിക്കണം. ഒന്നാമതായി, നന്നായി പ്രാർത്ഥിച്ച് പരീക്ഷക്കൊരുങ്ങണം. ഓരോ പഠനസമയവും തുടങ്ങുമ്പോൾ ഒരു മിനിട്ട് സമയമെങ്കിലും ശാന്തമായി ഈശോയോട് പ്രാർത്ഥിച്ച് തുടങ്ങണം. ബുദ്ധിമുട്ടുള്ള വിഷയങ്ങളെയും പരീക്ഷകളെയും പ്രത്യേകം ദൈവകരങ്ങളിൽ കൊടുത്ത് പ്രാർത്ഥിക്കണം. പരീക്ഷകൾ ആരംഭിക്കുന്നതിന് മുമ്പ് ദൈവാലയത്തിൽ പോയി വൈദികരുടെ അനുഗ്രഹം വാങ്ങി പ്രാർത്ഥിക്കണം. നിങ്ങളുടെ പ്രിയപ്പെട്ടവരോടെല്ലാം പരീക്ഷാക്കാലത്ത് പ്രാർത്ഥനാസഹായം ആവശ്യപ്പെടണം. എല്ലാ ദിവസവും പരീക്ഷയ്ക്ക് മുമ്പ് നിശബ്ദതയിലും ഏകാന്തതയിലും 15 മിനിട്ട് എങ്കിലും ധ്യാനിക്കുന്നത് കൂടുതൽ ഉന്മേഷത്തോടെ പരീക്ഷയെഴുതാൻ സഹായിക്കും. ഈ ദിവസങ്ങളിലെല്ലാം ഞാനും നിങ്ങളെ പ്രത്യേകം സമർപ്പിച്ച് പ്രാർത്ഥിക്കുന്നുണ്ട്.

രണ്ടാമതായി, സമാധാനമുള്ള മനസ്സോടെവേണം പരീക്ഷക്കൊരുങ്ങാൻ. എന്തെങ്കിലും അസ്വസ്ഥതകൾ നമ്മുടെ മനസ്സിലുണ്ടെങ്കിൽ അത് നമ്മുടെ പഠനത്തെ തടസ്സപ്പെടുത്തും. മാതാപിതാക്കളോടോ സഹോദരങ്ങളോടോ കുടുംബാംഗങ്ങളോടോ എന്തെങ്കിലും വിഷമമുണ്ടെങ്കിൽ അവരോടൊപ്പമിരുന്ന് സംസാരിച്ച് പരിഹരിക്കണം. പഠിപ്പിച്ച അധ്യാപകരോട് ആരോടെങ്കിലും വെറുപ്പോ വിദ്വേഷമോ ഉണ്ടെങ്കിൽ ആ വിഷയം പഠിക്കാൻ ബുദ്ധിമുട്ടുണ്ടാകും. എപ്പോഴും നിങ്ങളുടെ കുറവുകളിൽ നിങ്ങളെ തിരുത്തേണ്ടത് മാതാപിതാക്കളുടെയും അധ്യാപകരുടെയും കടമയാണ്. പറക്കമുറ്റാറായ പക്ഷിക്കുഞ്ഞുങ്ങൾക്ക് തള്ളപ്പക്ഷി ഒരിക്കലും സ്വസ്ഥത കൊടുക്കാറില്ല. പറക്കാൻ പഠിക്കും വരെ തള്ളപ്പക്ഷി കുഞ്ഞിനെ കൂട്ടിൽ നിന്ന് കൊത്തിപ്പുറത്താക്കിക്കൊണ്ടിരിക്കും. അങ്ങനെയാണ് മാതാപിതാക്കളുടെയും അധ്യാപകരുടെയും തിരുത്തലുകൾ. അവരെയെല്ലാം കണ്ട് വിഷമങ്ങളൊക്കെ മാറ്റി അനുഗ്രഹം വാങ്ങി പരീക്ഷക്കൊരുങ്ങണം. നിങ്ങളുടെ ഭാഗത്തുനിന്നുണ്ടായ ഏത് കുറവുകളും അംഗീകരിക്കാനും പരിഹരിക്കാനും നിങ്ങളെ അനുഗ്രഹിക്കാനും എപ്പോഴും ഒരു നല്ല ഗുരുനാഥനും ഗുരുനാഥക്കും സാധിക്കും. കൂട്ടുകാർക്കിടയിലും ഇത്തരം ഇടർച്ചകളുണ്ടെങ്കിൽ അതും പരിഹരിച്ച് സമാധാനത്തോടെ പരീക്ഷക്കൊരുങ്ങണം.


മൂന്നാമതായി, പരീക്ഷാക്കാലത്ത് നിങ്ങളുടെ ആരോഗ്യം നന്നായി ശ്രദ്ധിക്കണം. ചൂടുകാലമായതിനാൽ നന്നായി വെള്ളം കുടിക്കണം. ഭക്ഷണത്തിൽ ധാരാളം പച്ചക്കറികളും പഴങ്ങളും ഉൾപ്പെടുത്തുകയും മാംസാഹാരം കുറയ്ക്കുകയും ചെയ്യുന്നത് കൂടുതൽ ഉന്മേഷത്തോടെ പഠിക്കാൻ സഹായിക്കും. പരീക്ഷ ദിവസങ്ങളിൽ രാത്രി മുഴുവൻ ഉറക്കമൊഴിച്ചിരുന്ന് പഠിക്കുന്നത് ആരോഗ്യകരമല്ല. ശരീരത്തിനും മനസ്സിനും ആവശ്യത്തിന് വിശ്രമം നല്കിയാലേ പരീക്ഷാഹാളിൽ ചെല്ലുമ്പോൾ പഠിച്ചത് നന്നായി ഓർമ്മിക്കുവാനും എഴുതുവാനും സാധിക്കുകയുള്ളൂ.

നാലാമതായി, പരീക്ഷയ്ക്ക് പോകുമ്പോൾ പരീക്ഷഹാളിലേക്ക് വേണ്ട എല്ലാ സാധനങ്ങളും മറക്കാതെ എടുക്കണം. പരീക്ഷയെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ കൃത്യമായി വായിച്ച് പഠിച്ച് പോകണം. ചോദ്യപ്പേപ്പർ കിട്ടിക്കഴിഞ്ഞാൽ എളുപ്പമാണെങ്കിലും ബുദ്ധിമുട്ടാണെങ്കിലും ശാന്തത കൈവിടാതെ സമയം തിട്ടപ്പെടുത്തി എഴുതണം. നല്ല കയ്യക്ഷരത്തിലും വൃത്തിയിലും എഴുതാനും പ്രധാനപ്പെട്ട പോയിന്റുകൾക്ക് അടിവരയിടാനും ശ്രദ്ധിക്കണം. പരീക്ഷയ്ക്ക് ശേഷം എഴുതിയ പരീക്ഷകളുടെ ചോദ്യോത്തരങ്ങൾ വിലയിരുത്താൻ സമയം കളയരുത്. അതുമൂലം ഉണ്ടാകുന്ന ആകുലതകൾ അടുത്ത പരീക്ഷയുടെ സ്വസ്ഥത നശിപ്പിക്കാനേ ഉപകരിക്കൂ.

അഞ്ചാമതായി, പരീക്ഷകൾക്ക് ശേഷം ഇപ്പോൾ കാണുന്ന ഒരു തെറ്റായ പ്രവണതയുണ്ട്. പഠിച്ച പുസ്തകങ്ങളും സ്കൂൾ യൂണിഫോമുകളും നശിപ്പിച്ച് കളഞ്ഞ് ആഘോഷിക്കുന്ന പ്രാകൃതമായ രീതി. ഇപ്രകാരം ചെയ്ത കുട്ടികൾ ചില പരീക്ഷകൾ വീണ്ടും എഴുതേണ്ടി വന്നപ്പോൾ പുസ്തകമില്ലാതെ കഷ്ടപ്പെടുകയും അടുത്ത പരീക്ഷയെഴുതുവാൻ പുതിയ പുസ്തകങ്ങൾ വാങ്ങുകയും പുതിയ യൂണിഫോം തയ്യ്ക്കുകയും ചെയ്യേണ്ടിവന്ന അനുഭവങ്ങൾ ഉണ്ട്. പരീക്ഷ കഴിഞ്ഞ് പഠനോപകരണങ്ങൾ ആദരവോടെ സൂക്ഷിക്കുന്നത് ലഭിച്ച അറിവിനോടും അറിവ് പകർന്ന വിദ്യാലയത്തോടും ഉള്ള ആദരവിന്റെ ഭാഗമാണ്. നമ്മൾ കാണിക്കുന്ന ആദരം നമുക്ക് ജീവിതത്തിൽ അനുഗ്രഹമായി ഭവിക്കും.

നിങ്ങൾ എല്ലാവരും സന്തോഷത്തോടെയും സമാധാനത്തോടെയും പരീക്ഷക്കൊരുങ്ങണം. പരീക്ഷാപേടി ആർക്കും ആവശ്യമില്ല. പരീക്ഷ ഒരു ഉത്സവമാക്കി മാറ്റണം. പരീക്ഷക്കായി നിങ്ങളെ ആത്മസമർപ്പണത്തോടെ ഒരുക്കിയ അധ്യാപകരെയും മാതാപിതാക്കളെയും ഞാൻ പ്രാർത്ഥനയിൽ ദൈവത്തിന് സമർപ്പിക്കുന്നു. പരീക്ഷാവേളയിൽ ദൈവത്തിന്റെ മാലാഖമാരുടെ സംരക്ഷണം നിങ്ങൾക്കുണ്ടാകും. പരി. അമ്മയുടെയും വി. അൽഫോൻസാമ്മയുടെയും മാദ്ധ്യസ്ഥ്യം നിങ്ങളെ സഹായിക്കും. ജീവിതത്തിലെ പരീക്ഷകളെയെല്ലാം അതിജീവിച്ച ഈശോ നിങ്ങളുടെ പരീക്ഷകളിൽ നിങ്ങളെ സഹായിക്കട്ടെ.

ഒത്തിരി സ്നേഹത്തോടെ
നിങ്ങളുടെ പിതാവ്.



**മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

---

ഈ കത്ത് സൗകര്യപ്രദമായ ഒരു ഞായറാഴ്ച വി. കുർബാനയ്ക്കു ശേഷം കുട്ടികൾക്ക് വായിച്ചുകൊടുക്കേണ്ടതാണ്.

# കച്ചേരിക്കാര്യം

### 1. പുതിയ നിയമനം

ഫാ. മാത്യു കാഞ്ഞിരത്തിങ്കൽ ഒ.എസ്.എഫ്.എസ്. :
അസി. വികാരി, ഈസ്റ്റ് ഹിൽ

### 2. വലിയനോമ്പ്, വിഭൂതി

2019 മാർച്ച് 3-ാം തീയതി ഞായറാഴ്ച അർദ്ധരാത്രി മുതലാണ് ഈ വർഷത്തെ വലിയനോമ്പ് ആരംഭിക്കുന്നത്. 4-ാം തീയതി തിങ്കളാഴ്ചയാണ് വിഭൂതിത്തിരുനാൾ. അന്നേദിവസം ഉപവാസ ദിവസമാണെന്ന് വിശ്വാസികളെ ബഹു. വികാരിയച്ചന്മാർ ഓർമ്മിപ്പിക്കേണ്ടതാണ്. ഉയിർപ്പുതിരുനാൾ വരെ വിവാഹാഘോഷങ്ങൾ പാടില്ലായെന്നതും ശ്രദ്ധയിൽപ്പെടുത്തുന്നു.

### 3. ദൈവവിളി ക്യാമ്പ്

ഈ വർഷത്തെ ദൈവവിളി ക്യാമ്പ് 2019 ഏപ്രിൽ 1-ാം തീയതി തിങ്കളാഴ്ച രാവിലെ 10 മണിക്ക് ആരംഭിച്ച് 3-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് 1 മണിക്ക് സമാപിക്കുന്നതാണ്. ആൺകുട്ടികൾക്ക് പുല്ലൂരാംപാറ ബഥാനിയായിലും പെൺകുട്ടികൾക്ക് മേരിക്കുന്ന് പി.എം.ഒ.സി.യിലുമാണ് ക്യാമ്പുകൾ ക്രമീകരിച്ചിരിക്കുന്നത്. വൈദിക സമർപ്പിത വിളികൾ തെരെഞ്ഞെടുക്കുവാൻ താൽപ്പര്യമുള്ളവരെ ക്യാമ്പിലേക്ക് പറഞ്ഞയയ്ക്കുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

### 5. രൂപതാദിനം 2019

താമരശ്ശേരിയുടെ 32-ാമത് രൂപതാദിനം 2019 ഏപ്രിൽ 27 ശനിയാഴ്ച കൂരാച്ചുണ്ട് സെന്റ് തോമസ് ഫൊറോന ഇടവകയിൽ വച്ച് നടത്തുന്നു. കഴിഞ്ഞ വർഷങ്ങളിലേതുപോലെ കൃതജ്ഞതാബലി, വിവിധ ഗ്രൂപ്പുകൾക്ക് പ്രതിനിധി സമ്മേനങ്ങൾ, പൊതുസമ്മേളനം, വിശിഷ്ടവ്യക്തികളെ ആദരിക്കൽ എന്നിവയാണ് രൂപതാദിന പരിപാടികൾ. രൂപതാദിനത്തിന് ഒരുക്കമായി നടത്തുന്ന സാഹിത്യമത്സരവും വോളിബോൾ ഷട്ടിൽ ടൂർണമെന്റുകളും ഈ വർഷവും ക്രമീകരിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ഈ ലക്കം താമരമൊട്ടിൽ നൽകിയിട്ടുണ്ട്.

രൂപതാദിനത്തിന്റെ ചെലവുകൾക്കായി നമ്മുടെ പതിവനുസരിച്ച് ഇടവകയുടെ ഗ്രേഡിന്റെയടിസ്ഥാനത്തിൽ ഒരു വിഹിതം രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്.

എ ഗ്രേഡ് - 8,000/- ബി ഗ്രേഡ് - 7,000/-

സി ഗ്രേഡ് - 5,000/- ഡി ഗ്രേഡ് - 4,000/-

ഇ ഗ്രേഡ് - 2,500/-

**8. രൂപതാവിഹിതം (7.5%), പൊതുപിരിവുകൾ**

രൂപതാനിയമാവലിയിൽ പറഞ്ഞിരിക്കുന്നതുപോലെ ഇടവകയുടെ വാർഷിക വരുമാനത്തിന്റെ 7.5% രൂപതാവിഹിതമായി നൽകേണ്ടതാണ്. വാർഷിക തിരട്ട് പാസാക്കുന്നതിനും പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന കൈക്കാരന്മാരുടെ പേരുകൾ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുംമുമ്പ് രൂപതാവിഹിതം അടച്ചുതീർക്കണമെന്ന് അറിയിക്കുന്നു.

2018-19 സാമ്പത്തിക വർഷത്തെ പൊതുപിരിവുകൾ ഇനിയും അടച്ചുതീർക്കാനുള്ള ഇടവകകൾ എത്രയുംവേഗം അത് രൂപതാകേന്ദ്രത്തിൽ എത്തിക്കണമെന്ന് അറിയിക്കുന്നു.

**9. യേശുനിധി 2019**

നമ്മുടെ രൂപതയുടെ ജീവകാരുണ്യഫണ്ടായ യേശുനിധിയിലേക്കുള്ള സംഭാവനകൾ ഭവനങ്ങളിൽ നിന്ന് സ്വീകരിക്കുന്നതിനുള്ള കവറുകൾ ഫൊറോന കേന്ദ്രങ്ങളിൽ മാർച്ച് 10 ന് മുമ്പ് എത്തിക്കുന്നതാണ്.

**10. പാരിഷ് കൗൺസിൽ രൂപീകരണം (2019-2022)**

രൂപതാദ്ധ്യക്ഷന്റെ സർക്കുലറിൽ (നമ്പർ 01/2019) നൽകിയിരിക്കുന്ന നിർദ്ദേശപ്രകാരം എല്ലാ ഇടവകകളിലും കുടുംബകൂട്ടായ്മ ലീഡേഴ്സിന്റെ തെരഞ്ഞെടുപ്പ് 2019 മാർച്ച് 15 ന് മുമ്പ് പൂർത്തീകരിക്കേണ്ടതാണ്. നൽകപ്പെട്ടിരിക്കുന്ന മാനദണ്ഡങ്ങളനുസരിച്ച് 2019-22 വർഷങ്ങളിലേക്കുള്ള പാരിഷ് കൗൺസിൽ അംഗങ്ങളുടെ പൂർണ്ണമായ ലിസ്റ്റ് മാർച്ച് 30 ന് മുമ്പ് രൂപതാകാര്യാലയത്തിൽ സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതും തുടർന്ന് പുതിയ പാരിഷ് കൗൺസിൽ രൂപീകരിക്കേണ്ടതുമാണ്.

**11. സ്വാഗതം**

താമരശ്ശേരി രൂപതയിൽ അജപാലന ശുശ്രൂഷയ്ക്കായി കടന്നുവന്നിരിക്കുന്ന ഒ.എസ്.എഫ്.എസ്. സന്യാസസമൂഹാംഗമായ ബഹു. മാത്യു കാഞ്ഞിരത്തിങ്കൽ അച്ചന് ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു. പുതിയ ശുശ്രൂഷാമേഖലയിൽ ദൈവാനുഗ്രഹം പ്രാർത്ഥിക്കുന്നു.

**12. ആദരാഞ്ജലികൾ**

സെന്റ് അലോഷ്യസ് സന്യാസിനി സമൂഹാംഗവും തിരുവമ്പാടി ഇടവക ഇളംതുരുത്തിയിൽ കുടുംബാംഗവുമായ **സി. ഡമിയാന (73)** 2019 ജനുവരി 12 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. വിജയവാഡ രൂപതയിലെ ഗുണദല മാതാവിന്റെ തീർത്ഥാടക ദൈവാലയത്തിൽ മൃതസംസ്കാര ശുശ്രൂഷകൾ നടന്നു. ബഹു. സഹോദരിയുടെ ആകസ്മികമായ വേർപാടിൽ രൂപതാകുടുംബത്തിന്റെ

അനുശോചനം അറിയിക്കുന്നു. പരേതയുടെ ആത്മാശാന്തിയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

താമരശ്ശേരി പ്രൊവിൻസ് ആരാധന സന്യാസിനി സമൂഹാംഗം **സി. സ്റ്റെല്ല മേരി (71)** 2019 ജനുവരി 29 ന് തന്റെ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 30-ാം തീയതി പുല്ലൂരാംപാറ സെന്റ് ജോസഫ് ദൈവാലയത്തിൽ നടന്ന മൃതസംസ്കാര ശുശ്രൂഷകൾക്ക് അഭിവന്ദ്യ മാർ റെമീജിയോസ് പിതാവ് കാർമ്മികത്വം വഹിച്ചു. ബഹു. സഹോദരിയുടെ വേർപാടിൽ രൂപതാകുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു. പരേതയുടെ ആത്മാശാന്തിയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

### 13. സ്മരണാഞ്ജലി

| | | |
|---|---|---|
| 13-03-1987 | - | റവ. ഫാ. വർഗ്ഗീസ് സി.എം.ഐ. |
| 17-03-1991 | - | റവ. ഫാ. ജോസഫ് കൊട്ടുകാപ്പള്ളി |
| **24-03-2011** | **-** | **റവ. ഫാ ജോർജ് പരുത്തപ്പാറ** |
| **29-03-2018** | **-** | **റവ. ഫാ. സെബാസ്റ്റ്യൻ കാഞ്ഞിരക്കാട്ടുകുന്നേൽ** |

**പ്രോട്ടോസിഞ്ചെല്ലൂസ്**



# വൈദിക സമിതി സമ്മേളന റിപ്പോർട്ട്

പത്താമത് വൈദിക സമിതിയുടെ ആറാമത് സമ്മേളനം 2019 ഫെബ്രുവരി 19-ാം തീയതി രാവിലെ 10.30 ന് താമരശ്ശേരി രൂപതാഭവനിലെ കോൺഫറൻസ് ഹാളിൽ നടന്നു. പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ജോൺ ഒറവുങ്കര നയിച്ച പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിലേക്ക് രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് എല്ലാവരെയും സ്വാഗതം ചെയ്തു. വൈദിക കൂട്ടായ്മയിൽ നിന്ന് നിത്യതയിലേക്ക് വിളിക്കപ്പെട്ട ബഹു. ജോസഫ് കാളക്കുഴിയച്ചനെ അനുസ്മരിക്കുകയും അംഗങ്ങൾ എഴുന്നേറ്റ് നിന്ന് പരേതനായ വൈദികസഹോദരനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

25 വർഷങ്ങൾ പിന്നിടുന്ന സി.എസ്.ടി. സന്യാസസമൂഹത്തിന്റെ പ്രവർത്തനത്തെ അഭിവന്ദ്യ പിതാവ് ശ്ലാഘിക്കുകയും സന്നിഹിതനായിരുന്ന പ്രൊവിൻഷ്യൽ ബഹു. ജോബി എടമുറിയിലച്ചനെ പ്രത്യേകമായി അഭിനന്ദിക്കുകയും ചെയ്തു. രൂപതയുടെ അജപാലന മേഖലയിൽ ചെറുപുഷ്പ സന്യാസസമൂഹം നൽകി വരുന്ന സംഭാവനകളെ പിതാവ് പ്രത്യേകമായി അനുസ്മരിച്ചു. അതുപോലെ, മലബാറിന്റെ അജപാലന മേഖലയിൽ അൻപതു വർഷം പൂർത്തിയാക്കുന്ന സി.എം.ഐ. കോഴിക്കോട് സെന്റ് തോമസ് പ്രൊവിൻസിന്റെ ജൂബിലി ആഘോഷങ്ങളെക്കുറിച്ച് അഭിവന്ദ്യ പിതാവ് അംഗങ്ങളെ അറിയിച്ചു. കുടിയേറ്റ ജനതയ്ക്ക് കർമ്മലീത്ത വൈദികർ ചെയ്ത നിസ്തുലമായ സേവനങ്ങളെ കുടിയേറ്റ ചരിത്രവുമായി ബന്ധപ്പെടുത്തി അഭിവന്ദ്യ പിതാവ് എടുത്തു പറഞ്ഞു. വൈദിക സമിതി സമ്മേളനത്തിൽ പങ്കെടുക്കാനെത്തിയ പ്രൊവിൻഷ്യൽ ബഹു. തോമസ് തെക്കേലച്ചനെ അഭിവന്ദ്യ പിതാവ് അഭിനന്ദിക്കുകയും ജൂബിലി ആശംസകൾ നേരുകയും ചെയ്തു.

വൈദിക സമിതി സമ്മേളനത്തിലേക്ക് കമ്മ്യൂണിക്കേഷൻ ഡയറക്ടർ എന്ന നിലയിൽ ആദ്യമായി കടന്നുവന്ന ബഹു. മാത്യു കൊല്ലംപറമ്പിലച്ചനും കുന്നോത്ത് ഗുഡ്ഷെപ്പേർഡ് സെമിനാരി പ്രൊഫസർ ബഹു. ജെയിംസ് കിളിയനാനിക്കലച്ചനും അഭിവന്ദ്യ പിതാവ് പ്രത്യേക സ്വാഗതം ആശംസിച്ചു. സെമിനാരി പ്രൊഫസർ എന്ന നിലയിലും ഗ്രന്ഥകർത്താവ് എന്ന നിലയിലും ബഹു. ജെയിംസച്ചൻ നൽകുന്ന സംഭാവനകളെ പിതാവ് പ്രത്യേകം പരാമർശിക്കുകയുണ്ടായി. ജന്മദിനം ആഘോഷിക്കുന്ന ബഹു. തോമസ് കളരിക്കലച്ചന് ജന്മദിനാശംസകളർപ്പിച്ചു. മുത്തപ്പൻപുഴ പ്രദേശത്ത് കർഷകർ നേരിടുന്ന ഭൂമി സംബന്ധമായ പ്രശ്നങ്ങളെ വിശകലനം ചെയ്ത അഭിവന്ദ്യ പിതാവ് പ്രശ്നപരിഹാര

ത്തിനായി ബന്ധപ്പെട്ട വൈദികരും കത്തോലിക്ക കോൺഗ്രസ്സും നടത്തുന്ന ശ്രമങ്ങളെ അഭിനന്ദിച്ചു. സീറോ മലബാർ സഭയുടെ ആസ്ഥാനകാര്യാലയത്തിൽ വൈസ് ചാൻസലറായി നിയമിതനായ ബഹു. എബ്രഹാം കാവിൽപുരയിടത്തിലച്ചന് അഭിവന്ദ്യ പിതാവ് പ്രത്യേകമായി അഭിനന്ദിച്ചു.

പിതാവിന്റെ സ്വാഗത പ്രസംഗത്തിനുശേഷം വൈദിക സമിതി സെക്രട്ടറി ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ റിപ്പോർട്ട് അവതരിപ്പിക്കുകയും ഭേദഗതികൾ കൂടാതെ യോഗം റിപ്പോർട്ട് പാസാക്കുകയും ചെയ്തു. റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ടിരുന്ന വിഷയങ്ങളെക്കുറിച്ച് നടത്തിയ ഹ്യസ്വമായ വിശകലനങ്ങൾക്കുശേഷം അജണ്ടയിലെ വിഷയങ്ങൾ ചർച്ചയ്ക്കെടുത്തു.

**1. നോർത്ത് ഈസ്റ്റ് സംസ്ഥാനങ്ങളിൽ അജപാലന പ്രവർത്തനം:**

രൂപതാദ്ധ്യക്ഷൻ വിഷയം അവതരിപ്പിച്ചു. ഷംഷാബാദ് രൂപതയുടെ അതിർത്തിയിൽ വരുന്ന വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിൽ സീറോ മലബാർ സഭയുടെ മിഷൻ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനെ കുറിച്ച് ആലോചിക്കുന്നു. തലശ്ശേരി, താമരശ്ശേരി, മാനന്തവാടി, ഇരിങ്ങാലക്കുട, ഇടുക്കി എന്നീ രൂപതകൾ സംയുക്തമായി ഏതെങ്കിലും സംസ്ഥാനത്ത് മിഷൻകേന്ദ്രം ആരംഭിക്കുന്നതിനാണ് പദ്ധതിയിടുന്നത്. ഇക്കാര്യത്തിൽ താമരശ്ശേരി രൂപതാവൈദികരുടെ സഹകരണം ഉണ്ടാകണം. വിഷയാവതരണത്തിനുശേഷം അംഗങ്ങൾ വിഷയം ചർച്ച ചെയ്യുകയും മിഷൻകേന്ദ്രം തുടങ്ങാൻ രൂപതാവൈദികരുടെ സഹകരണം നൽകുന്ന കാര്യം അംഗീകരിക്കുകയും ചെയ്തു.

**2. രൂപതാദിനം:**

2019 ലെ രൂപതാദിനം ഏപ്രിൽ 27–ാം ശനിയാഴ്ച കൂരാച്ചുണ്ട് സെന്റ് തോമസ് ഫൊറോന ഇടവകയിൽ നടത്തുവാൻ തീരുമാനിച്ചു. 2019–22 വർഷങ്ങളിലേക്കുള്ള പാരിഷ് കൗൺസിൽ അംഗങ്ങളാണ് എല്ലാ ഇടവകകളിൽ നിന്നും രൂപതാദിനത്തിൽ പങ്കെടുക്കേണ്ടത്. രൂപതാദിനാഘോഷങ്ങളോടനുബന്ധിച്ച് നടത്തുന്ന പൊതുസമ്മേളനത്തിൽ ആശംസാപ്രസംഗങ്ങളുടെ എണ്ണം കുറയ്ക്കുവാനും ആദരിക്കപ്പെടുന്ന വിശിഷ്ടവ്യക്തികൾക്ക് ചുരുങ്ങിയ വാക്കുകളിലെങ്കിലും മറുപടി പ്രസംഗം നടത്തുന്നതിനുള്ള അവസരം നൽകുന്നതിനും തീരുമാനിച്ചു.

**3. മൊബൈൽ ക്ലിനിക്ക്:**

പാലിയേറ്റീവ് കെയർ ഡയറക്ടർ ബഹു. സൈമൺ കിഴക്കെക്കുന്നേലച്ചൻ വിഷയം അവതരിപ്പിച്ചു. മൊബൈൽ ക്ലിനിക്ക് നിർദ്ധനരായ ധാരാളം രോഗികൾക്ക് സഹായമായി ഓടിക്കൊണ്ടിരിക്കുന്നു. മൊബൈൽ ക്ലിനിക്കിന്റെ പ്രവർത്തന ചെലവ് പ്രതിമാസം ഒന്നര ലക്ഷം രൂപയോളമാണ്. ഈ തുക കണ്ടെത്തുന്നതിനെക്കുറിച്ച് അംഗങ്ങൾ ചർച്ച ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ

വിവിധ മാർഗ്ഗങ്ങൾ കണ്ടെത്തുകയുണ്ടായി. വൈദികരുടെ ദശാംശം ഉപയോഗിക്കുക, നറുക്കെടുപ്പ് കൂപ്പൺ ഓരോ വർഷവും നടത്തുക, ചെറുതും വലുതുമായ ഉപകാരികളെ കണ്ടെത്തുക, കോർപ്പറേറ്റ് കമ്പനികളുടെ സി.എസ്.ആർ. ഫണ്ട് ലഭ്യമാക്കാൻ പരിശ്രമിക്കുക എന്നീ നിർദ്ദേശങ്ങൾ ചർച്ചയിൽ ഉയർന്നുവന്നു.

**4. പ്രായമായവർക്കുള്ള പ്രത്യേക അജപാലന പദ്ധതി:**

അറുപതിനും എൺപതിനും ഇടയിൽ പ്രായമുള്ള വ്യക്തികളെ ഇടവകയുടെ ആഭിമുഖ്യത്തിൽ മാസത്തിലൊരിക്കലെങ്കിലും ഇടവകയിൽ ഒരുമിച്ച് കൂട്ടുന്ന പദ്ധതി ചില ഇടവകകളിൽ നടപ്പിൽ വരുത്തിയിരിക്കുന്നത് രൂപതാദ്ധ്യക്ഷൻ അംഗങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവന്നു. ഈ പ്രായത്തിലുള്ള വ്യക്തികളെ ഒരുമിച്ചു കൊണ്ടുവരുന്നത് അവരെ സംബന്ധിച്ചിടത്തോളം വളരെ ഗുണകരമാണെന്ന് യോഗം വിലയിരുത്തി. സി.ഒ.ഡി.യുടെ നേതൃത്വത്തിൽ സമാനസ്വഭാവമുള്ള പദ്ധതി നിലവിൽ നടത്തിവരുന്നുണ്ട്. അതിനാൽ ഈ പദ്ധതി എല്ലാ ഇടവകകളിലും വ്യാപിപ്പിക്കുവാൻ സി.ഒ.ഡി. അസി. ഡയറക്ടർ ബഹു. ജോർജ് ചെമ്പരത്തിക്കലച്ചനെ അഭിവന്ദ്യ പിതാവ് പ്രത്യേകം ചുമതലപ്പെടുത്തി. ഈ പശ്ചാത്തലത്തിൽ, വീടുകളിൽ കിടപ്പുരോഗികളായി കഴിയുന്നവർക്കും പ്രായാധിക്യം മൂലം പള്ളിയിൽ വരാൻ സാധിക്കാത്തവർക്കും മാസത്തിലൊരിക്കലെങ്കിലും ഇടവകയുടെ നേതൃത്വത്തിലും ചെലവിലും വി. കുർബാന വീടുകളിൽ എത്തിച്ചു കൊടുക്കുവാൻ എല്ലാ ഇടവകകളിലും സംവിധാനം ഒരുക്കണമെന്നും തീരുമാനിച്ചു.

**5. കുടുംബ നവീകരണ വർഷം:**

2020 ൽ താമരശ്ശേരി രൂപതയിൽ കുടുംബ നവീകരണ വർഷമായി ആചരിക്കുവാൻ വൈദിക സമിതി യോഗം തീരുമാനിച്ചു. കുടുംബങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്ന വിവിധ പ്രശ്നങ്ങളും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന കുടുംബപ്രാർത്ഥന സംസ്കാരവും, വിശ്വാസ പരിശീലന രംഗത്ത് കുടുംബങ്ങളുടെ പ്രാധാന്യവുമെല്ലാം ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് കുടുംബ നവീകരണ വർഷാചരണം നടത്തുവാൻ യോഗം തീരുമാനിച്ചത്.

**6. ചർച്ച് ആക്ടിനെതിരെ പ്രമേയം:**

കേരള സർക്കാരിന്റെ നിയമ പരിഷ്കരണ കമ്മീഷൻ പുറപ്പെടുവിച്ച ചർച്ച് ആക്ടിന്റെ ഡ്രാഫ്റ്റ് ചാൻസലർ ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ അവതരിപ്പിച്ചു. ചർച്ച് ആക്ടിന്റെ മറവിൽ സഭാ സംവിധാനങ്ങളെ ദ്രോഹിക്കുന്നതിനുള്ള സർക്കാരിന്റെയും നിക്ഷിപ്ത താൽപ്പര്യക്കാരുടെയും അജണ്ടയെ വൈദിക സമിതി വിശദമായി ചർച്ച ചെയ്തു. സഭയുടെ ആഭ്യന്തര ഭരണസംവിധാനത്തിൽ കൈകടത്താനുള്ള സർക്കാരിന്റെ നിഗൂഢമായ നീക്കത്തിനെതിരെ അവതരിപ്പിച്ച

പ്രമേയം യോഗം ഏകകണ്ഠമായി പാസാക്കി. ഇക്കാര്യത്തിൽ രൂപതയിലുടനീളം ബോധവൽക്കരണം നടത്തുകയും നിയമ കമ്മീഷനുമുമ്പിൽ ഓരോ ഇടവക കമ്മിറ്റിയും സംഘടനയും പ്രതിഷേധം അറിയിക്കുവാൻ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ഇക്കാര്യത്തിൽ ആവശ്യമായ ഡ്രാഫ്റ്റിംഗ് നടത്തുന്നതിന് ബഹു. സെബാസ്റ്റ്യൻ ചെമ്പുകണ്ടത്തിലച്ചനെയും ബഹു. തോമസ് പുതിയാപറമ്പിലച്ചനെയും യോഗം ചുമതലപ്പെടുത്തി.

**7. വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ:**

പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ജോൺ ഒറവുങ്കര ദുരിതാശ്വാസ പ്രവർത്തനങ്ങളെ പൊതുവായി വിലയിരുത്തി. ഭവന നിർമ്മാണങ്ങൾ ബന്ധപ്പെട്ട ഫൊറോന വികാരിമാരുടെയും ഇടവക വികാരിമാരുടെയും പ്രദേശിക കമ്മിറ്റികളുടെയും നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുന്നു. 23 വീടുകളുടെ പണിയാണ് ഇപ്പോൾ നടക്കുന്നത്. വീടുകളുടെ നിർമ്മാണ പുരോഗതിയെക്കുറിച്ച് ബഹു. ജോർജ് ചെമ്പരത്തിക്കലച്ചൻ വിശദീകരണം നൽകി. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ഇതിനോടകം ലഭിച്ച സംഭാവനകളുടെ കണക്കും ബഹു. ജനറാളച്ചൻ അവതരിപ്പിച്ചു.

**8. മറ്റു വിഷയങ്ങൾ:**

1) മാർച്ച് മാസത്തിൽ പോപ്പ് ബനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ഒരുക്ക സെമിനാറിൽ വി. കുർബാന നൽകുവാൻ നിയോഗിക്കപ്പെടുന്ന സിസ്റ്റേഴ്സിനെ പങ്കെടുപ്പിക്കേണ്ടതാണ്. 2) അഭിവന്ദ്യ മങ്കുഴിക്കരി പിതാവിന്റെ ചരമദിനമായ ജൂൺ 11-ാം തീയതി സീറോ മലബാർ സഭയുടെ ആർച്ച് ബിഷപ് അഭിവന്ദ്യ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് പങ്കെടുക്കുന്നു. പഴയ ബിഷപ്സ് ഹൗസ് നവീകരിച്ച് മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി സെന്റർ എന്ന പേരിൽ രൂപതയുടെ രണ്ടാമത്തെ പാസ്റ്ററൽ സെന്ററായി രൂപപ്പെടുത്തുന്നു. 3) പുല്ലാഞ്ഞിമേട്ടിൽ ബഹു. കുര്യൻ തലച്ചിറക്കുഴിയച്ചൻ രൂപതയ്ക്ക് സംഭാവന ചെയ്ത 4 ഏക്കർ സ്ഥലത്ത് പ്രായമായവർക്കുള്ള കെയർഹോം പണിയുന്നതിനുള്ള പദ്ധതി യോഗം അംഗീകരിച്ചു. ബഹു. കുര്യനച്ചൻ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതാണ്. കെയർഹോമിന്റെ നടത്തിപ്പ് രൂപതയുടെ ഉത്തരവാദിത്തമായിരിക്കും. വൈദിക സമിതി ബഹു. കുര്യനച്ചന് കൃതജ്ഞതയർപ്പിച്ചു. 4) നാലാമത് കുളത്തുവയൽ തീർത്ഥാടനം നാൽപ്പതാം വെള്ളിയാഴ്ച ഭംഗിയായി നടത്തുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്. 5) മുത്തപ്പൻപുഴ പ്രദേശത്തുള്ള കർഷകരുടെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുവാൻ ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതാണ്. 6) കർഷകരുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കർഷകകൂട്ടായ്മകളെ ഒരുമിച്ചുകൊണ്ടുവന്ന് ലോംങ്മാർച്ച് സംഘടിപ്പിക്കുന്നതിന് കത്തോലിക്ക കോൺഗ്രസിനെ യോഗം ചുമതല

പ്പെടുത്തി. 7) സീറോ മലബാർ സഭയിലെ മല്പാൻ ബഹു. മാത്യു വെള്ളാനിക്കലച്ചനെ നോമ്പുകാലത്ത് വൈദികരുടെ സമ്മേളനത്തിലേക്ക് ക്ഷണിക്കുവാൻ തീരുമാനിച്ചു. 8) 9 ദിവസത്തെ നൊവേന ചൊല്ലി പന്തക്കുസ്ത തിരുനാൾ ഇനി മുതൽ കൂടുതൽ ആഘോഷമായി നടത്തുവാൻ തീരുമാനിച്ചു. 9) വൈദികരുടെ തുടർപരിശീലന പരിപാടിയിൽ സഹായിച്ചുകൊണ്ടിരിക്കുന്ന ബഹു. ശാന്തിയച്ചന്റെ സേവനം വരുന്ന 3 വർഷത്തേക്ക് കൂടി ലഭിച്ച വിവരം രൂപതാദ്ധ്യക്ഷൻ യോഗത്തെ അറിയിച്ചു. തുടർപരിശീലന പദ്ധതിയിൽ ഇനിയും പങ്കെടുക്കാത്ത വൈദികർക്കുവേണ്ടി സെഷനുകൾ ക്രമീകരിക്കണമെന്ന് തീരുമാനിച്ചു. 10) സി.ഒ.ഡി.യോട് ചേർന്ന് പ്രവർത്തിക്കുന്ന സെയ്ഫ് മാർക്കറ്റിംഗ് കമ്പനിയുടെ ആഭിമുഖ്യത്തിൽ പ്രവർത്തനം ആരംഭിച്ച സെയ്ഫ് സൂപ്പർമാർക്കറ്റിനെ പിതാവ് പരിചയപ്പെടുത്തുകയും അതിന്റെ വിജയത്തിനുവേണ്ടി എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുകയും ചെയ്തു. സെയ്ഫ് സൂപ്പർമാർക്കറ്റ് യാഥാർത്ഥ്യമാക്കുന്നതിൽ കഠിനാദ്ധ്വാനം ചെയ്ത സി.ഒ.ഡി. ഡയറക്ടർ ബഹു. ജോസഫ് മുകളേപ്പറമ്പിലച്ചനെ അഭിവന്ദ്യ പിതാവും വൈദിക സമിതിയും അഭിനന്ദിച്ചു. 11) നവംബർ മാസത്തിൽ ഒരു ദിവസം പരേതരായ രൂപതാവൈദികർക്കുവേണ്ടി വൈദികർ ഒരുമിച്ചുകൂടി വി. കുർബാന അർപ്പിക്കുന്നതിനും തദവസരത്തിൽ മരണമടഞ്ഞ വൈദികരുടെ കുടുംബാംഗങ്ങളെ ക്ഷണിക്കുന്നതിനും തീരുമാനിച്ചു. 12) ഞായറാഴ്ച പ്രവർത്തിദിനങ്ങളായി മാറ്റുന്ന പ്രവണത വർദ്ധിച്ചുവരുന്നതായും അതിനെതിരെ അഭിപ്രായ രൂപീകരണം നടത്തി ബന്ധപ്പെട്ടവരെ അറിയിക്കണമെന്നും യോഗത്തിൽ അഭിപ്രായമുണ്ടായി. 13) വിവാഹത്തെ കുറിച്ചുള്ള യുവജനങ്ങളുടെ കാഴ്ചപ്പാടുകൾ സഭയുടെ പരമ്പരാഗത വീക്ഷണത്തോട് പലപ്പോഴും ചേർന്നുപോകുന്നില്ലായെന്ന് വിലയിരുത്തലുണ്ടായി. മിശ്രവിവാഹങ്ങളുടെ വർദ്ധിച്ചുവരുന്ന എണ്ണം ആശങ്കയുളവാക്കുന്നതാണ്. ഈ വിഷയത്തിന് കുടുംബ നവീകരണ വർഷത്തിൽ സവിശേഷ ശ്രദ്ധ നൽകേണ്ടതാണ്. 14) വിവാഹ സംബന്ധമായ പൊതുനിയമങ്ങളും പ്രത്യേക നിയമങ്ങളും ഇളവുകൾ ലഭിക്കുന്നതിനുള്ള സാഹചര്യങ്ങളും മാനദണ്ഡങ്ങളും ഉൾപ്പെടുത്തി വൈദികരുടെ ഉപയോഗത്തിനായി ഒരു ലീഫ്ലെറ്റ് തയ്യാറാക്കണമെന്ന് ആവശ്യമുയർന്നു.

വൈദിക സമിതി സെക്രട്ടറി ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ എല്ലാവർക്കും നന്ദി പറഞ്ഞു. മൗണ്ട് സെന്റ് തോമസിൽ നിയമനം ലഭിച്ചതിനാൽ വൈദിക സമിതി സെക്രട്ടറി എന്ന നിലയിലുള്ള അവസാനയോഗത്തിൽ നാളിതുവരെ സഹകരിച്ച എല്ലാവർക്കും അദ്ദേഹം കൃതജ്ഞതയർപ്പിച്ചു. ത്രികാല ജപത്തോടെ യോഗം അവസാനിച്ചു.

**ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ**
സെക്രട്ടറി, വൈദിക സമിതി

# രൂപതാദിനം 2019

താമരശ്ശേരി രൂപത സ്ഥാപിതമായതിന്റെ 32-ാമത് വാർഷികം **ഏപ്രിൽ 27-ാം തീയതി ശനിയാഴ്ച കൂരാച്ചുണ്ട് ഫൊറോന ഇടവകയിൽ** വച്ച് നടത്തുന്നു. കൃതജ്ഞതാബലി, വിവിധ ഗ്രൂപ്പുകൾക്കുള്ള പ്രതിനിധി സമ്മേളനങ്ങൾ, പൊതു സമ്മേളനം എന്നിവയാണ് രൂപതാദിനാഘോഷത്തിന്റെ പ്രധാന പരിപാടികൾ. പൊതുസമ്മേളനത്തിൽ പൗരോഹിത്യ സമർപ്പിത വിവാഹ ജീവിത രംഗങ്ങളിൽ സുവർണ്ണ ജൂബിലി ആഘോഷിക്കുന്നവരെയും വിവിധ പ്രവർത്തന സേവന മേഖലകളിൽ മികവുകാണിച്ചവരെയും ആദരിക്കുന്നു. ഈ വർഷം തെരഞ്ഞെടുക്കപ്പെട്ട പാരിഷ് കൗൺസിൽ അംഗങ്ങളും, കൈക്കാരന്മാരും പാരിഷ് സെക്രട്ടറിയും, എല്ലാ സംഘടനകളുടെയും മേഖലാ-രൂപതാഭാരവാഹികളും രൂപതാദിനാഘോഷങ്ങളിൽ പങ്കെടുക്കേണ്ടതാണ്. വിശദവിവരങ്ങൾ യഥാസമയം അറിയിക്കുന്നതാണ്.

### ആദരിക്കൽ

- ❖ വിവിധ മേഖലയിൽ വ്യക്തിമുദ്ര പതിപ്പിച്ചവരെ പൊതുസമ്മേളനത്തിൽ വച്ച് ആദരിക്കുന്നു.
- ❖ പൗരോഹിത്യ, സന്യസ, വിവാഹ ജീവിതത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്നവരെയും ആദരിക്കുന്നു.

ഇടവകകളിൽ നിന്നും, സംഘടനകളിൽ നിന്നും ആദരിക്കപ്പെടാൻ അർഹതയുള്ള വ്യക്തികളുടെയും ജൂബിലി ആഘോഷിക്കുന്നവരുടെയും ഫോട്ടോയും മറ്റു വിവരങ്ങളും ഏപ്രിൽ 1 ന് മുമ്പ് ബഹു. തോമസ് ചിലമ്പിക്കുന്നേൽ അച്ചനെ (9645573374) ഏൽപ്പിക്കേണ്ടതാണ്.

### രൂപതാദിന മത്സരങ്ങൾ

#### 1. മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി മെമ്മോറിയൽ പ്രസംഗ മത്സരം

താമരശ്ശേരി രൂപതയുടെ പ്രഥമ മെത്രാനും കേരളത്തിലെ അറിയപ്പെടുന്ന വാഗ്മിയുമായിരുന്ന മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവിന്റെ ഓർമ്മക്കായി രൂപതാദിനത്തോടനുബന്ധിച്ച് നടത്തുന്ന പ്രസംഗമത്സരം ഈ വർഷവും സംഘടിപ്പിക്കുന്നു. മത്സര വിജയികൾക്കുള്ള സമ്മാനങ്ങൾ താഴെപ്പറയുന്നവയാണ്.

1-ാം സമ്മാനം - 3000 രൂപയും സർട്ടിഫിക്കറ്റും
2-ാം സമ്മാനം - 2000 രൂപയും സർട്ടിഫിക്കറ്റും
3-ാം സമ്മാനം - 1000 രൂപയും സർട്ടിഫിക്കറ്റും

### നിബന്ധനകൾ

1. താമരശ്ശേരി രൂപതയിലെ സന്ന്യസ്തർക്കുവേണ്ടിയാണ് ഈ വർഷത്തെ മത്സരം സംഘടിപ്പിച്ചിരിക്കുന്നത്.

2. **2019 ഏപ്രിൽ 13 ശനിയാഴ്ച** രാവിലെ 9.30 മുതൽ കോഴിക്കോട് പി.എം.ഒ. സി.യിൽ വെച്ച് മത്സരം നടക്കുന്നതാണ്.
3. മത്സരത്തിൽ പങ്കെടുക്കാനുള്ളവർ 2019 ഏപ്രിൽ 6 ന് മുമ്പായി 9605801615 എന്ന നമ്പറിൽ വിളിച്ചോ മിഷൻലീഗിന്റെ ഓഫീസിലോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.
4. പ്രസംഗ സമയം 5 മിനിട്ടാണ്.
5. പ്രസംഗ വിഷയം ഏപ്രിൽ 12 ന് രാവിലെ 9 മണിക്ക് മുമ്പായി രജിസ്റ്റർ ചെയ്തവരുടെ മൊബൈലിലേക്ക് എസ്.എം.എസ്.ആയി അയച്ചുതരുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ വിഷയം ലഭിക്കാത്തവർ സ്വന്തം ഉത്തരവാദിത്തത്തിൽ തന്നിരിക്കുന്ന നമ്പറുകളിൽ വിളിച്ച് പ്രസംഗ വിഷയം മനസ്സിലാക്കേണ്ടതാണ്.
8. മത്സരത്തെ സംബന്ധിച്ച എല്ലാ കാര്യങ്ങളിലും വിധികർത്താക്കളുടെയും സംഘാടകസമിതിയുടെയും തീരുമാനം അന്തിമമായിരിക്കും

**പ്രസംഗ മത്സര കോർഡിനേറ്റർ : ഫാ. അഗസ്റ്റിൻ വാമറ്റത്തിൽ**

**9605801615**

### 2. ഷട്ടിൽ ഡബിൾസ് മത്സരം

- രണ്ട് വിഭാഗങ്ങളായിട്ടാണ് മത്സരം ക്രമീകരിച്ചിരിക്കുന്നത്. 1978 ന് ശേഷം ജനിച്ചവരും അതിന് മുമ്പ് ജനിച്ചവരും
- ഒരു ഇടവകയിൽ നിന്ന് ഒരു വിഭാഗത്തിൽ 2 ടീമുകൾക്ക് പങ്കെടുക്കാം.
- കളിക്കാർ അതാതു ഇടവകാംഗങ്ങൾ ആയിരിക്കണം. മത്സരത്തിന് വരുമ്പോൾ ബഹു. വികാരിയച്ചന്റെ കത്ത് കൊണ്ടുവരണം.
- കളിക്കാരുടെ ലിസ്റ്റ് മാർച്ച് 31-ാം തീയതിക്കു മുമ്പ് **എപ്പാർക്കിയൽ സ്പോർട്സ് അക്കാദമിയിൽ** (9447544184, 9745167726) രജിസ്റ്റർ ചെയ്യണം.
- സെമിഫൈനൽ, ഫൈനൽ ഒഴികെയുള്ള മത്സരങ്ങൾ 30 പോയിന്റുള്ള ഒരു ഗെയിമിൽ തീരുന്നതായിരിക്കും.
- പുരുഷ വിഭാഗത്തിനായിരിക്കും മത്സരം.
- സമ്മാനം: I$^{st}$ 3001 രൂപയും ട്രോഫിയും, II$^{nd}$ 2001 രൂപ, III$^{rd}$ 1501 രൂപ, IV$^{th}$ 1001 രൂപ
- ഇടവക ടീമിനെ പ്രതിനിധീകരിച്ച് വികാരിയച്ചന്മാർക്ക് മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.
- രജിസ്ട്രേഷൻ ഫീസ് ടീമിന് : 100 രൂപ.

**തീയതിയും സ്ഥലവും**

തീയതി : ഏപ്രിൽ 9 ചൊവ്വ

സ്ഥലം : മരിയൻ ഇൻഡോർ സ്റ്റേഡിയം, പുലിക്കയം

സമയം : രാവിലെ 9 മണി

### 3. വോളിബോൾ മത്സരം

- ഇടവകയ്ക്ക് ഒരു ടീമിനെ മത്സരത്തിൽ പങ്കെടുപ്പിക്കാം.
- ഇടവക ടീമിന് അതാത് ഫൊറോനയിൽപ്പെട്ട രൂപതാംഗങ്ങളെ ടീമംഗങ്ങളായി ഉൾപ്പെടുത്താവുന്നതാണ്.
- ഇടവകയുടെ സ്വന്തം ടീം മത്സരത്തിന് ഇറങ്ങുന്നുണ്ടെങ്കിൽ ആ ഇടവകയുടെ വികാരിയച്ചന്റെ രേഖാമൂലമുള്ള അനുവാദത്തോടുകൂടി മാത്രമെ ഒരാൾക്ക് മറ്റ് ഇടവക ടീമിനുവേണ്ടി കളിക്കാൻ സാധിക്കുകയുള്ളൂ.
- പ്രായപരിധി ഉണ്ടായിരിക്കുന്നതല്ല.
- ടീമുകൾ മാർച്ച് 31-ാം തീയതിക്കു മുമ്പ് **എപ്പാർക്കിയൽ സ്പോർട്സ് അക്കാദമിയിൽ** (9447544184, 9745167726) രജിസ്റ്റർ ചെയ്യണം.
  രജിസ്ട്രേഷൻ ഫീസ് 500/- രൂപ
- മത്സരങ്ങൾ ബെസ്റ്റ് ഓഫ് ത്രീ ആയിരിക്കും.

**മത്സര തീയതി, സ്ഥലം**

| | | |
|---|---|---|
| തീയതി | : | ഏപ്രിൽ 8 തിങ്കൾ |
| സ്ഥലം | : | മരിയൻ ഇൻഡോർ സ്റ്റേഡിയം, പുലിക്കയം |
| സമയം | : | രാവിലെ 9 മണി മുതൽ |

- സമ്മാനം: Ist - 7500 രൂപയും ട്രോഫിയും, IInd - 5000 രൂപയും
- വൈദികർക്കും പങ്കെടുക്കാവുന്നതാണ്.

### 4. വൈദികർക്കുള്ള ഷട്ടിൽ ഡബിൾസ് മത്സരം

രൂപതാദിനത്തോടനുബന്ധിച്ച് വൈദികർക്കുള്ള ഷട്ടിൽ ഡബിൾസ് മത്സരങ്ങൾ ഏപ്രിൽ 11 വ്യാഴം വൈകിട്ട് 5.30 ന് താമരശ്ശേരി അൽഫോൻസ സീനിയർ സെക്കണ്ടറി സ്കൂളിൽ വെച്ചു നടത്തപ്പെടുന്നു. പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ ഏപ്രിൽ 8 ന് മുമ്പ് രജിസ്റ്റർ ചെയ്യുക. എല്ലാ വൈദികരെയും മത്സര ദിനത്തിലേക്ക് ക്ഷണിക്കുന്നു.

കായികമത്സരങ്ങളെക്കുറിച്ച് കൂടുതൽ അറിയുവാൻ താൽപ്പര്യമുള്ളവർ എപ്പാർക്കിയൽ സ്പോർട്സ് അക്കാദമിയുമായി ബന്ധപ്പെടേണ്ടതാണ്.

**ഫാ. ജോസഫ് മുകളേപറമ്പിൽ 9447544184**
**ഫാ. ജേക്കബ് പുത്തൻപുരയ്ക്കൽ 9745167726**

രൂപതാദിനാഘോഷങ്ങളുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങൾ യഥാസമയം ഇടവകകളെ അറിയിക്കുന്നതായിരിക്കും.

**രൂപതാദിന കോർഡിനേറ്റേഴ്സ്**
**ഫാ. ജെയിംസ് വാമറ്റത്തിൽ**, ഫൊറോന വികാരി, കൂരാച്ചുണ്ട്
**ഫാ. തോമസ് ചിലമ്പിക്കുന്നേൽ**, വൈസ് ചാൻസലർ
**പ്രൊഫ. ചാക്കോ കാളംപറമ്പിൽ**, സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ

# മതബോധനം

വിശ്വാസപരിശീലന കാര്യാലയത്തിൽ നിന്നും ആശംസകൾ!

"മനുഷ്യാ നീ പൊടിയാകുന്നു പൊടിയിലേക്കുതന്നെ നീ മടങ്ങും" എന്ന് അനുസ്മരിപ്പിച്ചുകൊണ്ട്, അനുതാപത്തിലൂടേയും പ്രായ്ചിത്ത പ്രവൃത്തികളിലൂടേയും ജീവിത നവീകരണം നടത്താൻ ആഹ്വാനം ചെയ്തുകൊണ്ട് വീണ്ടും ഒരു നോമ്പുകാലം കൂടി കടന്നു വന്നിരിക്കുക യാണ്. ഈശോയുടെ പീഡാസഹന മരണ ഉത്ഥാന സംഭവങ്ങളിലൂടെ യുള്ള ഒരു തീർത്ഥാടനമാണ് നോമ്പുകാലം. തീക്ഷണമായ പ്രാർത്ഥനയും പ്രായ്ശ്ചിത്തവും ഉപവാസവും വഴി വിശ്വാസജീവിതത്തിൽ ശക്തി പ്രാപി ക്കാൻ നമുക്കു ലഭിക്കുന്ന വിശുദ്ധ സമയമാണിത്. ദൈവമനുഷ്യ ബന്ധങ്ങ ളിൽ നമുക്കു വന്ന പാളിച്ചകളെ കണ്ടെത്താനും അത് തിരുത്തി കൂടുതൽ ദൈവാനുഭവത്തിൽ വളരാനും നോമ്പുകാലം നമ്മെ സഹായിക്കട്ടെ. തിരുക്കുടുംബത്തിന്റെ പാലകനും കന്യാവ്രതക്കാരുടെ കാവൽക്കാരനും നല്ല മരണത്തിന്റെ മദ്ധ്യസ്ഥനും നീതിമാനുമായ വി. യൗസേപ്പിതാവിന്റെ തിരുനാൾ കൂടി ഈ അവസരത്തിൽ കൊണ്ടാടുമ്പോൾ അദ്ദേഹത്തിൽ വിളങ്ങിയിരുന്ന നീതിനിഷ്ടയും ജീവിത വിശുദ്ധിയും നമ്മുടെ വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും നാം ആയിരിക്കുന്ന സമൂഹത്തിലും നമുക്കു പ്രാവർത്തികമാക്കാം.

### വിശ്വാസോത്സവം 2019

ഈ വർഷത്തെ വിശ്വാസോത്സവം (ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള കുട്ടികൾക്ക്) ഏപ്രിൽ 01 (തിങ്കൾ ) മുതൽ 04 (വ്യാഴം) വരെ അഞ്ച് ഗ്രൂപ്പുകളായി നടക്കുന്നു. ഓരോ ഇടവകയുടേയും സൗകര്യാർത്ഥം സമയക്രമീകരണം നടത്താം; എങ്കിലും വി. കുർബാന കൂടാതെ 4 മണിക്കൂർ സമയം ഓരോ ദിവസവും വിശ്വാസോത്സവത്തിന് ഉണ്ടാവണം. (ദിവസം കുറച്ചു നടത്തുന്നവർ 02 മുഴുവൻ ദിവസവും മൂന്നാം ദിവസം ഉച്ചവരേയും നടത്തേണ്ടതാണ്).

<u>വിശ്വാസേത്സവ ഗ്രൂപ്പുകൾ:</u> Group 1 : ലിറ്റിൽ ഫ്ളവർ ( STD I, II, III), Group 2 : ആദ്യകുർബാന സ്വീകരണം (STD IV). Group : 3 ഡൊമിനിക് സാവിയോ (STD V, VI), Group 4: സെന്റ് അൽഫോൻസ (STD VII, VIII,IX) Gtoup 5 : സെന്റ് തോമസ് ( STD X ).

### വിശ്വാസോത്സവ വർക്ക് ബുക്ക്

വിശ്വാസോത്സവ വർക്ക് ബുക്കുകൾ മാർച്ച് 20 മുതൽ മതബോധന ഓഫീസിൽ നിന്ന് വിതരണം ചെയ്യുന്നതാണ്. പുസ്തകത്തിന്റെ വില 30/രൂപ. 4-ാം ക്ലാസിൽ വർക്ക് ബുക്ക് "ആദ്യകുർബാന സ്വീകരണം" എന്ന പഠന പുസ്തകമായിരിക്കും. (വില 50/- രൂപ).

### വിശ്വാസോത്സവ അധ്യാപക പഠനശിബിരം

2018-2019 അദ്ധ്യയന വർഷത്തെ വിശ്വാസോത്സവത്തിനു മുന്നോടിയായുള്ള വിശ്വാസോത്സവ അധ്യാപക പഠനശിബിരം മാർച്ച് 09, 10 (ശനി, ഞായർ)ദിവസങ്ങളിലായി വിവിധ സെന്ററുകളിൽ ക്രമീകരിക്കുന്നു. ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള മുഴുവൻ അധ്യാപകരും പങ്കെടുക്കേണ്ടതാണ്. വിശദ വിവരങ്ങൾ ഹെഡ്മാസ്റ്റേഴ്സിനെ അറിയിക്കുന്നതാണ്.

### ബൈബിൾ പ്രിന്റിംഗ് പേപ്പർ സമാഹരണ പദ്ധതി

കഴിഞ്ഞ വർഷം നടത്തിയതുപോലെ ഈ വർഷവും ഫിയാത്ത് മിഷന്റെ നേതൃത്വത്തിൽ നടക്കുന്ന "ബൈബിൾ പ്രിന്റിംഗ് പേപ്പർ സമാഹരണ പദ്ധതി"യിൽ നമ്മുടെ കുട്ടികളെ പങ്കുകാരാക്കാൻ ശ്രദ്ധിക്കു മല്ലോ. കുട്ടികൾ വീടുകളിൽ നിന്ന് പഴയ ബുക്ക്, പേപ്പർ എന്നിവ വിശ്വാസോത്സവം നടക്കുന്ന ദിവസങ്ങളിൽ (ഏപ്രിൽ 1-4) കൊണ്ടു വരികയും അധ്യാപകരുടെ നേതൃത്വത്തിൽ ശേഖരിച്ച് അത് ഏതെങ്കിലും 5 സെന്ററുകളിൽ (പെരിന്തൽമണ്ണ, താമരശ്ശേരി, കൂരാച്ചുണ്ട്, മരുതോങ്കര, പി.എം.ഒ.സി) എത്തിക്കുകയും ചെയ്യേണ്ടതാണ്.

### ഗുരുദർശൻ

റവ. ഫാ. ഷാന്തി പുതുശ്ശേരിയുടെ നേതൃത്വത്തിൽ മതാധ്യാപകർ ക്കായി നടത്തുന്ന തുടർപരിശീലനം പന്ത്രണ്ടാം ബാച്ച് ഫെബ്രുവരി 10, 11 തിയതികളിൽ പി.എം.ഒ.സി യിൽ വച്ച് നടക്കുകയുണ്ടായി. 60 അധ്യാപകർ പങ്കെടുത്തു. ഈ അദ്ധ്യയന വർഷത്തിൽ 620 അധ്യാപകർ ഈ പരിശീലന പരിപാടിയിൽ പങ്കെടുത്തു.

ഗുരുദർശൻ മെയ് മാസത്തിൽ

മെയ് 27,28 (തിങ്കൾ, ചൊവ്വ)@ PMOC
മെയ് 30,31 (വ്യാഴം, വെള്ളി)@ PMOC

### DCT സെമസ്റ്റർ പരീക്ഷ

ജനുവരി 13 ഞായറാഴ്ച നടന്ന നാലാം സെമസ്റ്റർ തിയോളജി ഡിപ്ലോമ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചിട്ടുണ്ട്. മതബോധന ഓഫീസിൽ വിളിച്ച് ഫലം അറിയാവുന്നതാണ്. ആലുവ പൊന്തിഫിക്കൽ ഇൻസ്റ്റി റ്റ്യൂട്ടിന്റെ കീഴിൽ നടത്തുന്ന ഡിപ്ലോമ കോഴ്സ് അവസാനിച്ചിരിക്കുന്നു. ഡിപ്ലോമ സർട്ടിഫിക്കറ്റ് വാർഷിക പരീക്ഷയുടെ ചോദ്യപേപ്പറിനൊപ്പം നൽകുന്നതാണ്.

### 100% ഹാജർ

ഒന്നുമുതൽ പന്ത്രണ്ടാം ക്ലാസ് വരെ മുഴുവൻ ഹാജറുള്ള കുട്ടികളുടെ പേരുകൾ, ഫോട്ടോ എന്നിവ മാർച്ച് 20-നു മുൻപായി മതബോധന ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

### പ്രതിഭാസംഗമം 7-ാം ക്ലാസ്

ഈ അദ്ധ്യയന വർഷത്തിലെ 7-ാം ക്ലാസിലെ കുട്ടികളുടെ രൂപതാതല

പ്രതിഭാസംഗമം മാർച്ച് 30-ാം തിയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് പി.എം.ഒ.സി. യിൽ വച്ച് 3.30 ന് രജിസ്ട്രേഷനോടുകൂടി ആരംഭിച്ച് 31-ാം തിയതി ഉച്ചഭക്ഷണത്തോടെ അവസാനിക്കുന്നതാണ്. മാർച്ച് 10-നു മുമ്പ് മേഖലകളിൽ സെലക്ഷൻ ക്യാമ്പ് നടത്തി മൂന്നു വീതം ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും പേര്, ഇടവക, ഫോൺ നമ്പർ എന്നിവ മതബോധന ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

### ക്വിസ് മത്സരം

കുട്ടികളിൽ അക്കാദമിക് എക്സലൻസ് വളർത്തുക എന്ന ഉദ്ദേശത്തോടെ നടത്തുന്ന ക്വിസ് മത്സരത്തിന്റെ മേഖലാതല മത്സരം ഏപ്രിൽ 8-നു മുമ്പ് മേഖലാകമ്മറ്റിയുടെ ഉത്തരവാദിത്വത്തിൽ നടത്തി രണ്ട് വിഭാഗങ്ങളിലായി (STD V-VII, STD VIII-X) മൂന്നു വീതം കുട്ടികളുടെ പേരുകൾ മതബോധന ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

രൂപതാതല മത്സരം ഏപ്രിൽ 13 ശനിയാഴ്ച പി.എം.ഒ.സി. യിൽ വച്ച് രാവിലെ 10 മണി മുതൽ നടക്കുന്നതാണ്. മാർക്ക് വിഭജനം: 1) ഇതുവരെ ചോദിച്ച ചോദ്യപേപ്പർ (10%) 2) വിജ്ഞാനമുത്തുകൾ- പൊതുചോദ്യങ്ങൾ (20%) 3) 2019 ജനുവരി 01 മുതലുള്ള പത്രവാർത്തകളുടെ വെളിച്ചത്തിൽ കേരളം (20%) ഇന്ത്യ(20%) ലോകം (20%) 4) ജനറൽ ടോപ്പിക് (10%).

### മതബോധന വാർഷിക പരീക്ഷ

2018-2019 അധ്യയന വർഷത്തിലെ സൺഡേ സ്കൂൾ വാർഷിക പരീക്ഷ ഏപ്രിൽ 07 ഞായറാഴ്ച രാവിലെ 11.00 മണി മുതൽ 01.00 വരെ ഇടവകകളിൽ നടക്കുന്നതാണ്. ചോദ്യപേപ്പറുകൾ ഏപ്രിൽ 05 ന് മേഖലാഭാരവാഹികൾക്ക് മതബോധന ഓഫീസിൽ നിന്നും നൽകുന്നതാണ്.

### മതബോധന സ്കോളർഷിപ്പ് പരീക്ഷ

4 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളുടെ സ്കോളർഷിപ്പ് പരീക്ഷ ഏപ്രിൽ 11 വ്യാഴാഴ്ച രാവിലെ 10 മണിമുതൽ 12 മണിവരെ അതാത് മേഖലകളിൽ നടക്കുന്നതാണ്. സ്കോളർഷിപ്പിന്റെ മൂല്യനിർണയം മേഖലാകേന്ദ്രങ്ങളിൽ വച്ച് അന്നുതന്നെ നടത്തി 4, 7, 10 ക്ലാസുകളിൽ മേഖലയിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയ 2 ഉത്തരക്കടലാസുകൾ 12-ാം തിയതി വെള്ളിയാഴ്ച മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

### HCCI & HCCII പരീക്ഷാഫലം

2019 ജനുവരി 26 ന് നടന്ന HCC I & HCC II പരീക്ഷയുടെ ഫലം ഫെബ്രുവരി 9 ശനിയാഴ്ച പ്രസിദ്ധീകരിച്ചു. 1672 കുട്ടികൾ രജിസ്റ്റർ ചെയ്ത HCC I ൽ 88.1% വിജയവും 1747 കുട്ടികൾ രജിസ്റ്റർ ചെയ്ത HCC II ൽ 85.5% വിജയവും രേഖപ്പെടുത്തി.

## രൂപതാതല സമ്മാനത്തിന് അർഹരായവർ

**HCC I**

1st Prize: നയന മനോജ് തറപ്പിൽ: തിരുവമ്പാടി

2nd Prize: അലീന ബിജു വടക്കേക്കര: ചുണ്ടത്തുംപൊയിൽ

3rd Prize: ഡോൺ ജോ രാജു കടൽക്കരോട്ട്: ചേവായൂർ

**HCC II**

1st Prize: അതുല്യ ലസ്‌ലി ഞാറുക്കുളം : കുളിരാമുട്ടി

2nd Prize: ഫ്ളോറൻസ് ജോർജ് കിടങ്ങേത്ത് : പൂവാറൻതോട്

3rd Prize: മരിയ ഡൊമിനിക് മേൽവട്ടം : കട്ടിപ്പാറ

## HCC പരീക്ഷയിൽ നൂറു ശതമാനം വിജയം ലഭിച്ച സൺഡേ സ്കൂളുകൾ

**കരുവാരകുണ്ട് മേഖല**

1. പാതിരിക്കോട്
2. വാണിയമ്പലം

**മരുതോങ്കര മേഖല**

3. ചാപ്പൻതോട്ടം
4. കരിങ്ങാട്

**മലപ്പുറം മേഖല**

5. കൂമംകുളം
6. കോട്ടക്കൽ
7. പന്തല്ലൂർ

**പാറോപ്പടി മേഖല**

8. NIT കട്ടാങ്ങൽ

**വിലങ്ങാട് മേഖല**

9. വടകര
10. പാലൂർ

**പെരിന്തൽമണ്ണ**

11. കുറ്റിപ്പുറം

### Advanced -Self - Study programme for Catchisam Teachers

'വിശ്വാസവഴിയിലെ സംശയങ്ങൾ 'എന്ന പുസ്തകത്തെ ആസ്പദമാക്കി 65 വയസിന് താഴെയുള്ള മതാധ്യാപകർക്കുള്ള പരീക്ഷ മാർച്ച് 31 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ നടക്കുന്നതാണ്. (ചോദ്യപേപ്പറുകൾ വിശ്വാസോത്സവ പുസ്തകത്തോടൊപ്പം നൽകുന്നതാണ്).

## HCC SAY പരീക്ഷ

2019 ഫെബ്രുവരി 17 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ എല്ലാ

മേഖലയിലും ഒരു സെന്ററിൽ വച്ച് HCC സേ പരീക്ഷ നടക്കുകയുണ്ടായി. HCC മൂന്നാം സേ പരീക്ഷ ഏപ്രിൽ 1 ന് പി.എം.ഒ.സി. യിൽ വച്ച് രാവിലെ 10 മുതൽ 12 വരെ നടത്തുന്നതാണ്. ഹാൾടിക്കറ്റ്/വികാരിയച്ചന്റെ കത്ത് പരീക്ഷയിൽ സംബന്ധിക്കുന്നതിന് നിർബന്ധമാണ്. മാർച്ച് 9 ന് രണ്ടാം സേ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിക്കുന്നതാണ്.

**A+ Grade ലഭിച്ച സൺഡേ സ്കൂളുകൾ**

ബാലുശ്ശേരി, കോനൂർക്കണ്ടി

**ഡയറക്ടറച്ചന്റെ സന്ദർശനം**

പാറോപ്പടി, കുപ്പായക്കോട്, ചേവായൂർ ഇടവകകളിൽ സന്ദർശനം നടത്തി മതബോധന പ്രവർത്തനങ്ങൾ വിലയിരുത്തി.

**ഫാ. ജോസഫ് വടക്കേൽ**
ഡയറക്ടർ, വിശ്വാസപരിശീലനം.

# മിഷൻ ലീഗ്

### 1. മെഗാ ക്വിസ്-2019

താമരശ്ശേരി രൂപത ചെറുപുഷ്പ മിഷൻ ലീഗ് സംഘടിപ്പിച്ച മെഗാ ക്വിസ്-2019 ജനുവരി 26-ന് പി.എം.ഒ.സി യിൽ വച്ച് നടന്നു. 20 ടീമുകൾ പങ്കെടുത്ത ക്വിസിന് ശ്രീ. എബി പുളിക്കൽ എല്ലാവർക്കും സ്വാഗതം ആശംസിക്കുകയും രൂപതാ ഡയറക്ടർ ഫാ. അഗസ്റ്റിൻ വാമറ്റത്തിൽ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയും ചെയ്തു.

ശ്രീ. സന്ദീപ് കളപ്പുരയുടെ നേതൃത്വത്തിൽ സംഘടന, മഹാമിഷണറി, കേരള കലയും സാഹിത്യവും ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ എന്നീ വിഷയങ്ങളെ ആസ്പദമാക്കി നടത്തിയ മെഗാക്വിസിൽ മലപ്പുറം ടീം ഒന്നാം സ്ഥാനവും, കൂടരഞ്ഞി രണ്ടാംസ്ഥാനവും, വാലില്ലാപുഴ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വിജയികളായ ടീമുകൾക്ക് രൂപതാ ഡയറക്ടർ ഫാ. അഗസ്റ്റിൻ വാമറ്റത്തിൽ ക്യാഷ് അവാർഡും ട്രോഫിയും വിതരണം ചെയ്തു.

ഒന്നാം സ്ഥാനം നേടിയ ടീമിന് 2500 രൂപയും ട്രോഫിയും, രണ്ടാം സ്ഥാനം നേടിയ ടീമിന് 2000 രൂപയും ട്രോഫിയും, മൂന്നാം സ്ഥാനം നേടിയ ടീമിന് 1500 രൂപയും ട്രോഫിയും നൽകി അഭിനന്ദിച്ചു. സമാപനത്തിൽ ശ്രീമതി ദീപ റെജി എല്ലാവർക്കും നന്ദിയർപ്പിക്കുകയും ചെയ്തു.

**2. വിജയികൾ**

ചെറുപുഷ്പ മിഷൻ ലീഗ് താമരശ്ശേരി രൂപതയുടെ ആഭിമുഖ്യത്തിൽ നടത്തിയ ക്രിസ്തുമസ്സ് കാർഡ് നിർമ്മാണ മത്സരം, കരോൾ ഗാന രചനാമത്സരം എന്നിവയുടെ വിജയികളെ പ്രഖ്യാപിക്കുകയും അവർക്കുള്ള ക്യാഷ് അവാർഡും മെമെന്റോയും ഫെബ്രുവരി 9 ന് നടന്ന വൈസ് ഡയറക്ടേഴ്സ്, ജൂനിയർ ലീഡേഴ്സ് സംഗമത്തിൽ വച്ച് വിതരണം ചെയ്തു.

**3 വൈസ് ഡയറക്ടേഴ്സ്, ജൂനിയർ ലീഡേഴ്സ് സംഗമം**

ഫെബ്രുവരി 9 ന് പി.എം.ഒ. സി യിൽ വച്ച് വൈസ് ഡയറക്ടേഴ്സ്, ജൂനിയർ ലീഡേഴ്സ് സംഗമം നടന്നു. വൈസ് ഡയറക്ടേഴ്സിനുവേണ്ടി അഡ്വ. ജിജിൻ കിഴക്കരക്കാട്ട് ക്ലാസ് എടുത്തു. 'ജ്വാല' ടീം അംഗങ്ങളായ സി. ദീപ SABS, സി. വിനീത CMC എന്നിവർ ജൂനിയർ ലീഡേഴ്സിനുള്ള ക്ലാസുകൾ എടുത്തു. 12.15 ന് നടന്ന പൊതുസമ്മേളനത്തിൽ രൂപതാ പ്രസിഡന്റ് ശ്രീ. ജോയ് ജോർജ്ജ് അദ്ധ്യക്ഷനായിരുന്നു. രൂപതാ ഡയറക്ടർ ഫാ. അഗസ്റ്റിൻ വാമറ്റത്തിൽ എല്ലാവർക്കു ഹൃദ്യമായ സ്വാഗതം ആശംസിച്ചു. 175 പേർ പങ്കെടുത്ത സമ്മേളനത്തിൽ വികാരി ജനറൽ മോ ൺ. ജോൺ ഒറവുങ്കര ഉദ്ഘാടനം നിർവ്വഹിച്ചു സംസാരിച്ചു. പി.എം.ഒ.സി ഡയറക്ടർ ഫാ. സണ്ണി കളപ്പുര ആശംസകളർപ്പിച്ചു സംസാരിച്ചു. ജൂനിയർ പ്രസിഡന്റ് നോയൽ, സംസ്ഥാന പ്രതിനിധി ശ്രീമതി ദീപ റെജി എന്നിവരും യോഗത്തിൽ ആശംസകളർപ്പിച്ചു സംസാരിച്ചു. അലീക ഫ്രാൻസിസ്, എയ്ഞ്ചല ഫ്രാൻസിസ് എന്നിവർ ശ്രുതിമധുരമായ ഗാനമാലപിച്ചു. ക്രിസ്തുമസ് കാർഡ് നിർമ്മാണ മത്സരം, കരോൾ ഗാന രചനാ മത്സരം എന്നിവയിൽ വിജയികളായവർക്കുള്ള ക്യാഷ് അവാർഡും, മെമെന്റോയും മോൺ ജോൺ ഒറവുങ്കര, ഫാ. സണ്ണി കളപ്പുര എന്നിവർ ചേർന്ന് നൽകി. രൂപതാ ഭാരവാഹികളായ മിനി ബെന്നി, സിനോ തോമസ്, ജോമിൻ ജോസ് എന്നിവർ നേതൃത്വം നൽകി. രൂപതാ വൈസ് ഡയറക്ടർ സി. ജാൻസി മരിയ എല്ലാവർക്കും നന്ദിയർപ്പിച്ചു.

**4.ജ്വാല**

വെറ്റിലപ്പാറ ശാഖയിൽ ഫെബ്രുവരി 9 ന് ജ്വാല ടീം അംഗങ്ങളായ സി. നൈസി, CMC സി. നീതു CMC എന്നിവർ ക്ലാസുകൾ എടുത്തു. ഫെബ്രുവരി 17 ന് മുതുകാട് ഇടവകയിലും ജ്വാല നടന്നു. സി അൽഫോൻസ SH സി. ആൻസി ജോർജ്ജ് SH എന്നിവർ ക്ലാസുകൾ എടുത്തു.

**5. ശാഖ വിസിറ്റ്**

കൊണ്ടോട്ടി, പി.റ്റി. ചാക്കോ നഗർ, മാവൂർ, മുതുകാട് എന്നിവിടങ്ങളിൽ സന്ദർശനം നടത്തി ദിവ്യബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും ക്ലാസ്സെടുക്കുകയും ചെയ്തു.

**6. ടെലി ക്വിസ്**

ടെലി ക്വിസിന്റെ 9-ാം എപ്പിസോഡിലെ വിജയികളായ എൽബ കിഴക്കേവീട്ടിൽ താഴെക്കോടിന് രൂപതാ സമിതിയുടെ അഭിനന്ദനങ്ങൾ.

**7. ഗ്രാന്റ് മാസ്റ്റേഴ്സ് ക്യാമ്പ്.**

2019 ഏപ്രിൽ 29, 30, മെയ് 1, 2 തിയതികളിൽ പി.എം.ഒ.സി യിൽ വച്ച് ഗ്രാന്റ് മാസ്റ്റേഴ്സ് ക്യാമ്പ് നടത്തുന്നു. എറണാകുളത്തുനിന്നുള്ള ടീം ആയിരിക്കും ക്യാമ്പ് നയിക്കുന്നത്. ക്യാമ്പ് ഫീസ് 1200 രൂപയാണ് ഇനിയും പേര് രജിസ്റ്റർ ചെയ്യാത്തവർ എത്രയും പെട്ടെന്ന് CML ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കുട്ടികളുടെ കഴിവുകൾ കണ്ടെത്തി വളർത്തുന്നതിന് ഉപകരിക്കുന്ന ക്യാമ്പാണ്.

**8. വചനോപാസി**

ബൈബിളിലെ പ്രഭാഷകന്റെ പുസ്തകം 27 മുതൽ 51 വരെയുള്ള അദ്ധ്യായങ്ങൾ മനഃപാഠമാക്കുന്ന ഈ പദ്ധതി ഏപ്രിൽ 10 ന് പി.എം.ഒ.സി യിൽ വച്ച് നടക്കുന്നു. രണ്ടു വിഭാഗങ്ങളിലായി മത്സരം നടക്കുന്നു. 10 മുതൽ 15 വയസുവരെ ജൂനിയർ വിഭാഗവും 16 മുതൽ 25 വരെ പ്രായപരിധിയിൽപ്പെടുന്ന സീനിയർവിഭാഗവും രൂപതാതല മത്സര വിജയികൾക്ക് സംസ്ഥാന തലത്തിൽ പങ്കെടുക്കുന്നതിനുള്ള അവസരമുണ്ടായിരിക്കും സംസ്ഥാന തലത്തിൽ പ്രഭാഷകന്റെ പുസ്തകം മുഴുവൻ (1 മുതൽ 51 വരെ) ആയിരിക്കും മത്സരവിഷയം.

**രൂപതാവാർഷികം, രൂപതാ കൗൺസിൽ, രൂപതാ മാനേജിംഗ് കമ്മറ്റി**

ചെറുപുഷ്പ മിഷൻലീഗ് രൂപതാ വാർഷികം 2019 ഏപ്രിൽ 8 ന് തോട്ടുമുക്കം ഇടവകയിൽ വച്ച് നടത്തപ്പെടുന്നു. വാർഷികത്തോടനുബന്ധിച്ച് രൂപതാ കൗൺസിലും മനേജിംഗ് കമ്മിറ്റിയും ഏപ്രിൽ 8 ന് രാവിലെ 10 മണിക്ക് തോട്ടുമുക്കം പാരീഷ് ഹാളിൽ വച്ച് ചേരുന്നതാണ്.

**രൂപതാ കൗൺസിൽ പങ്കെടുക്കേണ്ടവർ:-**

എല്ലാ ശാഖാ ഭാരവാഹികളും, മേഖലാ ഭാരവാഹികളും, രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളും.

**രൂപതാ മാനേജിംഗ് കമ്മിറ്റിയിൽ പങ്കെടുക്കേണ്ടവർ:-**

എല്ലാ മേഖലാ എക്സിക്യൂട്ടീവ് അംഗങ്ങളും രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളും.

**കാര്യപരിപാടികൾ:-**

| | | |
|---|---|---|
| 10.00 | am : | രജിസ്ട്രേഷൻ |
| 10.30 | am : | പതാക ഉയർത്തൽ, ഉദ്ഘാടനം |
| 11.00 | am : | ക്ലാസ് |
| 12.45 | pm : | ഉച്ച ഭക്ഷണം |

1.45 pm : പ്രേഷിത റാലി

2.30 pm : പൊതുസമ്മേളനം

## ക്രിസ്തുമസ് കാർഡ് നിർമ്മാണ വിജയികൾ-2018

### യു.പി. വിഭാഗം

1-ാം സ്ഥാനം: മേരി പീറ്റർ പനയ്ക്കൽ, മരുതോങ്കര.
2-ാം സ്ഥാനം: അമൽഡ ജോർജ്ജ്, വെറ്റിലപ്പാറ.
3-ാം സ്ഥാനം: ക്രിസ്റ്റ ഇമ്മാനുവൽ, തലയാട്

### ഹൈസ്കൂൾ വിഭാഗം

1-ാം സ്ഥാനം: ന്യൂമ വെളിയംകുളം, കക്കയം.
2-ാം സ്ഥാനം: റോസ്‌ലിൻ നെൽസൺ, അശോകപുരം.
3-ാം സ്ഥാനം: ജോഷ്വാ കാഞ്ഞിരത്തിങ്കൽ, കുണ്ടുതോട്.

## കരോൾ ഗാന രചനാ മത്സരം-2018 വിജയികൾ

### ജൂനിയർ വിഭാഗം

1-ാം സ്ഥാനം: അലീന മംഗലാമഠത്തിൽ, തേക്കുംകുറ്റി.
2-ാം സ്ഥാനം: സാന്ദ്ര മരിയ പുത്തൻപുരയിൽ, പുതുപ്പാടി.
3-ാം സ്ഥാനം: സെലസ്റ്റീന പ്ലാക്കുട്ടത്തിൽ, ആനക്കാംപൊയിൽ

### സീനിയർ വിഭാഗം

1-ാം സ്ഥാനം: ഷീബ തോമസ് കുരിയാളശ്ശേരി, കൂടത്തായ്.
2-ാം സ്ഥാനം: ജോബി ചിലമ്പിക്കുന്നേൽ, കരികണ്ടൻപാറ.
3-ാം സ്ഥാനം: മേരി റോയ്സൺ, അശോകപുരം.

### ശ്രദ്ധിക്കുക:-

വചനോപാസി ഗ്രാന്റ് മാസ്റ്റേഴ്സ് പ്രോഗ്രാമുകളുടെ തിയതികളിൽ വന്ന മാറ്റം.

ഗ്രാന്റ് മാസ്റ്റേഴ്സ് ക്യാമ്പ് : ഏപ്രിൽ 29,30, മെയ് 1, 2
വചനോപാസി : ഏപ്രിൽ 10

**അഗസ്റ്റിൻ വാമറ്റത്തിൽ**
ഡയറക്ടർ, മിഷൻലീഗ്

# പാലിയേറ്റീവ് കെയർ

## വാർഷിക അവലോകന യോഗം

മൊബൈൽ ക്ലിനിക്ക് പ്രവർത്തനമാരംഭിച്ചതിന്റെ വാർഷികാവലോകനയോഗവും രൂപതാ എക്സിക്യൂട്ടീവ് യോഗവും അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ അധ്യക്ഷതയിൽ രൂപതാഭവനിൽ വച്ച് നടത്തപ്പെട്ടു. പാലിയേറ്റീവ് കെയറിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും മൊബൈൽ ക്ലിനിക്കിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും അതിന്റെ ഉപയോഗങ്ങളെക്കുറിച്ചും യോഗം ചർച്ച ചെയ്തു.

ഡയറക്ടർ ഫാ. സൈമൺ കിഴക്കേക്കുന്നേൽ, പ്രസിഡന്റ് ജേക്കബ് പടലോടി, സെക്രട്ടറി മാത്യു തേരകം എന്നിവർ സംസാരിച്ചു.

## പരിശീലന ക്ലാസ് മരഞ്ചാട്ടി

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളെക്കുറിച്ചും ശുശ്രൂഷാരീതികളെക്കുറിച്ചും മരഞ്ചാട്ടി ഇടവകയിൽ ക്ലാസ്സ് നടത്തി. ഇടവക വികാരി, ബിനു മാളിയേക്കൽ ക്ലാസ്സ് ഉദ്ഘാടനം ചെയ്തു. ജേക്കബ് പടലോടി, മാത്യു തേരകം എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

**ഫാ. സൈമൺ കിഴക്കേക്കുന്നേൽ**
ഡയറക്ടർ, അൽഫോൻസ പാലിയേറ്റീവ് കെയർ

# സെമിനാരി വാർത്തകൾ

## എൻട്രൻസ് പരീക്ഷ

വിവിധ മേജർ സെമിനാരികളിൽ തത്വശാസ്ത്ര പഠനത്തിന് പ്രവേശനം ലഭിക്കുന്നതിനുവേണ്ടിയുള്ള എൻട്രൻസ് എക്സാം ഫെബ്രുവരി 9-ാം തിയതി ശനിയാഴ്ച മൈനർ സെമിനാരിയിൽ വച്ച് നടന്നു. 3-ാം വർഷ സെമിനാരി വിദ്യാർത്ഥികളും അവസാന വർഷ ഡിഗ്രിവിദ്യാർത്ഥികളുമായ 21 പേരാണ് പരീക്ഷയെഴുതിയത്.

## +1, +2 പരീക്ഷകൾ

രണ്ടും മൂന്നും വർഷ മൈനർ സെമിനാരി വിദ്യാർത്ഥികൾ +1, +2 പരീക്ഷയ്ക്കായി ഒരുങ്ങിക്കൊണ്ടിരിക്കുന്നു. 11 പേർ +1 പരീക്ഷയും 14 പേർ +2 പരീക്ഷയും എഴുതുന്നു. പരീക്ഷകൾ മാർച്ച് 6 ന് ആരംഭിച്ച് 26 ന് അവസാനിക്കുന്നു.

### അധ്യയന വർഷസമാപനം

2019–2020 അധ്യയന വർഷം മാർച്ച് 25–ാം തിയതി അവസാനിക്കുന്നു. മാർച്ച് 12 മുതൽ 23 വരെ ഒന്നാം വർഷ മൈനർ സെമിനാരി വിദ്യാർത്ഥികൾക്കുള്ള ഫൈനൽ എക്സാം നടക്കും.

**ഫാ. അബ്രാഹം കൊച്ചീലാത്ത്**
റെക്ടർ, അൽഫോൻസ സെമിനാരി.

# വൊക്കേഷൻ ബ്യൂറോ

### ദൈവവിളി ക്യാമ്പുകൾ

തീയതി : 2019 ഏപ്രിൽ 1 മുതൽ 3 വരെ (തിങ്കൾ, ചൊവ്വ, ബുധൻ)
ആൺകുട്ടികൾക്ക് : ബഥാനിയ ധ്യാനകേന്ദ്രം, പുല്ലൂരാംപാറ
പെൺകുട്ടികൾക്ക് : പി.എം.ഒ.സി., മേരിക്കുന്ന്, കോഴിക്കോട്

#### ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. ക്യാമ്പിന് വരുന്നവർ ബൈബിൾ, നോട്ട്ബുക്ക്, പേന ബെഡ്ഷീറ്റ്, ടോയ്‌ലറ്റ് സാധനങ്ങൾ മുതലായവ കൊണ്ടുവരേണ്ടതാണ്.
2. ക്യാമ്പിൽ സംബന്ധിക്കുന്നവർ ബഹു. വികാരിയച്ചന്റെ കത്ത് നിർബന്ധമായും കൊണ്ടുവരേണ്ടതാണ്.
3. ക്യാമ്പ് ഫീസ് 500 രൂപയായിരിക്കും. ഫീസിൽ ഇളവ് ആഗ്രഹിക്കുന്നവർ ഇക്കാര്യം സൂചിപ്പിക്കുന്ന വികാരിയച്ചന്റെ കത്ത് കൊണ്ടുവരേണ്ടതാണ്.
4. ക്യാമ്പുകൾ ഏപ്രിൽ 1–ാം തീയതി രാവിലെ 10 മണിക്ക് ആരംഭിച്ച് 3–ാം തീയതി ഉച്ചയ്ക്ക് 1 മണിക്ക് അവസാനിക്കും.
4. മറ്റ് രൂപതകളിലോ, സന്ന്യാസ സമൂഹങ്ങളിലോ ചേരുവാൻ ആഗ്രഹിക്കുന്നവർ നിർബന്ധമായും രൂപത ദൈവവിളി ക്യാമ്പിൽ പങ്കെടുക്കേണ്ടതാണ്.
5. രൂപതയുടെ പുറത്തുള്ള സെമിനാരികളിലും കോൺവെന്റിലും ചേരാൻ ആഗ്രഹിക്കുന്ന കുട്ടികൾ രൂപതയിൽ നിന്നും നിർബന്ധമായും എൻ.ഒ. സി. വാങ്ങണം.
7. ബഹു. വികാരിയച്ചന്മാർ നമ്മുടെ രൂപതയിൽ ചേരുവാൻ ആഗ്രഹിക്കുന്ന കുട്ടികളുടെ പേരുവിവരങ്ങൾ അറിയിക്കുമല്ലോ.
8. വൊക്കേഷൻ പ്രൊമോട്ടേഴ്സിന് കുട്ടികളെ സന്ദർശിക്കുവാനുള്ള സമയം ക്യാമ്പിന്റെ സമാപന ദിവസമായ 3–ാം തീയതി രാവിലെ 9 മണി മുതൽ 10.30 വരെയായിരിക്കും.

**ഫാ. ജേക്കബ് അരീത്തറ**
ഡയറക്ടർ, വൊക്കേഷൻ ബ്യൂറോ

# മാതൃവേദി

## രൂപതാ എക്സിക്യൂട്ടീവ് യോഗം

രൂപതാ എക്സിക്യൂട്ടീവ് യോഗം കുന്ദമംഗലത്ത് വച്ച് കൂടുകയും തുടർപ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു. രൂപതാ ജനറൽ ബോഡി യോഗം ഫെബ്രുവരി 27 ബുധനാഴ്ച രൂപതാ ഭവനിൽ വച്ച് നടത്താൻ തീരുമാനിച്ചു. കർമ്മപദ്ധതികൾ തയ്യാറാക്കുകയും 2019 – 21 വർഷത്തേക്കുള്ള കർമ്മപദ്ധതികൾ തയ്യാറാക്കി വിതരണം ചെയ്യാനും തീരുമാനിച്ചു. രൂപതാഡയറക്ടർ ഫാ. സൈമൺ കിഴക്കേക്കുന്നേൽ അദ്ധ്യക്ഷത വഹിച്ചു.

## മേഖല ഡയറക്ടർമാരുടെ യോഗം

മേഖല ഡയറക്ടർമാരുടെ യോഗം പി. എം. ഒ. സി യിൽ വച്ച് നടത്തപ്പെട്ടു. മാതൃവേദിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുകയും തുടർപ്രവർത്തനങ്ങളെക്കുറിച്ച് ആലോചിച്ച് തീരുമാനിക്കുകയും ചെയ്തു. രൂപതാഡയറക്ടർ ഫാ. സൈമൺ കിഴക്കേക്കുന്നേൽ യോഗത്തിന് അധ്യക്ഷത വഹിച്ചു.

**ഫാ. സൈമൺ കിഴക്കേക്കുന്നേൽ**
ഡയറക്ടർ, മാതൃവേദി

# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

## പി. എം. ഒ. സി. യിൽ വച്ച് നടത്തപ്പെടുന്ന പ്രോഗ്രാമുകൾ :

1. Diploma course (1 year)
2. Counsiling skills course (10 days)
3. Couple Enrichment workshop (2 days)
4. Advanced counseling skills Training (1 week)
5. Alumini meet (1 day)

## കൗൺസിലിംഗ്

അനുദിന ജീവിതത്തിലുണ്ടാകുന്ന മാനസ്സീക ക്ലേശത്തിലും പിരിമുറക്കത്തിലും പെട്ടുഴലുന്നവർക്ക് ഒരു കൈത്താങ്ങാകുവാൻ സന്നദ്ധരായ ഡയറക്ടർ ഫാ. ഡോ. കുര്യൻ പുരമഠത്തിലിന്റേയും മറ്റു സൈക്കോളജിസ്റ്റുകളായ ഫാ. ജോജി, ശ്രീ. ശ്രീവത്സൻ, ശ്രീമതി, സിനി ജോൺ, മേരിപോൾ, ഷൈനി ആന്റോ എന്നിവരുടെ നിസ്വാർത്ഥമായ സഹകരണത്തോടെ കൗൺസിലിംഗ് ഇവിടെ നടത്തപ്പെടുന്നു.

### ഡിപ്ലോമ കോഴ്സ് (1 Year)

ക്രിസ്ത്യൻ ചെയറിന്റെ കീഴിലുള്ള ഒരു വർഷത്തെ അഡ്വാൻസ്ഡ് ഡിപ്ലോമ കോഴ്സിന്റെ 6-ാമത്തെ ബാച്ച് ഫെബ്രുവരി 3-ന് ആരംഭിച്ചു. 5-ാത്തെ ബാച്ചിലെ വിദ്യാർത്ഥികൾ 2-ാം സെമസ്റ്ററിലേക്ക് പ്രവേശിച്ചു. 4-ാമത്തെ ബാച്ചിലെ വിദ്യാർത്ഥികളുടെ കോൺവെക്കേഷനും സർട്ടിഫിക്കറ്റ് വിതരണവും മോൺ. ജോൺ ഒറവുങ്കരയുടെ നേതൃത്വത്തിൽ ഫെബ്രുവരി 9-ാം തിയതി നടക്കുകയുണ്ടായി.

### കൗൺസിലിംഗ് സ്കിൽസ് കോഴ്സ് (10 days)

വ്യക്തിബന്ധങ്ങളെ അമൂല്യമായി കരുതുന്നവർക്ക് തങ്ങളെതന്നെ മനസ്സിലാക്കി സ്വയം വളരുവാനും, മറ്റുള്ളവരെ മനസ്സിലാക്കി അവരുടെ മാനസ്സിക വളർച്ചയിൽ സഹായിക്കുവാനും ഉപകരിക്കുന്ന പത്തുദിവസത്തെ കൗൺസിലിംഗ് സ്കിൽസ് കോഴ്സ് ഏപ്രിൽ 23 നും മെയ് 13 നും നടത്തപ്പെടുന്നു. അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

**ഫാ. കുര്യൻ പുരമഠം**
ഡയറക്ടർ, ജോൺപോൾ II ഇൻസ്റ്റിറ്റ്യൂട്ട്

## കെ.സി.വൈ.എം

### കെ.സി.വൈ.എം രൂപതാ സെനറ്റ് സമ്മേളനം

താമരശ്ശേരി രൂപത കെ.സി.വൈ.എം അർദ്ധവാർഷിക സെനറ്റ് സമ്മേളനവും യുവജനവർഷ സമാപനവും തിരുവമ്പാടി സേക്രഡ് ഹാർട്ട് ഓഡിറ്റോറിയത്തിൽവെച്ച് നടത്തപ്പെട്ടു. രൂപതാ ട്രഷറർ നിധിൻ ജോർജ്ജ് യോഗത്തിന് സ്വാഗതം ആശംസിച്ചു. രൂപതാ പ്രസിഡണ്ട് സൗബിൻ ഇലഞ്ഞിക്കൽ അദ്ധ്യക്ഷത വഹിച്ച യോഗം എ. കെ. സി. സി. രൂപതാ ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ ചെമ്പുകണ്ടത്തിൽ ഉദ്ഘാടനം ചെയ്യുകയും കെ.സി.വൈ.എ. രൂപതാ ഡയറക്ടർ റവ. ഫാ. ജോർജ്ജ് വെള്ളക്കാക്കുടിയിൽ ആമുഖ പ്രഭാഷണം നടത്തുകയും ചെയ്തു. സംസ്ഥാന സെക്രട്ടറിയായി തെരെഞ്ഞെടുക്കപ്പെട്ട തേജസ്സ് കറുകയലിനെ യോഗത്തിൽ ആദരിക്കുകയുണ്ടായി. രൂപതാ ആനിമേറ്റർ സി. പ്രീതി ജോർജ്ജ്, തിരുവമ്പാടി മേഖല പ്രസിഡണ്ട് അമൽ മൈക്കിൾ തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു. യോഗത്തിന് സംസ്ഥാന സിൻഡിക്കേറ്റംഗം ലിമിന ജോർജ്ജ് നന്ദി അർപ്പിച്ചു. 110 പേർ പങ്കെടുത്ത സെനറ്റ് സമ്മേളനത്തിൽ മലബാർ മേഖല പ്രോ-ലൈഫ് കോഡിനേറ്റർ റവ. ഫാ. ജോസ് പെണ്ണാപറമ്പിൽ, ന്യൂസ് റിപ്പോർട്ടർ തോമസ് വലിയപറമ്പിൽ എന്നിവർ ക്ലാസ്സുകൾ എടുത്തു. 11

മേഖലകൾ തങ്ങളുടെ റിപ്പോർട്ടുകൾ അവതരിപ്പിച്ചു. രൂപതാ വൈസ് പ്രസിഡന്റ് ബ്ലസി ചെറിയാൻ, ജനറൽ സെക്രട്ടറി വിശാഖ് തോമസ്, സംസ്ഥാന സെനറ്റ് മെമ്പർമാരായ സുബിൻ തയ്യിൽ, അനുപ്രിയ മാത്യു, രൂപതാ സെക്രട്ടറി അഭിലാഷ് ബാബു, രൂപതാ എക്സിക്യൂട്ടീവ് മെമ്പർമാരായ ലിമ, സിപ്സിയ, ജിനു, മേഖലാ ലീഡേഴ്സ് തുടങ്ങിയവർ നേതൃത്വം നൽകി.

**ജനുവരി, ഫെബ്രുവരി മാസങ്ങളിൽ നിലാവുകൂട്ടം നടന്ന യൂണിറ്റുകൾ**

ജനുവരി 26 – മഞ്ഞക്കടവ്
ജനുവരി 27 – പടത്തുകടവ്
ഫെബ്രുവരി 9 – കക്കയം
ഫെബ്രുവരി 10 – കുണ്ടുതോട്

**ധീരജവാന്മാർക്ക് പ്രണാമമർപ്പിച്ച് കെ.സി.വൈ.എം കൂരാച്ചുണ്ട് മഞ്ഞക്കുന്ന് യൂണിറ്റുകൾ.**

**മഞ്ഞക്കുന്ന് :** കാശ്മീരിൽ തീവ്രവാദി ആക്രമണത്തിൽ വീരമൃത്യു വരിച്ച ധീരജവാന്മാർക്ക് ആദരാഞ്ജലികൾ അർപ്പിക്കുന്നതിനും പൊതുസമൂ ഹത്തിൽ സമാധാന സന്ദേശം പകർന്നു നൽകുന്നതിനായി. കെ.സി. വൈ. എം മഞ്ഞക്കുന്ന് യൂണിറ്റ് അനുസ്മരണംയോഗം നടത്തി. യൂണിറ്റ് പ്രസിഡന്റ് അരുൺ കുന്നത്തോട്ട് അദ്ധ്യക്ഷത വഹിച്ച യോഗം യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് കുഴിക്കാട്ടുമ്യാലിൽ ഉദ്ഘാടനം ചെയ്തു. രൂപതാസെക്രട്ടറി അഭിലാഷ് കെ. ബാബു, രൂപതാ സമിതി അംഗം ഐവി ഇമ്മാനുവൽ ആനിമേറ്റർ സി. സാലി ടോം തുടങ്ങിയവർ യോഗത്തിൽ സംസാരിച്ചു.

**കൂരാച്ചുണ്ട് :** ധീരജവാന്മാർക്ക് പ്രണാമമർപ്പിച്ചുകൊണ്ട് കെ.സി.വൈ.എം കൂരാച്ചുണ്ട് യൂണിറ്റിന്റെ നേതൃത്വത്തിൽ അനുസ്മരണയോഗം ചേരുകയും സമാധാനദീപം തെളിയിക്കുകയും ചെയ്തു. ഇവവകവികാരി റവ. ഫാ. ജയിംസ് വാമറ്റത്തിൽ യോഗത്തിൽ അധ്യക്ഷതവഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. അരുൺ ചീരമറ്റത്തിൽ, റവ. ഫാ രാജു അള്ളുംപുറത്ത്, യൂണിറ്റ് പ്രസിഡന്റ് ബിബിറ്റ് കുറുവത്താഴ എന്നിവർ നേതൃത്വം നൽകി.

**വരും ദിനങ്ങളിൽ**

**1. എലീസിയൻ–ഫോർമേഷൻ ക്യാപ്**

രൂപതയിൽ വേദപാഠത്തോടനുബന്ധിച്ചുള്ള വിശ്വാസോത്സവം ഏപ്രിൽമാസം 1 മുതൽ 5 വരെയാണല്ലോ നടത്തുന്നത്. വിശ്വാസോത്സവത്തിന്റെ ഭാഗമായി 10, 11, 12 ക്ലാസുകളിലെ കുട്ടികളെയും ഇടവകയിലെ യുവജനങ്ങളെയും ഒരുമിപ്പിച്ചുകൊണ്ടുള്ള **ഏകദിന യുവജനഫോർമേഷൻ ക്യാമ്പ്** നടത്താൻ തീരുമാനിച്ചിരിക്കുന്നു. **വിശ്വാസോത്സവം അവസാനിക്കുന്ന ദിവസം** സൗകര്യപ്രകാരം ക്രമീകരിക്കേണ്ടതാണ്. അന്നേ ദിവസം സാധ്യമായില്ലെങ്കിൽ, യുവജനങ്ങൾ എല്ലാവരും നാട്ടിലെത്തുന്ന **ദുഖശനിയാഴ്ച ദിവസം** ഇത് ക്രമീകരിക്കാനും സൗകര്യമുണ്ടായിരിക്കും.

രൂപയിലെ കെ സി വൈ എം ന്റെ നേതൃത്വത്തിൽ തിരഞ്ഞെടുത്തിരിക്കുന്ന റിസോഴ്സ് ടീമിലെ യുവജനങ്ങൾ തന്നെയാണ് ഈ ക്യാമ്പിന് നേതൃത്വം നൽകുന്നത്. അച്ചന്റെ ഇടവകയിൽ വിശ്വാസോത്സവത്തിന്റെ അവസാന ദിവസമോ ദുഖശനിയാഴ്ചയോ കുട്ടികളെയും യുവജനങ്ങളെയും ഒന്നിച്ചു കൂട്ടി ക്യാമ്പിനുള്ള സജ്ജീകരണം ചെയ്തുതരണം എന്ന് അഭ്യർത്ഥിക്കുന്നു.

- രാവിലെ 9 മണിക്ക് ആരംഭിച്ച് വൈകിട്ട് 4.00 ന് സമാപനം
- ബൈബിൾ അടിസ്ഥാനങ്ങൾ, വിശ്വാസവഴികളിലെ സംശയങ്ങൾ പുസ്തകപരിചയം, മിശ്രവിവാഹം, സ്നേഹക്കെണികൾ തുടങ്ങിയ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നു.
- എല്ലാ കുട്ടികൾക്കും 'വിശ്വാസവഴികളിലെ സംശയങ്ങൾ' എന്ന സീറോമലബാർ സഭാകാര്യലയത്തിൽ നിന്നും പ്രസിദ്ധീകരിച്ചിരിക്കുന്ന പുസ്തകം ലഭ്യമാക്കാൻ ആഗ്രഹിക്കുന്നു. ഈ പുസ്തകം കൈവശമുള്ള 10, 11, 12 ക്ലാസിലെ കുട്ടികളോട് ഈ പുസ്തകം കൊണ്ടുവരാൻ നിർദ്ദേശിക്കുക.
- ഉച്ച ഭക്ഷണം കൊണ്ടുവരണം. അല്ലെങ്കിൽ ഇടവകാതലത്തിൽ ക്രമീകരിക്കുകയും ചെയ്യുക.
- സമ്ാർട്ട് ഫോൺ ഉള്ള കുട്ടികൾ ഫോൺ കൊണ്ടുവരേണ്ടതാണ്.
- യുവജനങ്ങളെ ആവേശഭരിതരാക്കുന്ന ഗെയിമുകൾ, ആക്ടിവിറ്റീസ്, നൊസ്റ്റാൾജിക് സെഷൻ എന്നിവ ഉൾപ്പെടുത്തിക്കൊണ്ടാണ് ക്യാമ്പ് ക്രമീകരിച്ചിരിക്കുന്നത്.

**കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക** ലിമ്ന ജോർജ്ജ് – 9947715814 – റിസോഴ്സ് ടീം ഇൻചാർജ്ജ്

2. മാർച്ച് 15 ന് മുൻപായി യൂണിറ്റ് റിപ്പോർട്ടുകൾ മേഖല സമിതിയെ ഏൽപ്പിക്കേണ്ടതാണ്. രൂപതാ ദിനത്തിനു മുൻപായി ഫൊറോനയിലെയും രൂപതയിലെയും മികച്ച യൂണിറ്റുകളെ തിരഞ്ഞെടുക്കേണ്ടതിനാണിത്.

## വീരമൃത്യു വരിച്ച ജവാൻമാർക്ക് ആദരാഞ്ജലികൾ

രൂപത കെ സി വൈ എം പ്രാർത്ഥനാറാലിയും പുഷ്പാർച്ചനയും നടത്തി. കാശ്മീരിൽ തീവ്രവാദി ആക്രമത്തിൽ വീരമൃത്യു വരിച്ച ധീര ജവാൻമാർക്ക് ആദരാഞ്ജലികൾ അർപ്പിച്ചു കൊണ്ട് കെ സി വൈ എം താമരശ്ശേരി രൂപത കോടഞ്ചേരി മേഖലയുടെയും കൂരോട്ടുപാറയൂണിറ്റിന്റെയും ആതിഥേയത്വത്തിൽ പ്രാർത്ഥന സദസ് സംഘടിപ്പിച്ചു. രൂപത പ്രസിഡന്റ് സൗബിൻ ഇലഞ്ഞിക്കൽ അധ്യക്ഷത വഹിച്ച പ്രാർത്ഥനാ സദസിന് കൂരോട്ടുപാറ യൂണിറ്റ് ഡയറക്ടർ ഫാ. ചാക്കോ മുണ്ടക്കൽ നേതൃത്വം നൽകി.

**ഫാ. ജോർജ്ജ് വെള്ളയ്ക്കാകുടിയിൽ**
ഡയറക്ടർ, കെ.സി.വൈ.എം

# മദ്യവിരുദ്ധ സമിതി

**രൂപതാ എക്സിക്യൂട്ടീവ് യോഗം**

രൂപതാ എക്സിക്യൂട്ടീവ് യോഗം രൂപതാഭവനിൽവച്ച് കൂടുകയും ഭാവിപരിപാടികൾ ആസൂത്രണം ചെയ്യുകയും സ്കൂളുകളിലെ മികച്ച വ്യക്തിത്വവികസന ക്ലാസ്സുകൾക്കും സാഹിത്യമത്സരവിജയികൾക്കും സമ്മാനം വിതരണം ചെയ്യാനും തീരുമാനിച്ചു.

**വ്യക്തിത്വവികസന ക്ലാസ് - സമ്മാനദാനവും സെമിനാറുകളും.**

**തിരുവമ്പാടി**

കെസിബിസി മദ്യവിരുദ്ധസമിതി രൂപതാകമ്മറ്റിയുടെയും രൂപത വിദ്യാഭ്യാസ ഏജൻസിയുടെയും സഹകരണത്തോടെ സേക്രട്ട് ഹാർട്ട് യു പി സ്കൂളിൽ വ്യക്തിത്വവികസന ക്ലബിന്റെ നേതൃത്വത്തിൽ പരിശീലന ശില്പശാലയും അവാർഡ് വിതരണവും സംഘടിപ്പിച്ചു. ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഉദ്ഘാടനം നിർവ്വഹിച്ചു.

രൂപതാ ഡയറക്ടർ ഫാ. സൈമൺ കിഴക്കേക്കുന്നേൽ അധ്യക്ഷത വഹിച്ചു. ആൽഫ മരിയ അക്കാദമി ഡയറക്ടർ ഫാ. തോമസ് പുതിയാപറമ്പിൽ ക്ലാസ് നയിച്ചു. കുര്യൻ ചെമ്പനാനിയിൽ, ജോളി ഉണ്ണ്യേപ്പള്ളിൽ, രാജൻ ഉറുമ്പിൽ, ടി. ടി. തോമസ്, ജോയിക്കുട്ടി ലൂക്കോസ്, കെ. സി. ജോസഫ്, കെ. എം എമ്മാനുവൽ, ബേബി മാത്യു, സിസ്റ്റർ മേഴ്സി, റോസ്മിൻ ജോസഫ് തുടങ്ങിയവർ പ്രസംഗിച്ചു. മികച്ച വ്യക്തിത്വ വികസന ക്ലബുകളായി പുല്ലൂരാംപാറ, കൂടരഞ്ഞി, തിരുവമ്പാടി, കണ്ണോത്ത്, സ്കൂളുകളിലെ ക്ലബുകൾ തെരെഞ്ഞെടുക്കപ്പെട്ടു.

സാഹിത്യോത്സവത്തിൽ സെന്റ് ജോർജ് യുപി വിലങ്ങാട്, ഹോളി ഫാമിലി എച്ച് എസ് എസ് കട്ടിപ്പാറ, സെന്റ് തോമസ് എച്ച് എസ് എസ് കൂരാച്ചുണ്ട് എന്നീ സ്കൂളുകൾ ഓവർ ചാമ്പന്മാരായി.

മികച്ച ക്ലബ് ഡയറക്ടറായി പടത്തുകടവിലെ സിസ്റ്റർ മേഴ്സി എസ്എച്ച്നെയും മികച്ച വിദ്യാർത്ഥി പ്രവർത്തകയായി റോസ്മിൻ ജോസഫിനെയും തെരെഞ്ഞെടുത്തു.

**ഫാ. സൈമൺ കിഴക്കേക്കുന്നേൽ**
ഡയറക്ടർ, മദ്യവിരുദ്ധസമിതി

# ഫാമിലി അപ്പോസ്തലേറ്റ്

ഫെബ്രുവരി 04 – 07 **തീയ്യ**തികളിൽ പി.എം.ഒ.സി – യിൽ വച്ച് പ്രീ-കാനാ കോഴ്സ് നടത്തി. വിവിധ രൂപതകളിൽ നിന്നായി 72 പേർ പങ്കെടുത്തു. ഫാ. ജോസ് പെണ്ണാപറമ്പിൽ, ഫാ. കുര്യൻ പുരമഠം, ഫാ. ജോർജ്ജ് കളപ്പുര, ഫാ. റോയി തേക്കുംകാട്ടിൽ, ഫാ. റോണി പോൾ കാവിൽ, ഫാ. വിൽസൺ മൂട്ടത്തുകുന്നേൽ, ഫാ. ബെന്നി മുണ്ടനാട്ട്, ഫാ. അരുൺ വടക്കേൽ, സിസ്റ്റർ ആൻജോ S. H., ഡോ. അബ്രാഹം ജേക്കബ്, പ്രൊഫ. ചാക്കോ കാളംപറമ്പിൽ, മിസ്സിസ് ഷാന്റി ജോസ് എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ഫാ. അജി പുതിയാപറമ്പിലിന്റെ നേതൃത്വത്തിൽ ഫാമിലി ചാറ്റ് നടത്തി. കോഴ്സിന്റെ അവസാനദിവസം മാതാപിതാക്കൾക്ക് ഫാ. ജോസ് പെണ്ണാപറമ്പിൽ, പ്രൊഫ. ചാക്കോ കാളംപറമ്പിൽ എന്നിവർ ക്ലാസുകൾ എടുത്തു. 175 – ഓളം മാതാപിതാക്കൾ പങ്കെടുത്തു. ക്ലാസ്സ് 1 മണിയോടെ അവസാനിച്ചു. എം.എസ്.എം.ഐ സിസ്റ്റേഴ്സും മിസ്റ്റർ ആൻഡ്രൂസ് ചൂരപ്പൊയ്കയിലും കൗൺസിലിംഗിനു നേതൃത്വം നല്കി.

**അടുത്ത പ്രീ – കാനാ കോഴ്സുകൾ**

**മാർച്ച് 04–07, 25–28 ഏപ്രിൽ 08–11 മേയ് 06–09**

താമരശേരി രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ തിരുവമ്പാടി ഇടവകയിൽ ഹോം മിഷൻ എല്ലാ വ്യാഴാഴ്ചകളിലും നടത്തികൊണ്ടിരിക്കുന്നു. തിരുവമ്പാടി ഇടവകയിൽ ഫാമിലി അപ്പോസ്തലേറ്റിനോട് ചേർന്ന് സി.എം.സി സഭയിലെ സഹോദരിമാരാണ് ഹോം മിഷന് നേതൃത്വം നൽകുന്നത്. അവർ എല്ലാ ഭവനങ്ങളും സന്ദർശിക്കുകയും ആഴ്ചയിലൊരിക്കൽ എല്ലാവരും ദേവാലയത്തിൽ ഒരുമിച്ചുകൂടുകയും ചെയ്യുന്നു. താമരശ്ശേരി രൂപത ഫാമിലി അപ്പോസ്തലേറ്റ് രൂപതാ ഡയറക്ടർ ഫാദർ ജോസ് പെണ്ണാപറമ്പിൽ, രൂപത മൈനർ സെമിനാരി ആത്മീയപിതാവ് ഫാ. ജോൺ പള്ളിക്കാവയലിൽ എന്നിവരുടെ നേതൃത്വത്തിൽ ആരാധന നടത്തുകയും ക്ലാസ്സെടുക്കുകയും ദിവ്യബലി അർപ്പിച്ച് വചനസന്ദേശം നൽകുകയും ചെയ്തു.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, ഫാമിലി അപ്പോസ്തലേറ്റ്

# മരിയൻ പ്രോ- ലൈഫ് മൂവ്മെന്റ്

കെ.സി.ബി.സി പ്രോ-ലൈഫ് മലബാർ മേഖലാ സമിതി രൂപീകരണത്തിന്റെ ഭാഗമായി കെ.സി.ബി.സി പ്രോ-ലൈഫ് മലബാർ മേഖലാ ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ, കെ.സി.ബി.സി പ്രോ-ലൈഫ് സംസ്ഥാന ഓർഗനൈസർ ഷിബു ജോൺ എന്നിവരുടെ നേതൃത്വത്തിൽ മലബാറിലെ രൂപതകൾ സന്ദർശിക്കുകയും അഭിവന്ദ്യപിതാക്കന്മാരേയും ഫാമിലി അപ്പോസ്റ്റലേറ്റ് ഡയറക്ടേഴ്സിനേയും കണ്ട് സംസാരിക്കുകയും ചെയ്തു.

**മലബാർ മേഖലാ സംഗമം**

2019, മാർച്ച് 16 ശനിയാഴ്ച കോഴിക്കോട് ബിഷപ്പ്സ് ഹൗസിൽ വച്ച് മലബാർ മേഖലാ സംഗമം നടത്തുന്നു.

**ചർച്ച് ആക്ടിനെതിരെ പ്രതിഷേധ റാലി**

പ്രോ-ലൈഫ് യൂത്ത് വിങ്ങിന്റെ നേതൃത്വത്തിൽ ചർച്ച് ആക്ടിനെതിരെ പ്രതിഷേധ റാലി സംഘടിപ്പിച്ചു.

നിയമപരിഷ്കരണ കമ്മീഷൻ പുറത്തിറക്കിയ ചർച്ച് ആക്ട് 2019 ന്റെ കരട് വിജ്ഞാപനത്തിനെതിരെ പ്രോ-ലൈഫ് യൂത്ത് വിങ്ങ് താമരശ്ശേരി രൂപത സമിതിയുടെ നേതൃത്വത്തിൽ പ്രതിഷേധ റാലി നടത്തി. ചർച്ച് ആക്ട് പിൻവലിക്കാത്ത പക്ഷം വമ്പിച്ച സമരങ്ങൾ നടത്തുമെന്ന് പ്രോ-ലൈഫ് യൂത്ത് വിങ്ങ് രൂപത പ്രസിഡന്റ് സുബിൻ തയ്യിൽ അറിയിച്ചു. തിരുവമ്പാടി അങ്ങാടിയിൽ നടന്ന പ്രതിഷധറാലി പ്രോ-ലൈഫ് രൂപതാ പ്രസിഡന്റ് സജീവ് പുരയിടത്തിൽ ഉദ്ഘാടനം ചെയ്തു. പ്രോ-ലൈഫ് യൂത്ത് വിങ് ജനറൽ സെക്രട്ടറി ഗോഡ്‌വിൻ നീണ്ടുകുന്നേൽ, ഡോ. ബെസ്റ്റി ഷിബു, വിനോദ്, തങ്കച്ചൻ പുരയിടത്തിൽ, പ്രിൻസ് ജെയ്സൻ, ലിന്റോ മാത്യു, സാന്ദ്രാ മരിയ സ്കറിയ, അഞ്ജലി സ്കറിയ, രഞ്ജിത്, ആൽബിൻ, ഷിന്റോ കൂട്ട്യനിൽ, ലിന്റോ മനുവേൽ, ഷിന്റു കുര്യൻ, നവീൻ ചുഴിതോട്ടിയിൽ, ബീന പുന്നത്താനം, ആൽബിൻ തെക്കേതൊട്ടിയിൽ എന്നിവർ നേതൃത്വം നൽകി.

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ്

# വിൻസെന്റ് ഡി പോൾ

## താമരശ്ശേരി സെൻട്രൽ കൗൺസിൽ

ദേവഗിരി A C, അശോകപുരം ഇൻഫന്റ് ജീസസ് കോൺഫറൻസിന്റെ ആഭിമുഖ്യത്തിൽ വർഷംതോറും നല്കി വരുന്ന താമരശ്ശേരി സെൻട്രൽ കൗൺസിൽ പരിധിയിൽ നിന്ന് തെരഞ്ഞെടുക്കുന്ന ഏറ്റവും നല്ല വിൻസെൻഷ്യൽ പ്രവർത്തകനുള്ള ഡോ.കെ.ജെ.മത്തായി മെമ്മോറിയൽ പുരസ്കാരം 2019 ജനുവരി 26-ന് അശോകപുരം ഇൻഫന്റ് ജീസസ് ദേവാലയങ്കണത്തിൽ വെച്ച് നടന്ന ചടങ്ങിൽ താമരശ്ശേരി സെൻട്രൽ കൗൺസിൽ പ്രസിഡന്റ് ബ്രദർ തോമസ് പുലിക്കോട്ടിൽ, ദേവഗിരി മുൻ A C പ്രസിഡണ്ടായിരുന്ന ബ്രദർ എ.സി.ഷാജിക്ക് സമ്മാനിച്ചു. യോഗത്തിൽ ഇടവക വികാരി ഫാദർ വിൽസൺ മുട്ടത്തുകുന്നേൽ അദ്ധ്യക്ഷത വഹിച്ചു. അവാർഡ് തെരഞ്ഞെടുപ്പു കമ്മിറ്റി കൺവീനർ ബ്ര. വർക്കി തോണിപ്പാറ സ്വാഗതവും അശോകപുരം കോൺഫറൻസ് പ്രസിഡണ്ട് ബ്ര. ജോർജ് വലിയവീട്ടിൽ നന്ദിയും രേഖപ്പെടുത്തി. റവ. ഫാ ജോ മാത്യു, റവ. ഫാ ആന്റോ, രൂപതാ പാസ്റ്റർ കൗൺസിൽ സെക്രട്ടറി പ്രൊഫ. ചാക്കോ കാളംപറമ്പിൽ എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു.

## രോഗീ ദിനാചരണം

മരിയാപുരം ഫാത്തിമാ മാതാ ഫോറോനാ ദേവാലയത്തിലെ തിരുന്നാളിനോടനുബന്ധിച്ച് സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പ്രായമായവരേയും, രോഗികളെയും പള്ളിയിലെത്തിച്ച് ഇവർക്കായുള്ള വി. കുർബ്ബാനയും രോഗീലേപന ശുശ്രൂഷയും ഇടവക വികാരി ബഹു. ജേക്കബ് കുത്തൂർ അച്ചന്റെ കാർമ്മികത്വത്തിൽ നടത്തി. തുടർന്ന് സ്നേഹ വിരുന്നോടെ രോഗീദിനാചരണം സമാപിച്ചു. നെൻമേനി സെന്റ് ജോസഫ്സ് കോൺഫറൻസ് മുൻ അംഗം ബ്ര. പൊന്നത്ത് ജോസഫിന്റെ നിര്യാണത്തിൽ കോൺഫറൻസ് അംഗങ്ങൾ ഭവനം സന്ദർശിച്ച് റീത്ത് സമർപ്പിച്ചു പ്രാർത്ഥന നടത്തി. മരുതോങ്കര AC ട്രഷറർ ബ്ര. കെ.ജെ.ചാക്കോയുടെ വത്സല പിതാവിന്റെ വേർപാടിൽ വിൻസെന്റ് ഡി പോൾ ഭാരവാഹികൾ ഭവനത്തിലെത്തി പ്രാർത്ഥിക്കുകയും റീത്ത് സമർപ്പിച്ച് സംസ്കാര ശുശ്രൂഷയിൽ പങ്കെടുക്കുകയും ചെയ്തു.

**തോമസ് പുലിക്കോട്ടിൽ**
സി. സി. പ്രസിഡന്റ്, വിൻസെന്റ് ഡി പോൾ

# കമ്മ്യൂണിക്കേഷൻ മീഡിയ

## പാരിഷ് ബുള്ളറ്റിൻ അവാർഡ്

രൂപതയിലെ മികച്ച പാരിഷ് ബുള്ളറ്റിനുകൾക്ക് കമ്മ്യൂണിക്കേഷൻ മീഡിയ നൽകുന്ന ബെസ്റ്റ് പാരിഷ് ബുള്ളറ്റിൻ അവാർഡിന് മാർച്ച് 31 വരെ അപേക്ഷിക്കാം.

2018 ജനുവരി മുതൽ ഡിസംബർ വരെ പ്രസിദ്ധീകരിച്ച ബുള്ളറ്റിനുകളാണ് പരിഗണിക്കുക. ഇടവക വികാരിയുടെ സാക്ഷ്യപത്രത്തോടൊപ്പം ബുള്ളറ്റിനുകളുടെ രണ്ടു കോപ്പികൾ വീതം മേരിക്കുന്ന് പിഎംഒസിയിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ മീഡിയ ഓഫീസിൽ എത്തിക്കണം. മികച്ച പാരിഷ് ബുള്ളറ്റിന് 5000 രൂപയും ഫലകവും അടങ്ങുന്നതാണ് പുരസ്ക്കാരം. രണ്ടും മൂന്നും സ്ഥാനക്കാർക്ക് യഥാക്രമം 3000, 2000 രൂപയും ഫലകവും നൽകും. രൂപതാദിനത്തിൽ സമ്മാനങ്ങൾ വിതരണം ചെയ്യും.

**വിവരങ്ങൾക്ക്: 0495 2731311.**

കമ്മ്യൂണിക്കേഷൻ മീഡിയ ഓഫീസിന്റെ പുതിയ ഫോൺ നമ്പറുകൾ:
97 44 99 5552, 97 44 99 5553

**ഫാ. മാത്യു കൊല്ലംപറമ്പിൽ**
ഡയറക്ടർ, കമ്മ്യൂണിക്കേഷൻ മീഡിയ

* * * * *

# ആദരാഞ്ജലികൾ

## സി. ഡാമിയാന



താമരശേരി രൂപതയിൽ തിരുവമ്പാടി ഇടവകയിൽ ഇളംതുരുത്തിയിൽ ലൂക്കോസിന്റെയും ഏലിക്കുട്ടിയുടെയും നാലാമത്തെ മകളായി 1945 ഫെബ്രുവരി 9-ാം തിയ്യതി സിസ്റ്റർ ഡാമിയാന ജനിച്ചു. ഹൈസ്കൂൾ പഠനം തിരുവമ്പാടിയിൽ നിന്ന് പൂർത്തിയാക്കിയ സിസ്റ്റർ ഡാമിയാന 1963 ഒക്ടോബർ 15ന് ഇറ്റലിയിൽ സ്ഥാപിതമായ സെന്റ് അലോഷ്യസിന്റെ നാമധേയത്തിലുള്ള സന്യാസിനി സമൂഹത്തിൽ അർത്ഥിനിയായി ചേർന്നു. 1967 സെപ്റ്റംബർ 24ന് പ്രഥമവ്രതവാഗ്ദാനം ചെയ്തു. തുടർന്ന് ഇറ്റലിയിൽ വച്ച് തന്നെ 1974 ഏപ്രിൽ ഏഴിന് നിത്യവ്രതവാഗ്ദാനം നടത്തി. 1974 ആഗസ്റ്റ് 23 ന് സിസ്റ്റർ ഡാമിയാനയും സഹപ്രവർത്തകയായ മറ്റൊരു സിസ്റ്ററുമായി ഇന്ത്യയിലേക്ക് യാത്ര തിരിച്ചു. അവർ ആന്ധ്രപ്ര

ദേശിലെ മിഷൻ നഗരമായ വിജയവാഡ രൂപതയിൽ എത്തി. 1975 ജനുവരി 30ന് ഒരു മഠം ആരംഭിച്ചു. അതിനു ശേഷം 1980 വരെ സിസ്റ്റർ ഡാമിയാന സാമൂഹ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ഇറ്റലി, ആന്ധ്രാപ്രദേശ്, ബീഹാർ, കേരളം എന്നീ സ്ഥലങ്ങളിൽ സിസ്റ്റർ ഡാമിയാന തന്റെ സുത്യർഹമായ സേവനം മറ്റുള്ളവർക്കായി നൽകി.

1998-ൽ താമരശേരി രൂപതയിലെ മാങ്കാവിൽ മഠം ആരംഭിക്കുകയും കൗൺസിലിങ്ങ് സെന്റർ തുടങ്ങുകയും ചെയ്തു. വിജയവാഡ, വിശാഖപട്ടണം, മാങ്കാവ് എന്നീ മഠങ്ങളിൽ സുപ്പീരിയറായും, ജൂനിയർ മിസ്ട്രസായും, പ്രൊവിൻഷ്യൽ കൗൺസിലറായും, പ്രൊവിൻഷ്യലായും, സഭയിലെ വികാർ ജനറലായും സിസ്റ്റർ തന്റെ സേവനം കാഴ്ച്ചവെച്ചു.

2012 മുതൽ താമരശേരി രൂപതയിലെ മാങ്കാവ് മഠത്തിൽ കൗൺസിലിങ്ങ് ചെയ്തുകൊണ്ടിരുന്ന സിസ്റ്റർ നിത്യവ്രത വാഗ്ദാന ചടങ്ങിൽ പങ്കെടുക്കുന്നതിനും അതിനു ശേഷമുള്ള മീറ്റിങ്ങിൽ സംബന്ധിക്കുന്നതിനുമായി 2018 സിസംബർ 26-ന് വിജയവാഡയിലേക്ക് പോയി. 2019 ജനുവരി എട്ടിന് സിസ്റ്റർ ഡാമിയാനയെ സെന്റ് ആൻസ് ഹോസ്പിറ്റലിൽ തീവ്രമായ പനിയും ശ്വാസതടസവുമായി അഡ്മിറ്റ് ചെയ്യപ്പെട്ടു. ആരോഗ്യസ്ഥിതി കൂടുതൽ മോശമായപ്പോൾ വെന്റിലേറ്ററിലേക്ക് മാറ്റി. 2019 ജനുവരി 12 ന് വൈകുന്നേരം 5.20 ന് തന്റെ നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ടു. വിജയവാഡ രൂപതയിലെ ഗുണദല മാതാവിന്റെ തീർത്ഥാടക ദേവാലയ സെമിത്തേരിയിൽ മൃതദേഹം സംസ്കരിച്ചു.

## സി. സ്റ്റെല്ല മേരി മഞ്ചപ്പിള്ളി SABS



മാനന്തവാടി രൂപതയിൽ നടവയൽ ഇടവക മഞ്ചപ്പിള്ളി കുടുംബത്തിൽ വർക്കി-അന്നക്കുട്ടി ദമ്പതികളുടെ 11 മക്കളിൽ 4-ാമത്തെ സന്താനമായി 1947 ജൂലൈ 9 ന് മേരി ജനിച്ചു. തികഞ്ഞ ക്രിസ്തീയ ചൈതന്യവും ദൈവഭക്തിയും നിറഞ്ഞുനിന്ന കുടുംബാന്തരീക്ഷത്തിൽ വളർന്നു വന്ന മേരി വിദ്യാഭ്യാസത്തിനുശേഷം തന്നെക്കുറിച്ചുള്ള ദൈവ നിയോഗം തിരിച്ചറിഞ്ഞ് 1969-ൽ കിളിയന്തറ ആരാധനാമഠത്തിൽ അർത്ഥിനിയായി ചേർന്നു. സന്യാസ പരിശീലനം പൂർത്തിയാക്കി 1971 ഏപ്രിൽ 28 ന് ആദ്യവ്രതവാഗ്ദാനം നടത്തി സി. സ്റ്റെല്ലാ മേരി എന്ന പേര് സ്വീകരിച്ചു. 1976 മെയ് 6 ന് നിത്യവ്രത വാഗ്ദാനത്തിലൂടെ ദിവ്യകാരുണ്യനാഥന് തന്നെതന്നെ സമ്പൂർണ്ണമായി സമർപ്പിച്ചു. സമർപ്പണവഴിയിൽ വിശുദ്ധിയുടേയും നൈർമല്യത്തിന്റെയും, നിഷ്കളങ്കതയുടേയും ചൈതന്യം പുലർത്തുന്നതിൽ സിസ്റ്റർ എന്നും മുൻപന്തിയിലായിരുന്നു. ശാന്തമായ സ്വഭാവവും പ്രവർത്തനരീതികളും പുഞ്ചിരിയാർന്ന മുഖഭാവവും ഏവർക്കും സിസ്റ്ററിനെ

സ്വീകാര്യയാക്കി.

പുല്ലൂരാംപാറ, കിളിയന്തറ, വിലങ്ങാട്, മരുതോങ്കര, ആനക്കാംപൊയിൽ, താമരശ്ശേരി, ബാലുശ്ശേരി, മേരിക്കുന്ന്, ദേവഗിരി എന്നീ ഭവനങ്ങളിലും, പ്രൊവിൻഷ്യൽ കൗൺസിലർ, പ്രൊവിൻഷ്യൽ സെക്രട്ടറി, സുപ്പീരിയർ, സ്കൂളിന്റെ ഫിനാൻസ് ഓഫീസർ എന്നീ നിലകളിലും സിസ്റ്റർ സേവനം ചെയ്തു. 2018 ഡിസംബർ 14 ന് ഉണ്ടായ ഹൃദയാഘാതവും ഡിസംബർ 31 ന് ഉണ്ടായ മസ്തിഷ്ക്കാഘാതവും സിസ്റ്ററിന്റെ ആരോഗ്യനിലയെ കൂടുതൽ വഷളാക്കി. തന്റെ വിശുദ്ധരുടെ മരണം കർത്താവിന് അമൂല്യമാണ് എന്ന സങ്കീർത്തനവചനം അന്വർത്ഥമാക്കി 2019 ജനുവരി 29 ന് സിസ്റ്ററിന്റെ പാവനാത്മാവ് തന്റെ 71-ാമത്തെ വയസ്സിൽ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 2019 ജനുവരി 30 ന് താമരശ്ശേരി രൂപതാദ്ധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ കാർമ്മികത്വത്തിൽ നടന്ന ദിവ്യബലിയെ തുടർന്ന് മൃതദേഹം പുല്ലൂരാംപാറ സെന്റ് ജോസഫ് പള്ളിസെമിത്തേരിയിൽ സംസ്ക്കരിച്ചു. നീണ്ട 48 വർഷങ്ങൾ ദിവ്യകാരുണ്യാരാമത്തിൽ കെടാവിളക്കായി നിലകൊണ്ട സിസ്റ്ററിന്റെ ജീവിതം ഇനി സ്വർഗ്ഗീയാരാമത്തിൽ നിത്യവും ജ്വലിക്കുവാൻ നമുക്കും പ്രാർത്ഥിക്കാം.

# ലിറ്റർജി കമ്മീഷൻ

### 1. പുത്തൻപാന ആലാപന മത്സരം

താമരശ്ശേരി രൂപതാ ലിറ്റർജി കമ്മീഷന്റെ ആഭിമുഖ്യത്തിൽ 2019 ഏപ്രിൽ 13 ന് ശനിയാഴ്ച മലബാർ മേഖലയിലെ എല്ലാ കത്തോലിക്കാ രൂപതകളിലേയും (തലശ്ശേരി, താമരശ്ശേരി, മാനന്തവാടി, കോഴിക്കോട്, കണ്ണൂർ, ബത്തേരി, കോട്ടയം രൂപതാ-മലബാർ റീജിയൻ) ഇടവക കൾക്കായി പുത്തൻപാന ആലാപന മത്സരം നടത്തപ്പെടുന്നു. ഒരു ഇടവകയിൽ നിന്നും എത്ര ടീമുകൾക്കു വേണമെങ്കിലും പങ്കെടുക്കാം.

1 - ാം സമ്മാനം 10,000/- രൂപയും ട്രോഫിയും സർട്ടിഫിക്കറ്റും.
2- ാം സമ്മാനം 7000/- രൂപയും ട്രോഫിയും സർട്ടിഫിക്കറ്റും.
3- ാം സമ്മാനം 5000/- രൂപയും ട്രോഫിയും സർട്ടിഫിക്കറ്റും.
ഫൈനൽ ഘട്ടത്തിൽ പങ്കെടുക്കുന്ന എല്ലാ ടീമുകൾക്കും പ്രോത്സാഹന സമ്മാനങ്ങൾ.

രണ്ട് ഘട്ടങ്ങളായാണ് മത്സരം. ഒന്നാം ഘട്ടത്തിൽ 5 മുതൽ 7 വരെ അംഗങ്ങളുള്ള ടീം പുത്തൻപാന പാടുന്ന വീഡിയോ (ആലാപന സമയം 5 മിനിറ്റ്) റെക്കോർഡ് ചെയ്ത് ഇടവക വികാരിയുടെ ആമുഖത്തോടെ വാട്ട്സ് ആപ്പ് വഴിയോ ഈമെയിൽ വഴിയോ അയച്ചുതരണം. അതിൽ നിന്നും 15 ഇടവക

ടീമുകളെ ഫൈനൽ ഘട്ടത്തിലെ മത്സരത്തിലേക്ക് തിരഞ്ഞെടുക്കുന്നതാണ്. വാട്ട്സ് ആപ്പ് വഴിയോ ഇമെയിൽ വഴിയോ വീഡിയോ ലഭിക്കേണ്ട അവസാന തിയതി മാർച്ച് 25.

puthenpaana2019@gmail.com എന്ന email id യിലേക്കോ 9446261682 എന്ന വാട്ട്സ് ആപ്പ് നമ്പറിലേക്കോ പുത്തൻ പാന പാടി റിക്കോർഡ് ചെയ്ത വീഡിയോ, ലീഡറുടെ പേര്, ഇടവകയുടെ പേര്, രൂപത, അംഗങ്ങളുടെ എണ്ണം, അവരുടെ പേര്, ബന്ധപ്പെടേണ്ട ഫോൺ നമ്പറുകൾ (വാട്ട്സ് ആപ്പ് നമ്പറുൾപ്പെടെ) എന്നിവ അയച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്.

ഫൈനൽ ഘട്ടത്തിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നവരെ ഫോണിലൂടെ യോ ഈമെയിലിലൂടെയോ അറിയിക്കുന്നതാണ്. കോഴിക്കോട് മേരിക്കുന്നിൽ (വയനാട് റോഡ്) ഉള്ള പി.എം.ഒ.സി യിൽ വച്ചാണ് ഫൈനൽ ഘട്ടമത്സരം നടത്തപ്പെടുന്നത്. 2019 ഏപ്രിൽ 13 ന് ശനിയാഴ്ചയാണ് ഫൈനൽ ഘട്ട മത്സരം. ഉച്ചയ്ക്ക് ഒരു മണിക്ക് മുമ്പ് റിപ്പോർട്ട് ചെയ്യണം. 150 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. ഫീസ് മത്സര ദിവസം എത്തിച്ച് ടോക്കൻ എടുക്കേണ്ടതാണ്.

- അർണോസ് പാതിരിയുടെ പുത്തൻപാനയിലെ ഏത് പാദവും പാടാം.
- ഒരു ടീമിൽ 5 മുതൽ 7 വരെ അംഗങ്ങൾക്ക് പങ്കെടുക്കാം.
- ആലാപന സമയം 5 മിനിറ്റ്.
- കരോക്കയോ സംഗീത ഉപകരണങ്ങളോ ഉപയോഗിക്കാൻ പാടില്ല.
- മൈക്ക് നൽകപ്പെടുന്നതാണ്.
- ഇടവക വികാരിയച്ചന്റെ കത്തുമായിട്ടാണ് മത്സര ദിവസം വരേണ്ടത്.

കൂടുതൽ വിവരങ്ങൾക്ക് 944661682 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. ബഹു. അച്ചന്മാർ ഇടവകകളിൽ ഇക്കാര്യം പറയുകയും ആളുകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുമല്ലോ. ഒരിടവകയിൽ നിന്ന് എത്ര ടീമുകൾക്ക് വേണമെങ്കിലും വികാരിയച്ചന്റെ അനുവാദത്തോടെ പങ്കെടുക്കാം.

### 2. മാർ അപ്രേം ലിറ്റർജിക്കൽ അക്കാദമി

മാർ അപ്രേം ലിറ്റർജിക്കൽ അക്കാദമിയുടെ നേതൃത്വത്തിൽ വി. കുർബാനയെക്കുറിച്ചുള്ള ക്ലാസ്സ് ഫെബ്രുവരി 23 ശനിയാഴ്ച പി.എം.ഒ.സി യിൽ വച്ച് നടന്നു. കുന്നോത്ത് ഗുഡ് ഷെപ്പേഡ് മേജർ സെമിനാരിയിലെ അധ്യാപകനായ ബഹു. ഡോ. ജോസഫ് ചാലാശ്ശേരി അച്ചനാണ് ക്ലാസ് നയിച്ചത്. മുപ്പതോളം പേർ ക്ലസ്സിൽ സംബന്ധിച്ചു. അൽമായർക്കും സമർപ്പിതർക്കുമായുള്ള ഈ ക്ലാസിനെക്കുറിച്ച് പള്ളിയിൽ പറയണമെന്നും പങ്കെടുക്കാൻ ആളുകളെ പ്രോത്സാഹിപ്പിക്കണമെന്നും ബഹു. അച്ചന്മാരോട് അഭ്യർത്ഥിക്കുന്നു. എല്ലാ മാസത്തെയും നാലാമത്തെ ശനിയാഴ്ചയാണ് ക്ലാസ്സ്. മാർച്ച് മാസത്തെ ക്ലാസ്സ് 23 ന് ശനിയാഴ്ച രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ പി.എം.ഒ.സി യിൽ വെച്ച് നടക്കുന്നതാണ്.

**ഫാ. ജോസഫ് കളത്തിൽ**
കൺവീനർ, ലിറ്റർജി കമ്മീഷൻ

# സ്റ്റാർട്ട്

## സ്റ്റാർട്ടിലെ സമ്മർ അവധിക്കാല കോഴ്സുകൾ

### 1. മിനിമാസ്റ്റർ ട്രെയിനിംഗ്

8, 9, 10, 11 ക്ലാസ്സുകളിലെ കുട്ടികൾക്ക് 2019 ഏപ്രിൽ 8 തിങ്കൾ വൈകിട്ട് 4 മണി മുതൽ ഏപ്രിൽ 13 ശനി ഉച്ചവരെ.

6, 7 ക്ലാസ്സുകളിലെ കുട്ടികൾക്ക് 2019 ഏപ്രിൽ 23 ചൊവ്വ വൈകിട്ട് 4 മണി മുതൽ ഏപ്രിൽ 28 ഞായർ ഉച്ചവരെ.

### 2. ഇംഗ്ലീഷ് പഠനക്യാമ്പ്

9, 10, 11, ക്ലാസ്സുകളിലെ കുട്ടികൾക്കുവേണ്ടി. ഇംഗ്ലീഷ്, കണക്ക് എന്നീ വിഷയങ്ങൾക്ക് കൂടുതൽ പ്രധാന്യം നല്കികൊണ്ട് നടത്തിവരുന്ന മൂന്നാഴ്ച ദീർഘിക്കുന്ന ക്യാമ്പ് 2019 ഏപ്രിൽ 22 തിങ്കൾ വൈകിട്ട് 4 മണി മുതൽ മെയ് 12 ഞായർ ഉച്ചവരെ നടത്തപ്പെടുന്നു.

### 3. കരിയർ ഗൈഡൻസ് ക്യാമ്പ്

പ്ലസ് വൺ, പ്ലസ്ടു പരീക്ഷ എഴുതിയിരിക്കുന്ന കുട്ടികൾക്കുവേണ്ടി ഏപ്രിൽ 14 ഞായർ വൈകിട്ട് 4 മണിമുതൽ 17 ബുധൻ ഉച്ചവരെയാണ് ഈ വർഷത്തെ കരിയർ ഗൈഡൻസ് ക്യാമ്പ്.

### ഏക വത്സര തീവ്രപരിശീലന കോഴ്സ് (Master Training Course (MTC)

സ്റ്റാർട്ടിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന പരിശീലന പരിപാടികളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് മാസ്റ്റർ ട്രെയിനിംഗ് കോഴ്സ്. പ്ലസ് ടു പൂർത്തിയാക്കിയ കുട്ടികളെ അഖിലേന്ത്യാതലത്തിൽ ഉന്നത നിലവാരം പുലർത്തുന്ന സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനപരീക്ഷകൾക്ക് ഒരുക്കുന്ന കോഴ്സാണിത്. പ്രവേശന പരീക്ഷകൾക്ക് ഒരുക്കുന്നതോടൊപ്പം വ്യക്തിത്വ വികസനം, നേതൃത്വപാടവം, ലക്ഷ്യ ബോധം, ആശയവിനിമയ പാടവം, ആത്മീയത എന്നീ മേഖലകളിലും കുട്ടികൾക്ക് പരിശീലനം നല്കുന്നു. കഴിഞ്ഞ പന്ത്രണ്ടുവർഷമായി ഈ കോഴ്സ് വളരെ വിജയകരമായി നടന്നുവരുന്നു. പതിനാലാമത്തെ ബാച്ചിലേയ്ക്കുള്ള അപേക്ഷകൾ ഏപ്രിൽ 1 മുതൽ ആരംഭിക്കുന്നു.

**കൂടുതൽ വിവരങ്ങൾക്ക്ബന്ധപ്പെടുക :**

**0495 2357843, 9496384992, 7558919832**

**മോൺ ആന്റണി കൊഴുവനാൽ**
ഡയറക്ടർ, സ്റ്റാർട്ട്

# ആൽഫ മരിയ അക്കാദമി

**എൻട്രൻസ് ക്രാഷ് കോഴ്സ് ആൽഫയിൽ മാർച്ച് 27 ന് ആരംഭിക്കുന്നു.**

**തിരുവമ്പാടി**

ആൽഫ മരിയ അക്കാദമിയുടെ തിരുവമ്പാടി സെന്ററിൽ മെഡിക്കൽ എൻട്രൻസ് പരീക്ഷയ്ക്കുള്ള ക്രാഷ് കോഴ്സ് മാർച്ച് 27 ന് ആരംഭിക്കും. KEAM, NEET, JEE Main തുടങ്ങിയ പ്രവേശന പരീക്ഷാരംഗത്ത് ഇന്ത്യയിലെ മികച്ച സ്ഥാപനങ്ങളിലൊന്നായ ബ്രില്ല്യന്റ് പാലായുടെ ഗൈഡൻസിലും നിയന്ത്രണത്തിലുമുള്ള പരിശീലനമായിരിക്കും ആൽഫയിൽ നൽകുക. മെഡിക്കൽ എൻട്രൻസ് കോഴ്സ് മാർച്ച് 27 ന് ആരംഭിച്ച് മെയ് 4ന് അവസാനിക്കും. മെഡിക്കൽ, എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പ്രത്യേകമായി പരിശീലനം ഉണ്ടായിരിക്കും. മുൻകൂട്ടി അറിയിക്കുന്നവർക്ക് ഹോസ്റ്റൽ സൗകര്യം ലഭിക്കുന്നതാണ്. അഡ്മിഷൻ ആരംഭിച്ചു. +2 വിദ്യാർത്ഥികൾക്കുള്ള പരിശീലനം ഏപ്രിൽ 1 നും, +1 വിദ്യാർത്ഥികൾ ക്കുള്ള പരിശീലനം മെയ് 1 നും ആരംഭിക്കുന്നതാണ്. ഈ കോഴ്സുകളിലേ ക്കുള്ള അഡ്മിഷൻ ആരംഭിച്ചു. കൂടുതൽ വിവരങ്ങൾക്ക്: 04952252180, 9745745060, 9497494190

**യൂണിവേഴ്സിറ്റി അസിസ്റ്റന്റ് - പരിശീലനം ആൽഫയിൽ ആരംഭിച്ചു.**

**തിരുവമ്പാടി**

2019-ൽ നടക്കുവാൻ പോകുന്ന യൂണിവേഴ്സിറ്റി അസിസ്റ്റന്റ് പരീക്ഷയ്ക്കുള്ള പരിശീലനം ആൽഫയുടെ തിരുവമ്പാടി സെന്ററിൽ ആരംഭിച്ചു. തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ രാവിലെ 10 മുതൽ 1 മണി വരെയാണ് ക്ലാസുകൾ. 18 നും 36 നും ഇടയിൽ പ്രായമുള്ള ഉദ്യോഗാർത്ഥികൾക്ക് ഈ കോഴ്സിൽ പങ്കെടുക്കാവുന്നതാണ്. അഡ്മിഷൻ തുടരുന്നു. കൂടുതൽ വിവരങ്ങൾക്ക് 0495-2252180, 94947494190 നമ്പറുകളിൽ വിളിക്കുക.

**+1 and +2 അഡ്മിഷൻ (എൻട്രൻസ് പരിശീലനവും ട്യൂഷനും)**

Plus Two Science Entrance Oriented Tuition ക്ലാസുകൾ ഏപ്രിൽ 1 നും Plus One Science ക്ലാസുകൾ മെയ് 1 നും ആൽഫയുടെ തിരുവമ്പാടി സെന്ററിൽ ആരംഭിക്കുന്നു.

**Vacation Class - 2019 (UP & HS)**

UP and HS വിദ്യാർത്ഥികൾക്കായുള്ള അവധിക്കാല ക്ലാസുകൾ ഏപ്രിൽ 3-ാം തിയതി തിരുവമ്പാടി സെന്ററിൽ ആരംഭിക്കുന്നു (Basic Maths, Hindi and English).

## High School Tuitions (Kerala, CBSE & ICSE)

2019 ലേക്കുള്ള 10th ട്യൂഷൻ അഡ്മിഷൻ ഏപ്രിൽ 8 മുതലും 8, 9 ലേക്കുള്ള ട്യൂഷൻ ക്ലാസുകൾ മെയ് 13 മുതലും ആരംഭിക്കുന്നു.

## ആൽഫ ക്വിസ് ഫെസ്റ്റ് - 2019

## തിരുവമ്പാടി

ആൽഫ മരിയ അക്കാദമിയുടെ സിവിൽ സർവ്വീസ് ഫൗണ്ടേഷൻ വിഭാഗം സംഘടിപ്പിച്ച അഞ്ചാമത് **ആൽഫ ക്വിസ് ഫെസ്റ്റ്** മത്സരം 2019 ജനുവരി 26–ാം തിയതി ശനിയാഴ്ച ആൽഫയുടെ തിരുവമ്പാടി സെന്ററിൽ വെച്ച് നടന്നു. ആൽഫക്വിസ് ഫെസ്റ്റിൽ യു.പി വിഭാഗത്തിൽ അൽഫോൻസ സ്കൂൾ താമരശ്ശേരിയും ഹൈസ്കൂൾ വിഭാഗത്തിൽ ചേന്ദമംഗലൂർ ഹയർസെക്കണ്ടറിയും ജേതാക്കളായി. താമരശ്ശേരിക്ക് വേണ്ടി ജോഷ്ന ജോസ്, ആർദ്ര ആൻ സജിയും ചേന്ദമംഗലൂരിന് വേണ്ടി അഞ്ചൽ മുഹമ്മദ്, ദേവ്രാഗ് എ. എന്നിവരും മത്സരിച്ചു. യു. പി വിഭാഗത്തിൽ രണ്ടും മൂന്നും സ്ഥാനങ്ങൾ പള്ളോട്ടി ഹിൽസ് പബ്ലിക്ക് സ്കൂളും ഇൻഫെന്റ് ജീസസ് തിരുവമ്പാടിയും നേടി. ഹൈസ്കൂൾ വിഭാഗത്തിൽ സെന്റ് ജോർജ്ജ് കുളത്തുവയലും സെന്റ് ജോസഫ് പുല്ലൂരാംപാറയും യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. 120 കുട്ടികൾ പങ്കെടുത്ത ക്വിസ് പരിപാടി ഫാ. ജോസ് ഓലിയക്കാട്ടിൽ ഉദ്ഘാടനം ചെയ്തു. ശ്രീ. വി.എ. ജോസ് ക്വിസ് മാസ്റ്ററായിരുന്നു. ഫാ. അജി പുതിയാപറമ്പിൽ സമ്മാന വിതരണം നടത്തി.

**തോമസ് പുതിയപറമ്പിൽ**
ഡയറക്ടർ, ആൽഫ മരിയ അക്കാദമി

# പോപ്പ് ബനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ട്

## Course

രൂപതാ ദൈവശാസ്ത്രപഠന കേന്ദ്രമായ പോപ്പ് ബനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്നുകൊണ്ടിരിക്കുന്ന Advance Diploma Course in Theology ആദ്യത്തെ ബാച്ചിന്റെ First Semester Exam – ഫെബ്രുവരി 9, 17, 23 തിയ്യതികളിലായി പൂർത്തിയായി. മാർച്ച് രണ്ടാം ശനിയാഴ്ചയോടെ രണ്ടാം സെമസ്റ്റർ ക്ലാസ്സുകൾ ആരംഭിക്കും. രണ്ടാമത്തെ ബാച്ചിലേക്കുള്ള അഡ്മിഷൻ മെയ് 2 ന് ആരംഭിക്കുന്നതായിരിക്കും.

## Seminar

നമ്മുടെ ഇടവകകളിലും, സ്ഥാപനങ്ങളിലും ദിവ്യ ബലി മദ്ധ്യേ വിശുദ്ധ കുർബ്ബാന നല്കുന്നതിനായി വൈദികരോടൊപ്പം ബഹുമാനപ്പെട്ട സിസ്റ്റേഴ്സും

സഹായിക്കുന്ന പതിവുണ്ടല്ലോ. സിസ്റ്റേഴ്സിന്റെ ഈ സ്തുത്യർഹമായ ശുശ്രൂഷ ഏറെ ശ്ലാഘനീയമാണ്. വി.കുർബ്ബാനയുടെ പരിപാവനത ഏറ്റവും ആദരിക്കപ്പെടുന്ന വിധത്തിൽ വി.കുർബ്ബാന നല്കലും, സ്വീകരിക്കലും നടത്തപ്പെടേണ്ടതിനായി വി. കുർബ്ബാന ശുശ്രൂഷകരെ പ്രാപ്തരാക്കുന്നതിന് താമരശ്ശേരി രൂപതയിൽ പോപ്പ് ബനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ സെമിനാർ (Seminar for Extra Ordinary Ministers of Holy Communion) സംഘടിപ്പിക്കുന്നു. പി. എം. ഒ. സി യിൽ വച്ച് രണ്ടു ബാച്ചുകളായി സെമിനാർ നടക്കുന്നതാണ്. ആദ്യത്തെ ബാച്ച് സെമിനാർ മെയ് 12,13 (ഞായർ, തിങ്കൾ) തിയതികളിലായിരിക്കും. (സെമിനാർ മെയ് 12 -ാം തിയതി 3 pm ന് ആരംഭിച്ച് 13 ാം തിയ്യതി 1pm ന് അവസാനിക്കുന്നതായിരിക്കും). രണ്ടാമത്തെ ബാച്ച് മെയ് 19, 20 (ഞായർ, തിങ്കൾ) തിയ്യതികളിൽ ആയിരിക്കും നടക്കുന്നത്. (19 ാം തിയതി 3 pm ന് ആരംഭിച്ച് 20 ാം തിയ്യതി 1pm ന് അവസാനിക്കുന്നതായിരിക്കും). ദിവ്യബലിയിൽ വി. കുർബ്ബാന നൽകുന്ന ശുശ്രൂഷയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന എല്ലാ ബഹു. സിസ്റ്റേഴ്സും നിർബന്ധമായും ഏതെങ്കിലും ഒരു ബാച്ചിൽ പങ്കെടുത്ത് സർട്ടിഫിക്കേറ്റ് കരസ്ഥമാക്കേണ്ടതാണെന്ന് സ്നേഹത്തോടെ ഓർമ്മപ്പെടുത്തുന്നു.

അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവും, റവ. ഡോ. ആന്റണി നരിക്കുളവും ക്ലാസ്സുകൾ നയിക്കും. ഇടവകയിൽ വി. കുർബ്ബാന നല്കുന്നതിനു സഹായിക്കുന്ന ബഹു. സിസ്റ്റേഴ്സിനെ ഈ സെമിനാറിലേക്ക് ബഹുമാനപ്പെട്ട വികാരിയച്ചന്മാർ പറഞ്ഞു വിടുമെന്ന് പ്രതീക്ഷിക്കുന്നു.

**ഫാ.തോമസ് കളരിക്കൽ**

ഡയറക്ടർ, പോപ്പ് ബനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ട്

# വികസനവേദി

## Caritas India Flood Recovery Project Evaluation

കാരിത്താസ് ഇന്ത്യയുടെ നേതൃത്വത്തിൽ മഴക്കെടുതി- വെള്ളപ്പൊക്കം മൂലം കഷ്ടത അനുഭവിക്കുന്നവർക്ക് സ്വയം തൊഴിൽ സംരഭങ്ങൾ തുടങ്ങുന്നതിന്റെ ഭാഗമായി കോട്ടയം ആമോസ് സെന്ററിൽ വച്ച് നടന്ന വിലയിരുത്തൽ മീറ്റിംഗിൽ സി.ഒ.ഡി. അസി. ഡയറക്ടർ ഫാ.ജോർജ് ചെമ്പരത്തിക്കൽ പങ്കെടുത്തു.

രൂപതയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് അപേക്ഷ നൽകിയവരുടെ വീടുകൾ കാരിത്താസ് ഇന്ത്യ കോർഡിനേറ്റർ മി. അബീഷ് ആന്റണി സന്ദർശിച്ചു.

### നേത്ര പരിശോധന ക്യാമ്പ്

സി.ഒ.ഡി. താമരശ്ശേരിയുടെ ചീരട്ടാമല ഗ്രാമവികസന സമിതിയും പെരിന്തൽമണ്ണ അൽസലാമ കണ്ണാശുപത്രിയും സഹകരിച്ച് സൗജന്യ നേത്രപരിശോധന ക്യാമ്പ് ചീരട്ടാമല പാരീഷ് ഹാളിൽ വച്ച് നടത്തി. ചീരട്ടാമല പള്ളി വികാരി ഫാ. ഡൊമിനിക് കുഴിവേലിൽ ക്യാമ്പ് ഉൽഘാടനം ചെയ്തു. വാർഡ് മെമ്പർ ശ്രീ. ജോയി കൊച്ചീത്ര, മാലാപറമ്പ് വാർഡ് മെമ്പർ ശ്രീമതി. എൽസമ്മ ജോസഫ് പുത്തൻകളത്തിൽ , ജി.വി.എസ് പ്രസിഡന്റ് റാണി കുന്നത്ത്, സെക്രട്ടറി സെലിൻ സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു. ശ്രീ. ജോസഫ് ചക്കുങ്കൽ, ഏരിയ കോർഡിനേറ്റർ തങ്കമ്മ തോമസ്സ് എന്നിവർ നേതൃത്വം നൽകി.

### ബോധവൽക്കരണ ക്ലാസ്സ് നടത്തി

സി.ഒ.ഡി.യുടെ പുതുപ്പാടി ഗ്രാമ വികസന സമിതിയുടെ നേതൃത്വത്തിൽ മൊബൈൽ ഫോൺ ഉപയോഗവും സാധ്യതകളും അപകടങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സ് നടത്തി. ജി.വി.എസ് പ്രസിഡന്റ് ശ്രീമതി ത്രേസ്യാമ്മ തോമസ്സ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ശ്രീ.ജിൽസ് തോമസ്സ് വളവനാനിക്കൽ ക്ലാസ്സ് നയിച്ചു. ശ്രീമതി. ഡെയ്സി ജോയി, ശ്രീമതി സീനത്ത് റഷീദ് എന്നിവർ പ്രസംഗിച്ചു.

സി.ഒ.ഡി.യുടെ കട്ടിപ്പാറ എം.സി.സി.യുടെ നേതൃത്വത്തിൽ കാൻസർ ബോധവൽക്കരണ ക്ലാസ്സ് നടത്തി. എം.സി.സി പ്രസിഡന്റ് ശ്രീമതി റീജ വിജയൻ അദ്ധ്യക്ഷം വഹിച്ചു. സിസ്റ്റർ ഡിനിയ SMI, സിസ്ററർ ജിഷ SMI എന്നിവർ ക്ലാസ്സ് നയിച്ചു. ഏരിയ കോർഡിനേറ്റർ സോമിനി ജോസഫ് നേതൃത്വം നൽകി.

### സേഫ് സൂപ്പർ മാർക്കറ്റ് താമരശ്ശേരി

താമരശ്ശേരി രൂപതയുടെ കീഴിൽ ആരംഭിച്ച സേഫ് സൂപ്പർ മാർക്കറ്റിന്റെ വെഞ്ചിരിപ്പു കർമ്മം താമരശ്ശേരി രൂപതാദ്ധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നിർവ്വഹിച്ചു. സേഫ് സൂപ്പർ മാർക്കറ്റിന്റെ ഉൽഘാടനം ബഹു.എം.കെ. രാഘവൻ എം.പി. നിർവ്വഹിച്ചു. താമരശ്ശേരി രൂപത മുൻ അദ്ധ്യക്ഷൻ മാർ പോൾ ചിറ്റിലപ്പിള്ളി, മോൺ.ജോൺ ഒറവുങ്കര, ഫാ. ജെയിംസ് കുഴിമറ്റത്തിൽ, ഫാ. അബ്രാഹം കാവിൽപുരയിടത്തിൽ, ഫാ. മാത്യു മാവേലിൽ, സി.ഒ.ഡി. സേഫ് ഡയറക്ടർ ഫാ. ജോസഫ് മുകളേപറമ്പിൽ, ഡോ. ചാക്കോ കാളംപറമ്പിൽ എന്നിവർ പ്രസംഗിച്ചു.

പ്രമുഖ ബ്രാന്റുകൾക്കൊപ്പം സി.ഒ.ഡി. കർഷക സ്ത്രീ കൂട്ടായ്മകൾ ഉൽപ്പാദിപ്പിക്കുന്ന വിഷരഹിത ഉൽപ്പന്നങ്ങളും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളും, കർഷകരിൽ നിന്നു നേരിട്ടു സംഭരിക്കുന്ന ഉയർന്ന ഗുണമേന്മയും കുറഞ്ഞ വിലയും പ്രത്യേകതയാക്കിയുള്ള ഉൽപ്പന്നങ്ങളും സേഫ് എന്ന ബ്രാന്റിൽ പ്രത്യേകം കൗണ്ടറിൽ ലഭ്യമാക്കികൊണ്ട് സേഫ് സൂപ്പർ മാർക്കറ്റ് താമരശ്ശേരിയിൽ ആരംഭിച്ചു.

**ഫാ. ജോസഫ് മുകളേപറമ്പിൽ**
ഡയറക്ടർ, വികസനവേദി

# യേശുനിധി

യേശുനിധി ഫണ്ടിൽ നിന്ന് **21.01.2019** മുതൽ **20.02.2019** വരെ അനുവദിച്ച തുക

## വിദ്യാഭ്യാസം

| | | |
|---|---|---|
| 1 | കാക്കവയൽ | 8,000.00 |
| 2 | കൂരോട്ടുപാറ | 10,000.00 |
| 3 | തേക്കുംകുറ്റി | 10,000.00 |

## വീട്

| | | |
|---|---|---|
| 4 | കൂരോട്ടുപാറ | 15,000.00 |
| 5 | കൂരോട്ടുപാറ | 15,000.00 |
| 6 | മഞ്ഞുമല | 10,000.00 |
| 7 | തേക്കുംകുറ്റി | 15,000.00 |
| 8 | വാളൂക്ക് | 15,000.00 |

## ചികിത്സ


| | | |
|---|---|---|
| 9 | ആനക്കാംപൊയിൽ | 15,000.00 |
| 10 | ചക്കിട്ടപാറ | 20,000.00 |
| 11 | ദേവഗിരി | 10,000.00 |
| 12 | കരുവാരകുണ്ട് | 7,000.00 |
| 13 | കുപ്പായക്കോട് | 8,000.00 |
| 14 | കുപ്പായക്കോട് | 10,000.00 |
| 15 | കുറ്റിപ്പുറം | 15,000.00 |
| 16 | കുറ്റിപ്പുറം | 25,000.00 |
| 17 | മരിയാപുരം | 15,000.00 |
| 18 | മാവൂർ | 5,000.00 |
| 19 | പെരുവണ്ണാമൂഴി | 15,000.00 |
| 20 | പുല്ലൂരാംപാറ | 15,000.00 |
| 21 | പുതുപ്പാടി | 10,000.00 |
| 22 | വലിയകൊല്ലി | 10,000.00 |
| 23 | വിളക്കാംതോട് | 15,000.00 |

## വിവാഹം

| | | |
|---|---|---|
| 24 | കട്ടിപ്പാറ | 20,000.00 |
| 25 | മഞ്ഞുമല | 10,000.00 |
| 26 | പൂതംപാറ | 10,000.00 |
| 27 | പുല്ലൂരാംപാറ | 10,000.00 |
| 28 | താമരശ്ശേരി | 20,000.00 |

**ആകെ തുക 3,63,000.00**

**ഫാ. ജെയിംസ് കുഴിമറ്റത്തിൽ**
ഫിനാൻസ് ഓഫീസർ



# അജപാലനക്കുറിപ്പുകൾ

**ഫെബ്രുവരി 2019**

01 രാവിലെ ശാലോം ടി.വി.യ്ക്കുവേണ്ടി ഒരു പ്രോഗ്രം ചെയ്തു.

വൈകുന്നേരം വാളൂക്ക് ഇടവക ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

02 രാവിലെ ചേവായൂർ ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് ഒരു ഭവനത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭകൂദാശകളും മറ്റൊരു കുട്ടിയ്ക്ക് പ്രഥമ ദിവ്യകാരുണ്യവും നൽകി.

മാലാപറമ്പ് ഡി.എസ്.ടി. സന്യാസിനി സമൂഹത്തിന്റെ ഭവനത്തിൽ വി. കുർബാനയർപ്പിച്ച് സന്യാസവ്രത വാഗ്ദാനത്തിന്റെ ജൂബിലി ആഘോഷിക്കുന്നവർക്ക് ആശംസകൾ നേർന്നു.

വൈകുന്നേരം കരുവാരകുണ്ട് ഫൊറോന ദൈവാലയത്തിൽ ഒരു വിവാഹം ആശീർവദിച്ചു.

03 രാവിലെ ചക്കിട്ടപാറ ഇടവക ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

വൈകുന്നേരം കോടഞ്ചേരി മരിയൻ തീർത്ഥാടന കേന്ദ്രത്തിൽ വി. കുർബാനയർപ്പിച്ചതിന്റെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം, മാർ ജേക്കബ് തൂങ്കുഴി, മാർ പോൾ ചിറ്റിലപ്പിള്ളി, മാർ ജോസഫ് കുന്നത്ത് എന്നീ പിതാക്കന്മാരോടൊപ്പം വി. കുർബാനയർപ്പിച്ചു.

04 രാവിലെ തോട്ടുമുക്കം ഇടവകയിൽ പരേതനായ തോമസ് പൈമ്പിള്ളിയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

തോട്ടുമുക്കം ഇടവകയിൽ പരേതയായ വീരാളശ്ശേരി മറിയക്കുട്ടിയുടെ ഭവനത്തിൽ ചെന്ന് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

ഉച്ചകഴിഞ്ഞ് മരുതോങ്കര ഇടവകയിൽ പരേതനായ അബ്രാഹം തടത്തിലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ഭവനത്തിൽ നേതൃത്വം നൽകി.

പൂതംപാറ ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു. പുതുതായി നിർമ്മിച്ച സ്കൂൾ കെട്ടിടം വെഞ്ചരിക്കുകയും തുടർന്ന് നടന്ന പൊതുയോഗത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു.

വൈകുന്നേരം ഈരൂട് വിയാനി വൈദിക വിശ്രമമന്ദിരത്തിൽ പൗരോഹിത്യത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുന്ന വൈദികരോടൊപ്പം ആഘോഷത്തിൽ പങ്കുചേർന്നു.

05 കുന്നോത്ത് ഗുഡ്ഷെപ്പേർഡ് മേജർ സെമിനാരിയിൽ സെമിനാരി കമ്മീഷൻ അംഗങ്ങളോടൊപ്പം ഔദ്യോഗിക സന്ദർശനം നടത്തി.

വൈകുന്നേരം താമരശ്ശേരി രൂപതാഭവനിൽ സീറോ മലബാർ സഭയുടെ വൈസ് ചാൻസലറായി നിയമിതനായ ബഹു. എബ്രഹാം കാവിൽപുരയിട

ത്തിലച്ചന് നൽകിയ അനുമോദന ചടങ്ങിൽ പങ്കെടുത്തു.

07 ഈരൂട് ഇടവക ദൈവാലയത്തിൽ പരേതനായ ബഹു. ജോസഫ് കാള ക്കുഴിയച്ചന്റെ 41-ാം ചരമദിനത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് പരേതനുവേണ്ടി പ്രാർത്ഥിച്ചു.

ഉച്ചകഴിഞ്ഞ് വാരണാസി രൂപതാദ്ധ്യക്ഷൻ ബിഷപ് യൂജിൻ ജോസഫ് രൂപതാഭവൻ സന്ദർശിച്ചു.

വൈകുന്നേരം കോഴിക്കോട് രൂപതാഭവനിൽ രൂപതാദ്ധ്യക്ഷൻ വർഗീസ് ചക്കാലയ്ക്കൽ പിതാവിന്റെ ജന്മദിനത്തോടനുബന്ധിച്ച് നടത്തിയ ആഘോഷത്തിൽ പങ്കെടുത്തു.

08 വൈകുന്നേരം കോഴിക്കോട് രൂപതയിലെ പെരിന്തൽമണ്ണ ലൂർദ് മാതാ തീർത്ഥാടന ദൈവാലയത്തിൽ ബൈബിൾ കൺവെൻഷന്റെ സമാപന ത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

09 രാവിലെ ചക്കിട്ടപാറ ഇടവക ദൈവാലയത്തിൽ ഒരു ഭവനത്തിലെ അഞ്ചാ മത്തെ കുഞ്ഞിന് പ്രാരംഭകൂദാശകൾ നൽകി.

ചക്കിട്ടപാറ ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് സന്യാസ വ്രത വാഗ്ദാനത്തിന്റെ ജൂബിലി ആഘോഷിക്കുന്ന തിരുഹൃദയ സന്യാ സിനിമാർക്ക് ആശംസകൾ നേർന്നു.

ഉച്ചകഴിഞ്ഞ് പുല്ലൂരാംപാറ ബഥാനിയ സെന്ററിൽ നടന്ന കത്തോലിക്ക കോൺഗ്രസിന്റെ ലീഡർഷിപ്പ് ക്യാമ്പിന്റെ സമാപനസമ്മേളനത്തിൽ അദ്ധ്യ ക്ഷത വഹിച്ചു.

ചമൽ ഇടവകയിലെ എം.എസ്.എം.ഐ. ബാലഭവനിൽ കുഞ്ഞുങ്ങളെ സന്ദർശിച്ചു.

വൈകുന്നേരം കാരന്തൂരിൽ ഒരു കട വെഞ്ചരിച്ചു.

10 താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ അജപാലന സന്ദർശനം നട ത്തി.

11-14 കുന്നോത്ത് ഗുഡ്ഷെപ്പേർഡ് മേജർ സെമിനാരിയിൽ വൈദിക വിദ്യാർത്ഥി കൾക്ക് സഭാ നിയമത്തെ സംബന്ധിച്ച് ക്ലാസ്സെടുത്തു.

15 രാവിലെ താമരശ്ശേരി കത്തീഡ്രലിൽ രൂപത മദ്യവിരുദ്ധസമിതിയുടെ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

ഉച്ചകഴിഞ്ഞ് കൂടരഞ്ഞി ഇടവകയിൽ ഇടവകാംഗങ്ങൾ നിർമ്മിച്ചു നൽകിയ ഭവനം വെഞ്ചരിച്ചു.

പൂവാറൻതോട് ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് പുതു തായി നിർമ്മിച്ച കപ്പേള വെഞ്ചരിച്ചു.

16 രാവിലെ ദേവഗിരി ഇടവക ദൈവാലയത്തിൽ കുട്ടികളുടെ പ്രഥമദിവ്യകാ രുണ്യ സ്വീകരണത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

മാങ്കാവ് ഇടവക ദൈവാലയത്തിൽ സെന്റ് അലോഷ്യസ് സന്യാസിനി സമൂഹാംഗം സി. ഡാമിയാനയുടെ 41-ാം ചരമദിനത്തോടനുബന്ധിച്ച് പരേതയ്ക്കുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

വൈകുന്നേരം കൈതപ്പൊയിൽ ലിസ്സാ കോളേജിൽ സി.എസ്.ടി. സന്യാസസമൂഹത്തിന്റെ കോഴിക്കോട് പ്രൊവിൻസിന്റെ രജതജൂബിലിയോടനുബന്ധിച്ച് നടന്ന പൊതുയോഗം ഉദ്ഘാടനം ചെയ്തു.

17 പൊയിലോംചാൽ ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

18 രാവിലെ കല്ലാനോട് ഇടവക ദൈവാലയത്തിൽ പരേതയായ കിഴക്കേവീട്ടിൽ റോസമ്മ ചാക്കോയുടെ 41-ാം ചരമദിനത്തോടനുബന്ധിച്ച് വി. കുർബായർപ്പിച്ച് പരേതയ്ക്കുവേണ്ടി പ്രാർത്ഥിച്ചു.

19 രാവിലെ താമരശ്ശേരി സാൻതോം മൈനർ സെമിനാരിയിൽ വി. കുർബാനയർപ്പിച്ചു.

താമരശ്ശേരിയിൽ രൂപത സോഷ്യൽ സർവ്വീസിന്റെ നേതൃത്വത്തിൽ ആരംഭിച്ച സെയ്ഫ് സൂപ്പർമാർക്കറ്റ് വെഞ്ചരിച്ചു.

താമരശ്ശേരി രൂപതാഭവനിൽ നടന്ന വൈദികസമിതി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

19-21 കോഴിക്കോട് നോർബർട്ടൈൻസ് ശാന്തി ഹൗസിൽ നടന്ന രൂപതയിലെ ജൂനിയർ ക്ലർജി സംഗമത്തിൽ പങ്കെടുത്തു.

20 കോഴിക്കോട് മെഡിക്കൽ കോളേജ് വിൻസെന്റ് ഗിരി സന്യാസഭവനത്തിൽ വി. കുർബാനയർപ്പിച്ചു.

21 കോഴിക്കോട് മേരിക്കുന്നിൽ മദർ തെരേസ സന്യാസസമൂഹാംഗം പരേതനായ ബ്ര. തോമസിനുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

22 വൈകുന്നേരം മരുതോങ്കര ഇടവകയിൽ പുതുതായി നിർമ്മിച്ച സ്കൂൾ കെട്ടിടം വെഞ്ചരിക്കുകയും തുടർന്ന് നടന്ന പൊതുയോഗത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു.

23 രാവിലെ കോഴിക്കോട് സിൽവർ ഹിൽസ് സ്കൂളിൽ സി.എം.ഐ. സന്യാസസമൂഹത്തിന്റെ കോഴിക്കോട് പ്രൊവിൻസ് സ്ഥാപിതമായതിന്റെ സുവർണ്ണജൂബിലി ആഘോഷത്തോടനുബന്ധിച്ച് നടന്ന പൊതുയോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

വൈകുന്നേരം താമരശ്ശേരി ആരാധന സന്യാസിനിസമൂഹത്തിന്റെ പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാനയർപ്പിച്ച് സന്യാസവ്രത വാഗ്ദാനത്തിന്റെ ജൂബിലിയാഘോഷിക്കുന്ന സന്യാസിനിമാർക്ക് ആശംസകൾ നേർന്നു.

24 രാവിലെ മുക്കം ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് പൗരോഹിത്യത്തിന്റെ ജൂബിലിയാഘോഷിക്കുന്നവർക്ക് ആശംസകൾ നേർന്നു.

ഉച്ചകഴിഞ്ഞ് തോട്ടുമുക്കം ദൈവാലയത്തിൽ നടന്ന കെ.സി.വൈ.എം.

സംസ്ഥാന കർമ്മപദ്ധതി പ്രകാശനവും പ്രവർത്തന വർഷ ഉദ്ഘാടനവും നിർവ്വഹിച്ചു.

വൈകുന്നേരം വേനപ്പാറ ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് പൗരോഹിത്യത്തിന്റെ രജതജൂബിലി ആഘോഷിക്കുന്ന എം.എസ്.എഫ്. എസ്. സന്യാസസമൂഹാംഗങ്ങളായ ബഹു. ജോൺസൺ കല്ലിടുക്കിൽ, ബഹു. എമ്മാനുവേൽ മാപ്പിളപ്പറമ്പിൽ എന്നീ അച്ചന്മാർക്ക് ആശംസകൾ നേർന്നു.

25 രാവിലെ വെറ്റിലപ്പാറ ഇടവക ദൈവാലയത്തിൽ പരേതനായ സ്വപിതാവിന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സിമിത്തേരിയിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

വൈകുന്നേരം താമരശ്ശേരി അൽഫോൻസ സ്കൂളിൽ നടന്ന വൈദിക കൂട്ടായ്മയിൽ പങ്കുചേർന്നു.

26 രാവിലെ ശാലോം ടി.വി.യ്ക്കുവേണ്ടി ഒരു പ്രോഗ്രാം ചെയ്തു.

വൈകുന്നേരം കോഴിക്കോട് സിറ്റി സെന്റ് ജോസഫ്സ് ദൈവാലയത്തിൽ നടന്ന ബൈബിൾ കൺവെൻഷനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

27 രാവിലെ അൽഫോൻസ മൈനർ സെമിനാരിയിൽ വി. കുർബാനയർപ്പിച്ചു.

താമരശ്ശേരി രൂപതാഭവനിൽ സീറോ മലബാർ മാതൃവേദിയുടെ വാർഷിക പൊതുയോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

28 രാവിലെ കൂരാച്ചുണ്ട് ഫൊറോന ദൈവാലയത്തിൽ ഒരു ഭവനത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നൽകി.

ചക്കിട്ടപാറ ഇടവകയിൽ ഇടവകാംഗങ്ങൾ നിർമ്മിച്ചു നൽകിയ രണ്ട് ഭവനങ്ങൾ വെഞ്ചരിച്ചു.

പേരാമ്പ്ര ഇടവകയിൽ ഫ്രാൻസിസ്ക്കൻ മൂന്നാം സഭയുടെ കൂട്ടായ്മയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

വൈകുന്നേരം ചാത്തമംഗലം സേക്രഡ് ഹാർട്ട് സന്യാസസമൂഹത്തിന്റെ ഭവനത്തിൽ വി. കുർബാനയർപ്പിച്ചു.



# POPE FRANCIS



## YOUR MISSION IN CHRIST

19. A Christian cannot think of his or her mission on earth without seeing it as a path of holiness, for “this is the will of God, your sanctification” (1 Thess 4:3). Each saint is a mission, planned by the Father to reflect and embody, at a specific moment in history, a certain aspect of the Gospel.

20. That mission has its fullest meaning in Christ, and can only be understood through him. At its core, holiness is experiencing, in union with Christ, the mysteries of his life. It consists in uniting ourselves to the Lord’s death and resurrection in a unique and personal way, constantly dying and rising anew with him. But it can also entail reproducing in our own lives various aspects of Jesus’ earthly life: his hidden life, his life in community, his closeness to the outcast, his poverty and other ways in which he showed his self-sacrificing love. The contemplation of these mysteries, as Saint Ignatius of Loyola pointed out, leads us to incarnate them in our choices and attitudes. Because “everything in Jesus’ life was a sign of his mystery” “Christ’s whole life is a revelation of the Father”, “Christ’s whole life is a mystery of redemption”, “Christ’s whole life is a mystery of recapitulation”. “Christ enables us to live in him all that he himself lived, and he lives it in us”.

21. The Father’s plan is Christ, and ourselves in him. In the end, it is Christ who loves in us, for “holiness is nothing other than charity lived to the full”. As a result, “the measure of our holiness stems from the stature that Christ achieves in us, to the extent that, by the power of the Holy Spirit, we model our whole life on his”. Every saint is a message which the Holy Spirit takes from the riches of Jesus Christ and gives to his people.

(From *Gaudete et Exsultate*)